Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 ജൂലൈ 25—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 കർക്കിടകം 10 | ലക്കം 47

## വിശുദ്ധ ഇഗ്നേഷ്യസ് ലയോളായുടെ

### ചരമചതുർത്ഥശതാബ്ദജൂബിലിവത്സരസമാപനം

റോമിലുള്ള ഈശോസഭവക മന്ദിരത്തിൽ നാലുനൂററാണ്ടുകളായി അതീവ പൂജ്യതയോടെ ചില സ്മാരകവസ്തുക്കൾ സൂക്ഷിച്ചുപോരുന്ന ഒരു ചെറിയ മുറിയുണ്ട്. പഴക്കത്ത ഒരു മരക്കട്ടിൽ, ഒരു ചെറിയ മേശ, ഒരു മരക്കസേര, ഒരു നീലയങ്കി, ഒരു മുക്കോൺ തൊപ്പി ഇത്രയുമാണ് അതിലുള്ള പൂജ്യവസ്തുക്കൾ. ഈ മുറിയിലത്രേ സുമാർ 400 വർഷങ്ങൾക്കുമുമ്പു—1556 ജൂലൈ 31 നു—ഈശോസഭാസ്ഥാപകനായ ഇഗ്നേഷ്യസ് ലയോള അദ്ദേഹത്തിന്റെ ജീവിതായോധനം സമാപിപ്പിച്ച നിത്യസമ്മാനത്തിനായി സ്വർഗ്ഗം ഗമിച്ചതു്. വിശുദ്ധന്റെ പാവനസ്മരണയാണ് പരിശുദ്ധമായ ഈ പൂജ്യവസ്തുക്കളെ ദർശിക്കുമ്പോൾ ഓരോ തീർത്ഥകനിലും രോമാഞ്ചമുണ്ടാക്കുന്നതു്. നാലുശതാബ്ദങ്ങൾക്കുമുമ്പു ഈ ചെറുമുറിയിൽനിന്നും നിർഗ്ഗമിച്ചുകൊണ്ടിരുന്ന, "ചെറുസമൂഹ"ത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഇന്നു 32000 ത്തിൽപ്പരം വരുന്ന ലോകമാസകലമുള്ള ഈശോസഭാംഗങ്ങൾക്കു ഉത്തേജനവും നേതൃത്വവും നൽകിക്കൊണ്ടിരിക്കുന്നതു്. ജൂബിലിവർഷസമാരംഭത്തിൽ—1955 ആഗസ്റ്റ് 1-ാംനു—പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് സഭാജനറാളായ ജോൺ ബാപ്റ്റിസ്റ്റ് ജാൻസെൻസ് അവർകളെ വൈയക്തികമായി അഭിവാദ്യം ചെയ്തയച്ചതായ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു്, "പൂർവ്വാപരി വർദ്ധിച്ചും വ്യതിയാനം സംഭവിച്ചുംകൊണ്ടിരിക്കുന്ന ആധുനികകാലത്തിന്റെ ആവശ്യങ്ങൾക്കു്, ആദ്ധ്യാത്മികമണ്ഡലത്തിൽ പ്രത്യേകിച്ചും തക്കതായ പ്രതിവിധിയാകത്തക്കവണ്ണം നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളേയും നിസ്തന്ദ്രമായ ഉത്സാഹത്തോടുകൂടി പുരോഗമിപ്പിക്കുക" എന്നാണ്. വിശുദ്ധ ഇഗ്നേഷ്യസ് തിരുസ്സഭാമണ്ഡലത്തിൽ ഒരു ജാജ്വല്യതാരവും സഭാസംരക്ഷണപ്രവർത്തനത്തിൽ ഒരുത്തമയോദ്ധാവുമായിരുന്നു. അദ്ദേഹത്തിന്റെ ആദർശവും സേവനവും "ഈശോസഭ"യിൽ നിരന്തരം കൈവളരുകയാണ്.

### ഈശോസഭ

1534 ലെ സ്വർഗ്ഗാരോപണതിരുനാൾ—ആഗസ്റ്റ് 15. പാരിസിൽ മോണ്ടുമാർട്രേ കുന്നിലുള്ള വിശുദ്ധ ഡെന്നീസിന്റെ കപ്പേളയിലേക്കു അതിരാവിലെ ഏഴു പേർ നടന്നുപോവുകയാണ്—ഇഗ്നേഷ്യസ് ലയോളായും ആറു കൂട്ടുകാരും. ഇഗ്നേഷ്യസച്ചൻ ദിവ്യബലി അർപ്പിച്ചു. എല്ലാവരും ഭക്തിപൂർവ്വം അതിൽ പങ്കുകൊണ്ടു; ദാരിദ്ര്യത്തിന്റേയും ബ്രഹ്മചര്യത്തിന്റേയും വാഗ്ദാനങ്ങൾ എല്ലാവരും നിർവ്വഹിച്ചു. തുടർന്നു ജറുസലേമിലുള്ള വിശുദ്ധ സ്ഥലങ്ങളെ സന്ദർശിക്കണമെന്നും അനന്തരം തിരുസഭയ്ക്കുവേണ്ടിയുള്ള അപ്പസ്തോലികവേലകളിൽ വ്യാപൃതരാകണമെന്നും അവർ നിശ്ചയിച്ചു. അവരിൽ ഇഗ്നേഷ്യസച്ചനു 43 വയസ്സു്; മററുള്ളവർക്കു 18 മുതൽ 28 വരേയും. ഇതായിരുന്നു വിശാലവിഖ്യാതമായ ഈശോസഭാതരുവിന്റെ ബീജാങ്കുരം. വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനുള്ള അവരുടെ നിശ്ചയം നിറവേററുവാൻ അവർക്കു സാധിച്ചില്ല. ദൈവഹിതം അതല്ലായിരുന്നു. പകരം അവർ നിത്യനഗരത്തിലേക്കു തീർത്ഥാടനം നടത്തുകയും അവരുടെ സേവനങ്ങളെ പരിശുദ്ധ പിതാവിനർപ്പിക്കുകയുംചെയ്തു. മാർപ്പാപ്പാ ഈ സംരംഭത്തെ പ്രോത്സാഹിപ്പിക്കുകയും "ഈശോയുടെ സമൂഹ"മെന്നു സ്വയം സംബോധനചെയ്തിരുന്ന അവർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. 1540 ലാണ് ഈ സമൂഹത്തിന്റെ നിയമാവലി മുറപ്രകാരം അംഗീകരിക്കപ്പെട്ടതു്. വിശുദ്ധ ഇഗ്നേഷ്യസിന്റെ ആദർശങ്ങളെ അതു നിലനിർത്തുന്നു. അതപ്പുറമുള്ള സഭയുടെ വളർച്ച അത്ഭുതാവഹമായിരുന്നു. 1556-ൽ വിശുദ്ധ ഇഗ്നേഷ്യസ് മരണംപ്രാപിക്കുന്നതിനു മുമ്പുതന്നെ സഭയ്ക്കു നൂറിൽപ്പരം ശാഖകളും ആയിരത്തോളം അംഗങ്ങളുമുണ്ടായിക്കഴിഞ്ഞിരുന്നു. മാൻറേസായിലെ "ധ്യാനമുറ"കളിൽ മുളയെടുത്ത "ആദ്ധ്യാത്മികപരിശീലന"വൃക്ഷം ഈശോസഭവഴി ഇന്നു ലോകത്തിനു അനുഗ്രഹപ്രദമായ ശീതളച്ഛായയെ വിരിച്ചുകൊണ്ടു വിരാജിക്കുന്നു. ഈശോസഭയ്ക്കു ഇന്നു ലോകത്താകെ 1955 ലെ കണക്കനുസരിച്ചു് 16,219 വൈദികരും, 10,695 വൈദികവിദ്യാർത്ഥികളും, 5,597 സഹോദരന്മാരുമുണ്ടു്. ഇന്ത്യയിൽതന്നെ 9 മെത്രാന്മാരും, 1,014 വൈദികവിദ്യാർത്ഥികളും, 704 സഹോദരന്മാരുമാണുള്ളതു്. ഇവരിൽ 994 പേർ ഇന്ത്യാക്കാരാണെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.



(തിരുനാൾ—ജൂലൈ 31)

### സ്ഥാപകൻ

ഈശോസഭാസ്ഥാപകനായ വിശുദ്ധ ഇഗ്നേഷ്യസിന്റെ ജീവിതചരിത്രം അത്യത്ഭുതാവഹമായ ഒന്നാണ്. സാവൂളിനെപ്പോലെ ഒരു "തിരഞ്ഞെടുക്കപ്പെട്ട പാത്ര"മായിരുന്നു അദ്ദേഹം. സ്പെയിനിലെ ഒരു കുലീനകുടുംബാംഗം; ധീരമനസ്കനായ ഒരു യുവാവു്; സ്ഥാനമാനങ്ങൾക്കുവേണ്ടി വീരകൃത്യങ്ങളിൽ ഏർപ്പെടുന്നതിനു സന്നദ്ധൻ; ഔന്നത്യത്തിലേക്കുയരണമെന്നുള്ള പ്രത്യാശയാൽ ബദ്ധൻ. യുദ്ധക്കളത്തിൽവച്ചദ്ദേഹം വെടിയുണ്ടയേററു നിലംപതിച്ചുപോയി. ഇടയിലേററ മുറിവു പൊറുക്കുന്നതിനു കാലം കുറെ വേണ്ടിവന്നു. സമയം പോക്കുന്നതിനു മാർഗ്ഗംകാണാതെ ആ അസ്വസ്ഥമനസ്കൻ പുസ്തകപാരായണത്തിലേർപ്പെടുവാൻ നിർബന്ധിതനായി. വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളാണ് അദ്ദേഹത്തിനു കരഗതമായ ഗ്രന്ഥങ്ങൾ. വിരസതയോടെയെങ്കിലും അവ വായിക്കുവാൻതുടങ്ങി. ദൈവാനുഗ്രഹം ആ യുവഹൃദയത്തിൽ പ്രവർത്തിച്ചു. ഒരു നവ്യോദയം അദ്ദേഹത്തിന്റെ ബോധത്തിലുണ്ടായി. വിശുദ്ധന്മാർ ആദ്ധ്യാത്മികമണ്ഡലത്തിൽ സാധിച്ച മഹൽകൃത്യങ്ങൾ അദ്ദേഹത്തിന്റെ അവബോധത്തെ തട്ടിയുണർത്തി. അനശ്വരമായ നിത്യവിജയമകുടം ആർജ്ജിച്ച അവരെ തനിക്കും എന്തുകൊണ്ടു് അനുഗമിച്ചുകൂടാ? ലോകത്തിന്റെ ക്ഷണഭംഗുരങ്ങളായ വിജയപ്രശസ്തിക്കുവേണ്ടി അഹോരാത്രം അത്യന്തം ക്ലേശിക്കുന്ന മനുഷ്യൻ അനശ്വരമായ, അവാച്യമായ സ്വർഗ്ഗസമ്പാദനത്തിനുവേണ്ടി പ്രവർത്തിക്കരുതോ? അതായിരുന്നു ഇഗ്നേഷ്യസിന്റെ യുവഹൃദയത്തിലുണ്ടായ പരിവർത്തനം. പിതൃഭവനം ത്യജിച്ചു് ഭിക്ഷാംദേഹിയായി അദ്ദേഹം പുറത്തിറങ്ങി. തീർത്ഥസ്ഥലങ്ങൾ സന്ദർശിച്ചു് സന്യാസമുറകളിൽ പരിശീലിച്ചു. തപസ്സും പ്രായശ്ചിത്തവും അദ്ദേഹത്തിനു സ്വാരസ്യങ്ങളായി. ഹൃദയഹാരിയായ ധ്യാനനിമിഷങ്ങളിൽ ദൈവം അദ്ദേഹത്തോടു സംസാരിച്ചു. ജീവിതത്തിൽ സുനിശ്ചിതമായ ചില പ്ലാനുകൾ ഉദയംചെയ്തു. പാരിസ് സർവ്വകലാശാലയിൽ കുട്ടികളോടൊപ്പം അദ്ദേഹം പഠനം തുടരുകയും തന്റെ സഹപാഠികളിൽ ചിലരെ തന്റെ പ്ലാനുകൾക്കനുസരിച്ചു പ്രവർത്തിക്കുന്നതിനു അവയിലേക്കാകർഷിക്കുകയുംചെയ്തു. അവരിലും ദൈവസ്നേഹത്തിന്റെ സ്ഫുലിംഗങ്ങൾ നാമ്പെടുക്കുന്നതിനു തുടങ്ങി. ഇവരിൽ 6 പേരുമായിട്ടാണ് മോൺമാട്രേയിലെ കപ്പേളയിൽവച്ചു ഈശോസഭയ്ക്കു 1534 ലെ സുപ്രഭാതത്തിൽ, മറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെ ശുഭമുഹൂർത്തത്തിൽ, അദ്ദേഹം ബീജാവാപകർമ്മം നിർവ്വഹിച്ചതു്. അതു

(ശേഷം 3-ാംപേജിൽ)

ആത്മകഥാകഥനം

# നിങ്ങൾ അതറിഞ്ഞിരുന്നെങ്കിൽ!

(എസ്സ്. കുന്നന്താനം)

ഇന്നെന്നപോലെ ഞാൻ ഓർക്കുന്നു അന്ധകാരം നിറഞ്ഞ ആ രാത്രിയും സ്മൃതിമധുരമായ ആ സുപ്രഭാതവും. നിദ്ര അന്നു് എന്നെ സമീപിച്ചതേയില്ല. അടുത്ത പ്രഭാതത്തിൽ ഞാൻ ചെയ്യുവാനിരുന്ന കൃത്യത്തിനു് അതു അനുകൂലമായിരുന്നു. അല്പംപോലും ഉറങ്ങാതെ അതിനെക്കുറിച്ചു ചിന്തിച്ചുകൊള്ളണമെന്നു ദൈവം ആഗ്രഹിച്ചിരിക്കണം. രാവിലെ ആറുമണിയോടുകൂടി വി. തിവറുദീസിന്റെ നാമത്തിലുള്ളതും സമീപസ്ഥിതവുമായ കത്തോലിക്കാദേവാലയത്തിൽ ഞാൻ ചെന്നുചേർന്നു. ആത്മാക്കളുടെ രക്ഷയ്ക്കുമാത്രം തന്റെ ജീവിതത്തെ മാററിവച്ചിരിക്കുന്ന ഒരു വന്ദ്യവൈദികൻ എന്നെ കാത്തു് അവിടെ നില്ക്കുന്നുണ്ടായിരുന്നു. ഞാൻ സന്തോഷചിത്തനായി അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തി. എന്റെ ആഗ്രഹം സാധിച്ചു. എനിക്കു ഹൃദയസമാധാനം കൈവന്നു. അതു് എപ്രകാരമാണു സാധിച്ചതെന്നു കേൾക്കുവാൻ വായനക്കാർക്കു് ആഗ്രഹമുണ്ടെങ്കിൽ ഇതാ കേട്ടുകൊള്ളൂ.

ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ, സഹപാഠികളായ കത്തോലിക്കാവിദ്യാർത്ഥികൾ അടുത്തുള്ള ദൈവാലയത്തിൽ കയറി പ്രാർത്ഥിച്ചിരുന്നു. ചില സന്ദർഭങ്ങളിൽ എന്നേയും അവർ ക്ഷണിച്ചു ശല്യം ഒഴിയുവാൻവേണ്ടി ചിലപ്പോൾ പോയിട്ടുമുണ്ടു്. കൂദാശസ്ഥിതവിധം കർത്താവു് അവിടെ സന്നിധിചെയ്യുന്ന വിവരം അവർ എന്നെ ഗ്രഹിപ്പിച്ചു. മനുഷ്യരോടുകൂടി എന്നും ഇരിക്കുന്നതിനായി സക്രാരികളിൽ ജയിൽവാസമനുഭവിക്കുന്ന ദിവ്യകാരുണ്യനാഥനോടു ഭക്തിയും സ്നേഹവും എന്നിൽ അങ്കുരിച്ചതിനും പുറമെ ആ ഭക്തകൃത്യം സന്തോഷപ്രദവുമായിട്ടാണു പിന്നീടു് എനിക്കനുഭവപ്പെട്ടതു്. സ്കൂൾജീവിതമവസാനിച്ചതോടെ വി. കുർബാനസന്ദർശനത്തിനു വിരാമമിടുവാൻ ഞാൻ നിർബന്ധിതനായി. എനിക്കു ഏതോ ഒരു സ്വാതന്ത്ര്യം. ഇടക്കിടെ പന്ത്രണ്ടു യാക്കോബായപള്ളികളിൽ പോയാലും പഴയതുപോലെ ഒരനുഭവം എനിക്കുണ്ടാകയില്ലെന്നു ഞാൻ കണ്ടറിഞ്ഞു. ഇന്ന പ്രായം മുതൽ കുമ്പസാരിക്കണമെന്നോ വി. കുർബാന സ്വീകരിക്കണമെന്നോ യാക്കോബായസഭയിൽ നിബന്ധനകൾ ഒന്നുമില്ലാത്തതിനാൽ അന്നുവരെ ഞാൻ കുമ്പസാരം നടത്തുകയോ വി. കുർബാന സ്വീകരിക്കുകയോ ചെയ്തിരുന്നില്ല.

യാക്കോബായക്കാരനായിരിക്കെ, ഒരു കത്തോലിക്കാപ്പള്ളിയിലെ പെരുന്നാളിനോടനുബന്ധിച്ചു നടത്തിയ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ ഞാനും പങ്കെടുക്കുവാൻ സംഗതിയായി. അല്പം പുതുമ അനുഭവപ്പെട്ടെങ്കിലും എന്തു പരമാനന്ദത്തോടെയാണു് അതിൽ പങ്കെടുത്തതെന്നോ? പതിനാലുവർഷം യാക്കോബായസഭയിൽ ജീവിച്ചിട്ടും അവരുടെ അനേകം ഭക്തകൃത്യങ്ങളിൽ ഭാഗഭാക്കായിട്ടും ഇത്രയേറെ സന്തുഷ്ടി അനുഭവപ്പെട്ടിട്ടില്ലായിരുന്നു. അവിടെയുമുണ്ടു് കുർബാന. വി. കുർബാനയിൽ കർത്താവിന്റെ യഥാർത്ഥസാന്നിദ്ധ്യമുണ്ടെന്നു കത്തോലിക്കരെപ്പോലെ വിശ്വസിക്കുന്നുണ്ടെങ്കിലും അതനുസരിച്ചുള്ള പ്രവൃത്തി യാക്കോബായക്കാരുടെ ഇടയിലില്ലെന്നു അന്നാണു ഞാൻ മനസ്സിലാക്കിയതു്. [illegible]ന്റെ തിരുശരീരം ആരാധനയ്ക്കായി സൂക്ഷിക്കുന്ന പതിവുള്ള കത്തോലിക്കാസഭയുടെ മഹിമ അന്നു ഞാൻ അടുത്തറിഞ്ഞു. ഏതെങ്കിലും യാക്കോബായപള്ളിയിൽ വിശ്വാസികളുടെ ആരാധനയ്ക്കായി വി. കുർബാന സൂക്ഷിക്കുന്നതായി എനിക്കറിവില്ലായിരുന്നു. വലിയനോമ്പിന്റെ അവസരത്തിൽ വി. കുർബാന സൂക്ഷിച്ചുവയ്ക്കുന്ന ഒരു യാക്കോബായപള്ളി ഇന്നു് എനിക്കറിയാം. പക്ഷെ അതു് ആരാധനയ്ക്കായിട്ടല്ല, പാരമ്പര്യത്തെ നിലനിർത്തുവാൻവേണ്ടി മാത്രം.

അന്നത്തെ സ്ഥിതിയിൽ, ആ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ ഭക്തിനിർഭരവും ഭക്തിജനകവുമായ ആ പ്രദക്ഷിണത്തിൽ ഞാൻ സസന്തോഷം സസൂക്ഷ്മം സംബന്ധിച്ചതിൽ അത്ഭുതപ്പെടുവാനെന്തുണ്ടു്! അവിടെ ഞാൻ എങ്ങനെ കയറിപ്പററിയെന്നോ? അതു ആകസ്മികമായിമാത്രം. കത്തോലിക്കനായ ഒരു പിതൃവ്യപുത്രൻ എന്നെ പെരുന്നാളിനു ക്ഷണിച്ചു. ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തിന്റെ കൈവലയത്തിനുള്ളിൽ ഞാൻ അകപ്പെട്ടു. തികഞ്ഞ യാക്കോബായവിശ്വാസിയായ പിതാവിന്റെ പരോക്ഷമായ സമ്മതത്തോടുകൂടി അമ്മയും ഞാനും പെരുന്നാളിനു പോയി. "റോമ്മാക്കാരുടെ" കുർബാനയിൽ സംബന്ധിക്കുവാൻ ഞങ്ങൾക്കു ധൈര്യമുണ്ടായിരുന്നില്ല. ഉച്ചകഴിഞ്ഞു് അവിടെ നടന്ന വി. കുർബാനയുടെ പ്രദക്ഷിണത്തിൽ പങ്കുകൊള്ളുവാൻ ഞങ്ങൾ തീരുമാനിച്ചു. പ്രത്യേക താല്പര്യത്തോടെ അതിൽ സംബന്ധിച്ചു. സത്യത്തുറമുഖത്തു് എന്നെ എത്തിക്കുവാൻ ആ ദിവ്യകാരുണ്യപ്രദക്ഷിണം ഒരു നല്ല പങ്കു വഹിച്ചിട്ടുണ്ടെന്നു പറയാതെ തരമില്ല. അതിനോടൊത്തുതന്നെ പ. കുർബാനയുടെ വാഴ്വും നടന്നു. എനിക്കു അതും പുതുമയായിരുന്നു. ഒരു വൈദികന്റെയോ മെത്രാന്റെയോ ആശീർവാദത്തിനു വലിയ വിലകല്പിക്കുന്ന സ്ഥിതിക്കു് തന്റെ തിരുശരീരംകൊണ്ടു നമ്മുടെ കർത്താവു നമ്മെ ആശീർവദിക്കുന്നതിനെ എത്രയധികമായി നാം വിലമതിക്കണം!

പിന്നീടു് അവിടെ നടന്നതു് "നേർച്ചവിളമ്പാ"യിരുന്നു. അതായതു് ആ ഇടവകക്കാർ കൊണ്ടുവന്നിട്ടുള്ള നേർച്ചയപ്പവും മററും വിതരണം ചെയ്യുന്ന പതിവു് അവിടെയുണ്ടായിരുന്നു. അതിന്റെ ഓഹരി നിർബന്ധ്യവശാൽ എനിക്കും അമ്മയ്ക്കും കിട്ടി. പെരുന്നാൾ കഴിഞ്ഞു വീട്ടിൽ വന്നു. അപ്പോഴാണു സംഗതിയുടെ ഗൗരവം ഞാൻ മനസ്സിലാക്കിയതു്. "റീത്തുകാരുടെ പള്ളിയിൽ പോയതു എങ്ങനെയുമാകട്ടെ, അവരെ തൊട്ടുതിന്ന"തായ ഒരു കേസ്സാണു് എന്റെയും നിരപരാധിയായ മാതാവിന്റെയും മേൽ ആരോപിച്ചതു്. ഞങ്ങൾ വീട്ടിൽ പ്രവേശിച്ചതേ "തീണ്ടലാ"യിപ്പോയി. "പിഴച്ചാൽ പ്രായശ്ചിത്തം" എന്നാണല്ലോ. അതിനാൽ നഷ്ടപ്പെട്ട അംഗത്വം ഒരു ശുദ്ധികർമ്മത്തിനുശേഷം വീണ്ടും ഞങ്ങൾക്കു ലഭിച്ചു.

അന്നുമുതൽ ഞാൻ ചിന്തിക്കുവാൻ തുടങ്ങി അക്രൈസ്തവരോടൊപ്പംതന്നെ "ആഭിജാത്യമില്ലാത്ത റോമ്മാക്കാരുടെ" ദയനീയസ്ഥിതിയെപ്പററി. ഇതര ക്രൈസ്തവവിഭാഗങ്ങളും അക്രൈസ്തവവിഭാഗങ്ങളും എത്രാണ്ടൊരു ഹീനവർഗ്ഗമായി, പന്തിഭോജനംപോലും അനുവദനീയമല്ലാത്ത വിധത്തിൽ ഇവരെ പുറംതള്ളിയിരിക്കുകയാണുപോലും. അന്നു എനിക്കവരോടു സഹതാപം തോന്നിയിരുന്നു. എന്തൊരു മിഥ്യാബോധം!

കാലചക്രം പിന്നെയും കുറെ കറങ്ങി. ഒരു ദിവസം യാദൃശ്ചികമായി 'റീത്തിലെ അച്ചനെ' കണ്ടുമുട്ടി. കുശലപ്രശ്നങ്ങൾക്കിടയിൽ കഴിഞ്ഞ പെരുന്നാൾദിവസം വി. കുർബാനയുടെ പ്രദക്ഷിണത്തിൽ സംബന്ധിച്ചിരുന്നതായും അതിൽ അതിവസന്തുഷ്ടനായിരുന്നെന്നും ഞാൻ സൂചിപ്പിച്ചു. അപ്പോൾ അദ്ദേഹം വി. കുർബാനയെ അധികരിച്ചു കുറെ സംസാരിച്ചു. "കത്തോലിക്കാസഭയുടേയും അവളുടെ ആചാര്യത്വത്തിന്റെയും ജീവൻ വി. കുർബാനയാണു്." ഇപ്പോഴും എന്റെ ചെവിയിൽ മുഴങ്ങുന്നു അദ്ദേഹത്തിന്റെ ഈ വാക്കുകൾ. അച്ചൻ പള്ളിമുറിയിലേക്കു വിളിച്ചുകൊണ്ടുപോയി ചില ലഘുപത്രികകളും തന്നു എന്നെ യാത്രയാക്കി.

അനുദിനദിവ്യകാരുണ്യസ്വീകരണത്തിനു സന്നദ്ധത പ്രദർശിപ്പിക്കുന്നവർ ശ്രദ്ധിക്കേണ്ടതും അതിനു ബാധകമല്ലാത്തതുമായ സംഗതികളെപ്പററി പരാമർശിക്കുന്ന ഒരു ലഘുപത്രിക ഞാൻ പലവുരു വായിച്ചു. അനുദിനദിവ്യകാരുണ്യസ്വീകരണത്തിനു അയോഗ്യനാണെന്ന ബോധം എനിക്കുണ്ടായിരുന്നെങ്കിലും മനസ്സിൽ ഒരിക്കലെങ്കിലും ഈ കൂദാശ സ്വീകരിക്കണമെന്നു അന്നു ഞാൻ നിശ്ചയിച്ചു.

മറെറാരു ലഘുപത്രികയിൽ കണ്ട ഭാഗം എന്നെ ചിന്താകുലനാക്കി. അതായതു കൂനൻകുരിശുസത്യത്തിന്റെ വാചകം. അതു ഇങ്ങനെ വായിച്ചു: "ഞങ്ങളുടെ സന്തതിയുള്ളിടത്തോളം കാലം പറങ്കി (പോർട്ടുഗീസ്) മെത്രാന്മാർക്കു കീഴ് വഴങ്ങുന്നതല്ലെന്നും കൊച്ചിരാജാവിനെ (തല) മുണ്ടെടുത്തു തൊഴുകയില്ലെന്നും." എന്നാൽ ഞാൻ മനസ്സിലാക്കിയതും ചില യാക്കോബായ ചരിത്രകാരന്മാർ എഴുതിയിരിക്കുന്നതും ഈ വിധമല്ലായിരുന്നു. മറിച്ചു റോമ്മാസഭയ്ക്കു് എതിരായിട്ടാണു്, കേരളീയർക്കു് അപരിചിതമായിരുന്ന റോമ്മാവിശ്വാസം കെട്ടിവച്ച റോമ്മാക്കാർക്കു് എതിരായിട്ടാണു്, കൂനൻകുരിശുസത്യമെന്നും മററുമായിരുന്നു. പരസ്പരവിരുദ്ധമായ ഈ പ്രസ്താവനയുടെ സത്യാവസ്ഥ ഗ്രഹിക്കുവാൻ കത്തോലിക്കരുടേയും അകത്തോലിക്കരുടേയും പല പുസ്തകങ്ങളും ഞാൻ വായിച്ചു; പലരേയും സമീപിച്ചു എല്ലാററിനേക്കാൾ എനിക്കുറപ്പായതു് യാക്കോബായക്കാരനായിരിക്കുന്ന എന്റെ പ്രിയ പിതാവിന്റെ വാക്കുകളാണു്. അദ്ദേഹം പറയുന്നു: "സന്തതിയുള്ളോരുകാലം പറങ്കിമെത്രാന്റെ കീഴ് വഴങ്ങില്ലെന്നും കൊച്ചിത്തമ്പുരാനെ മുണ്ടെടുത്തു തൊഴുകയില്ലെന്നുമായിരുന്നു ആ സത്യവാചകം" എന്നു്. സത്യത്തെ വ്യഭിചരിപ്പിക്കുവാനുള്ള അകത്തോലിക്കാ ചരിത്രകാരന്മാരുടെ ശ്രമവും സത്യത്തെ പ്രചരിപ്പിക്കുവാനുള്ള കത്തോലിക്കാചരിത്രകാരന്മാരുടെ ശ്രമവും എനിക്കു് ഏതാണ്ടു ബോദ്ധ്യപ്പെട്ടുതുടങ്ങി.

പിന്നെയും ചില തെററിദ്ധാരണകളും ചില സംശയങ്ങളും എന്നിൽ ശേഷിച്ചിരുന്നു. എന്നെപ്പററി ശുഭപ്രതീക്ഷയോടെയിരുന്ന— ഇന്നുമിരിക്കുന്ന— ആ കത്തോലിക്കാവൈദികോത്തംസം അതിനെല്ലാം നിവാരണമുണ്ടാക്കിതന്നു. ഓരോ വാക്കിൽ ഒന്നു രണ്ടു മാസത്തിനകം കത്തോലിക്കാസഭയിലേക്കു് അദ്ദേഹം എന്നെ സ്വീകരിച്ചു. അന്നുമുതൽ ഞാൻ അനുഭവിക്കുന്ന ഹൃദയസമാധാനം എത്രയെന്നു് അകത്തോലിക്കാസഹോദരങ്ങളേ, നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ!

ജെ.പി.പഴേട്ട് ജുവലർ
ഭരണങ്ങാനം

ടി. എസ്സ്. ശങ്കരൻ, കച്ചവടം
പട്ടണം, വടക്കേക്കര. പറവൂർ, P. O.
30-5-1956

പ്രിയപ്പെട്ട കേശവൻ വൈദ്യർക്കു്,

വളരെ നാളായിട്ടു് കഴിനഖം കുത്തൽ മാറാത്ത രോഗമായി എന്നെ ബാധിച്ചിരിക്കുകയായിരുന്നു. ഇതിനു് ഞാൻ പല മരുന്നുകളും ചെയ്തുനോക്കി. ഫലം ഒന്നും ഉണ്ടായില്ല. ഏതാണ്ടു് ആറുമാസക്കാലത്തിനുമുമ്പു് മുതൽ ഞാൻ

ചന്ദ്രിക സോപ്പ് ഉപയോഗിക്കാൻ തുടങ്ങി.

അതിന്റെ ഫലമായി എന്റെ ഈ രോഗം നിശ്ശേഷം മാറിയവിവരം നിങ്ങളേയും പ്രത്യേകിച്ചു് നാട്ടുകാരേയും അറിയിച്ചുകൊള്ളുന്നു.

എന്നു്, ടി. എസ്സ്. ശങ്കരൻ (ഒപ്പ്)

(Genuine S V Products Irinjalakuda)

വിനോദവേദി




"നാട്ടുംപുറത്തു് നമുക്കു് പബ്ലിക്കാശുപത്രി ഈ ജന്മത്തുണ്ടാവില്ല. നിങ്ങളെല്ലാം ഇപ്പോൾ നമ്മുടെ പ്രൈവററു് ആശുപത്രിക്കു വന്നോളിൻ കൂട്ടരെ!"

x x x

പെൺസിംഹം ഉറക്കമുണർന്നു നോക്കിയപ്പോൾ അതിന്റെ കുഞ്ഞുങ്ങൾ ഒരാട്ടിൻകുട്ടിയെ പിടിക്കുവാൻ ഒരു മരത്തിനു ചുററും ഓടിച്ചിട്ടുകയാണു്. വളരെ നേരമായി അതിനെ പിടിക്കുവാൻ അവ പണിപ്പെട്ടു ശ്രമിക്കുന്നു.

തള്ള:- "ഹേ, കുഞ്ഞുങ്ങളേ, ഈ തരം ജന്തുക്കളോടുകൂടി കളിക്കുന്നതു നന്നല്ല. അവയ്ക്കു നമ്മോടുള്ള ഭയം പോകും. വേഗം തട്ടിക്കൊന്നു തിന്നുക."

x x x

കേടുവന്ന വിമാനത്തിൽനിന്നും പയലററു് പാരച്യൂട്ടുവഴി ചാടിയിറങ്ങുകയാണു്. കടന്നുപോകുമ്പോൾ വിമാനത്തിനകത്തിരുന്ന ആളോടു്:- "ഹേ, മിസ്റ്റർ, നിങ്ങൾ പോരുന്നോ? പാരച്യൂട്ടുകൂടെ ചാടിക്കോ."

യാത്രക്കാരൻ:- "ഹേയ്", ഞാനില്ല. എനിക്കിവിടെ സുഖമായിരിക്കരുതോ?"

പയലററ്:- "ഞാനീ വിമാനത്തിന്റെ പയലററാണു്. എഞ്ചിൻ തകരാറായതുകൊണ്ടു രക്ഷപെടാൻ നോക്കുകയാണു്."

x x x

ഒരു യാത്രക്കാരൻ:- (കൂടിരുന്ന കൂട്ടുകാരനോടു്) കൂട്ടുകാരാ, നമുക്കു വഴി പിശകിയിട്ടുണ്ടു്. നാമൊരു ശ്മശാനത്തിലാണു നടക്കുന്നതെന്നു തോന്നുന്നു, ഒരു സ്മാരകസ്തംഭത്തിലെന്റെ കാലുതട്ടി.

കൂട്ടുകാരൻ:- (തീപ്പെട്ടിക്കോലുരച്ചു) ഹോ, ഇതൊരു പടുകിഴവന്റേതാണു്. 175 വയസ്സു എന്നെഴുതിയിരിക്കുന്നു! (വീണ്ടും കോലുരച്ചുനോക്കി) ഹോ, തെററിപ്പോയി, 175 മൈലെന്നാണു്. നാം വഴിയിൽതന്നെ!

മലബന്ധവും മററു രോഗങ്ങളും.

രണ്ടും മൂന്നും ദിവസംവീതം കുടമ്പോഴായും, അല്പമായും, വളരെ താമസത്തോടുകൂടിയും, വളരെ വരണ്ടും മലം പോകുന്നതുകാരണം ഉദരത്തിങ്കലുള്ള വായുവിന്റെ കീഴ്പോട്ടുള്ള ഗതി കുറയുകയും (വായുസ്തംഭനം-ഗ്യാസ്‌ട്രബിൾ-അന്ദവപ്പെടുകയും), തദ്വാര ദേഹത്തിലെ ഉഷ്ണാംശം (പിത്തം) ക്രമംവിട്ടു് വർദ്ധിക്കുകയും, കഫവും രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളും ഉരുകുകയും ദുഷിക്കുകയും വരണ്ടുപോവുകയും ചെയ്യുന്നു. മലത്തിന്റേയും വായുവിന്റേയും തടസ്സംമൂലം ഇങ്ങനെ ഉരുകിയും ദുഷിച്ചും സ്വ സ്ഥാനങ്ങളിൽനിന്നിളകി ഉദരത്തിങ്കലേക്കു് ചെന്നുകൊണ്ടിരിക്കുന്ന കഫത്തിന്റേയും ധാതുക്കളുടേയും അംശങ്ങൾക്കു് മലത്തോടുകൂടി യഥാസമയം പുറത്തുപോകുവാൻ സാധിക്കാതെ വരിക നിമിത്തം ആ ദുർനീരുകൾ കുടലുകൾക്കുള്ളിൽ തന്നെ പററിച്ചേർന്നു്നിന്നുകൊണ്ടു് തടിപ്പുകളായും കുരുക്കളായും (അർശസ്സ്-മൂലക്കുരു) രൂപാന്തരപ്പെടുന്നു. ഇതുമുതൽ മലം നാടപോലെ കനംകുറഞ്ഞു് പോവുക, രക്തംകലർന്നു് പോവുക മുതലായ ലക്ഷണങ്ങളോടുകൂടി മലബന്ധവും, വായുസ്തംഭനവും, ചൂടും പുണ്ണാധികം വർദ്ധിക്കുകയും ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, നീരിറക്കം, പനി, ക്ഷയം, ഏങ്ങൽ, നെഞ്ചുവേദന, വയറുവേദന, അസ്ഥിസ്രാവം, പ്രമേഹം, രക്തദൂഷ്യം മുതലായ നാനാവിധ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു.

നീർവീഴ്ച, ചുമ മുതലായ രോഗങ്ങളുടെ ഉത്ഭവം ഇപ്രകാരമാണെന്നുള്ള വസ്തുത മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണു് ഔഷധങ്ങൾ പലതും മാറിമാറി ഉപയോഗിച്ചുകൊണ്ടിരുന്നിട്ടും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നുകരകയറുവാൻ സാധിക്കാതെ പലരും തങ്ങളുടെ ആയുഷ്കാലം മുഴുവനും നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതു്

മലബന്ധവും കാളൻസ് ദ്രാക്ഷാഘൃതവും

മലബന്ധവും മററു രോഗങ്ങളും തമ്മിലുള്ള ബന്ധം മേൽവിവരിച്ചപ്രകാരമാണെന്നുള്ളതിന്റെ ഉദ്ഭവസ്ഥാനമാണു് മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങളേയും, വാതത്തേയും, പിത്തത്തേയും ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളേയും (ഓജസ്സിനേയും), ജഠരാഗ്നിയേയും വർദ്ധിപ്പിക്കുന്നതിനും, രക്തത്തെ ശുദ്ധീകരിക്കുന്നതിനും, തടസ്സപ്പെട്ടു് നില്ക്കുന്ന വായു, മലം, മൂത്രം ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഒരു ഔഷധമാകുന്ന ദ്രാക്ഷാഘൃതം ഉപയോഗിക്കുമ്പോൾ മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങൾക്കും, ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, പനി, ക്ഷയം മുതലായ നാനാവിധ രോഗങ്ങൾക്കും ശമനം സിദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നതു്. ഈ ഔഷധം പ്രത്യേക പത്ഥ്യം കൂടാതെ ഉപയോഗിക്കാവുന്നതാണെങ്കിലും കൂടുതൽ ഫലസിദ്ധിക്കുവേണ്ടി പയറു്, കടല, മോതു്, മുളകു് മുതലായ രൂക്ഷദ്രവ്യങ്ങളെ സാധിക്കുന്നേടത്തോളം ഉപേക്ഷിക്കുന്നതു് വളരെ ഉത്തമമാണു്.

ദ്രാക്ഷാഘൃതം 5/8 (അരോമാക്കാൽ) റാ കുപ്പി 1ക്കു് 4-0-0

ടി.ക. മുൻകൂർ അയക്കുന്നവർക്കു് റജിസ്റ്റർഡ് പാർസലായി (പോസ്റ്റൽമാർഗ്ഗം) അയച്ചുകൊടുക്കുന്നതാണു്

N. B. ഈ ഔഷധം കണ്ണൂർ, തലശ്ശേരി, കോഴിക്കോട്ടു്, പാലക്കാട്ടു്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻസ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

കാളൻ, നെല്ലായി.

Book Review

## Saint of The Displaced

St. JOSEPH PIGNATELLI
by Robert Nash S. J.

(Messrs M. H. Gill & Son Ltd. 50 Upper O'Connell Street, Dublin. Pages 43—Price 2s. 6d.)

Fr. Robert Nash S. J. is a prolific writer who is well-known through his different meditational works such as "Priest at His Prie-Dieu", "Nun at Her Prie-Dieu", "Seminarian at His Prie-dieu", "Every man at His Prie-Dieu" etc. His other works such as "This is Christianity", "We Catholics", "Send forth the Light" etc. rank high among literary and religious books. "Saint of the Displaced" is his historical work in which the marvellous life of Fr. Joseph Pignatelli is beautifully depicted against its dark back-ground of the suppression of the Society of Jesus, of which he was only a young member at the time.

On 20th March 1767 Charles III King of Spain signed the order of expulsion of all the Jesuits from his teritories. On 21st July 1773 Pope Clement XIV issued his Brief of suppression of the Society. Fr. Joseph, feeble and ailing in body, had to guide the destinies of the whole Society all through the long years of suffering and persecution, until his death on 14th November 1811, at an advanced age of 74. His life-long labours were crowned with final success when in 1814 Pope Pius VII officially proclaimed the restoration of the Society. Even though he could not participate in that joyful event here on earth, he was rewarded for his endless sufferings and incessant prayers and sacrifices in regard to the restoration of his beloved Society. In 1954 Pope Pius XII raised him to the Altar for the public veneration of all the faithful—St. Joseph Pignatelli. Fr. Robert Nash in his own attractive and instructive style narrates the whole story in his little book of rare merit.

## Visits To Jesus & Visits To Mary

By Rev. W. Raemers C. SS. R.

(Messrs M. H. Gill & Son Ltd. Dublin-Visit to Jesus 1s. 3d.; Visit to Mary 1 s. 3 d.; or both the books bound together 3 s. 6 d.)

This is a nice, handy booklet of prayer intended and orderly arranged for every day visit to Jesus in the Most Holy Sacrament and to Mary our heavenly Mother. Each day a topic for pious recollection is first exposed and relevent aspirations and invocations are added. This helps one who uses this book to meditate and pray. The contents are all best selected and beautifully arranged. The use of this little prayer book will help to increase spiritual knowledge and real piety.

(J. P. V.)

# തിരുഹൃദയഭക്തിയെപ്പററിയുള്ള മാർപ്പാപ്പാ തിരുമനസ്സിലെ ചാക്രികലേഖനം

(പരിഭാഷകൻ:- ഫാദർ സീലാസ് സി. ഡി., തേവര)

(തുടർച്ച)

### ഈശോയുടെ വ്രണിതഹൃദയത്തിൽനിന്നു തിരുസഭ മുളയെടുക്കുന്നു

ഈശോയുടെ തിരുഹൃദയം അഭേദ്യമാംവണ്ണം അവതരിച്ച ദൈവവചനത്തിന്റെ ജീവനിൽ ഭാഗഭാഗിത്വം വഹിക്കുന്നുണ്ട്. അതിനാൽ മനുഷ്യനായ അവിടുത്തെ മററവയവങ്ങളെപ്പോലെതന്നെ ദൈവപ്രസാദം പകർന്നുകൊടുക്കുന്നതിലും അത്ഭുതങ്ങൾ നിർവ്വഹിക്കുന്നതിലും ദിവ്യമായ ഉപകരണമെന്നനിലയിൽ അവിടുത്തെ ഹൃദയത്തിനും സ്ഥാനമുണ്ട്. (cf. S. Thom. Summ. Theol. III 19 1)

ഈശോ രക്തം ചിന്തിക്കൊണ്ട് അവിടുത്തെ സഭയുമായി മൗതികമായ ഒരു വിവാഹബന്ധത്തിൽ ഏർപ്പെട്ടു. ഇവിടെ അവിടുന്നു പ്രദർശിപ്പിച്ച സ്നേഹപാരമ്യത്തിന്റെ പ്രതിരൂപമായി അവിടുത്തെ ഹൃദയത്തെ സംശയലേശംകൂടാതെ നമുക്കു കരുതാവുന്നതാണ്. "തിരുസഭയെ വധുവായി ലഭിക്കുന്നതിനുവേണ്ടി സ്നേഹത്താൽ പ്രേരിതനായി അവിടുന്നു പീഡാനുഭവത്തെ ആലിംഗനം ചെയ്തു" (Sum. Theol. Suppl. 42.1 ad 3.) അങ്ങനെ ഈശോയുടെ ഭേദിക്കപ്പെട്ട ഹൃദയത്തിൽനിന്നാണ് ലോകരക്ഷ പരികർമ്മം ചെയ്യുന്ന തിരുസഭ ജാതയായത്. തിരുസഭാംഗങ്ങൾ ദിവ്യജീവൻ പകർന്നുകൊടുക്കുന്ന കൂദാശകളുടെ ദിവ്യശക്തി ഈ ഹൃദയത്തിൽനിന്നുതന്നെ മുളയെടുക്കുന്നു. പ്രാർത്ഥനാക്രമത്തിൽ നാം വായിക്കുന്നുണ്ട്, "ഉളക്കപ്പെട്ട ഹൃദയത്തിൽനിന്നു തിരുസഭ ജന്മമെടുക്കുന്നു... തിരുഹൃദയത്തിൽനിന്നു തന്നെ വരപ്രസാദം ശക്തിയായി പ്രവഹിക്കുന്നു" എന്നു. (Hym. ap Vesp. Fest Cord. Jesu) ആദ്യനൂററാണ്ടുകളിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാർക്കു സുജ്ഞാതമായിരുന്ന ഈ പ്രതിരൂപത്തെ വി. തോമസ് അക്വിനാസ് ഇങ്ങനെ വ്യാഖ്യാനിക്കുന്നു. "മിശിഹായുടെ പാർശ്വത്തിൽനിന്ന് ഒഴുകിയ വെള്ളം നമ്മെ ശുദ്ധീകരിക്കുന്നു; രക്തം നമ്മെ രക്ഷിക്കുന്നു. അതിനാൽ രക്തം പരിശുദ്ധ കുർബാനയെ കുറിക്കുന്നു, വെള്ളം മാമ്മോദീസായേയും. മിശിഹായുടെ രക്തത്തിൽനിന്നാണ് ഇവക്കു ഫലദായകശക്തി ലഭ്യമാകുന്നതു്." (Summ Theol. III 66. 3 ad 3) ഈശോയുടെ പാർശ്വം പടയാളി കുത്തി മുറിപ്പെടുത്തിയതായി പറഞ്ഞിരിക്കുന്നതു് അവിടുത്തെ തിരുഹൃദയത്തെപ്പററിയും പറയേണ്ടിയിരിക്കുന്നു. കാരണം മിശിഹായുടെ മരണത്തെപ്പററി യാതൊരു സംശയത്തിനും ഇടയുണ്ടാകാതിരിക്കാനായിരുന്നല്ലോ അയാൾ അങ്ങനെ ചെയ്തതു്. അതിനാൽ മരണം പ്രാപിച്ച ഈശോയുടെ തിരുഹൃദയത്തിലെ മുറിവ് തന്റെ ഏകകുമാരനെ ലോകരക്ഷയ്ക്കുവേണ്ടി അർപ്പിച്ച ദൈവത്തിന്റെ സ്നേഹത്തെ എന്നെന്നും അനുസ്മരിപ്പിക്കുന്നതായിരിക്കും. അതു് കാൽവരിയിൽവെച്ചു നമുക്കുവേണ്ടി സ്വയം ബലിയർപ്പിച്ച മിശിഹായുടെ സ്നേഹപാരമ്യത്തെയും നമ്മെ ഓർമ്മിപ്പിക്കുന്നതാണ്. "മിശിഹാ നമ്മെ സ്നേഹിച്ചു. അതിനാൽ ദൈവത്തിനു അത്യന്തം സ്വീകാര്യമായ ഒരു ബലിപദാർത്ഥമായി സ്വയം നമുക്കുവേണ്ടി സമർപ്പിച്ചു." (Eph. 5, 2)



വിശുദ്ധ യൂദാ തദ്ദേവൂസിന്റെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.
മറിയക്കുട്ടി ഐസക്ക്,
മേരിവില്ല, മാവേലിക്കര.

### സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി തുടിക്കുന്ന തിരുഹൃദയം

നമ്മുടെ ദിവ്യരക്ഷകൻ മഹത്വംവരിച്ച ശരീരത്തോടെ സ്വർഗ്ഗാരോഹണം ചെയ്തശേഷം പിതാവിന്റെ വലത്തുഭാഗത്തു ഇരിക്കുന്നു. ഇപ്പോഴും അവിടുത്തെ ഹൃദയം നമ്മോടുള്ള സ്നേഹത്താൽ ഉജ്ജ്വലിച്ചുകൊണ്ടിരിക്കയാണ്. തുടിക്കുന്ന ഹൃദയത്തോടെ തന്റെ വധുവായ സഭയെ ഇപ്പോഴും അവിടുന്നു സ്നേഹിക്കുന്നു. പിശാചു്, പാപം, മരണം ഇവയുടെമേൽ ഈശോ കൈവരിച്ച മൂന്നു വിജയങ്ങളെയാണ് അവിടുത്തെ കൈകാലുകളിലെയും ഹൃദയത്തിലെയും മുറിവുകൾ സൂചിപ്പിക്കുന്നതു്. ത്രിവിധവിജയങ്ങളുടെ അനന്തഫലങ്ങളായ അളവററ വരപ്രസാദസമ്പത്തുകൾ അവിടുത്തെ ഹൃദയത്തിൽ സംഗ്രഹിച്ചുവയ്ക്കുകയും മനുഷ്യവർഗ്ഗത്തിനു അവ നൽകുകയും ചെയ്തുകൊണ്ടിരിക്കയാണവിടുന്നു്. വളരെ ആശ്വാസപ്രദമായ ഈ സത്യത്തെ വി. പൗലോസ് ഇങ്ങനെ വിശദമാക്കുന്നു: "തന്റെ ശത്രുക്കളെ പിടിച്ചടക്കിയശേഷം, അവിടുന്നു് സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്തു മനുഷ്യർക്കു ദാനങ്ങൾ നൽകുന്നു. ആദ്യമായി ഭൂമിയിലേക്കു താണിറങ്ങിയശേഷം ഇപ്പോൾ അവിടുന്നു് സർവ്വത്തേയും സമ്പന്നമാക്കുവാൻവേണ്ടി സ്വർഗ്ഗത്തിലേക്കു ഉയർന്നുപോയിരിക്കയാണ്." (Eph. 4, 8, 10.)

പിതാവിന്റെ പക്കലേക്കുള്ള തന്റെ അജയ്യമായ ആരോഹണത്തിനുശേഷം തന്റെ നിസ്സീമമായ സ്നേഹത്തിന്റെ പ്രത്യക്ഷലക്ഷ്യമായി പരിശുദ്ധാത്മാവാകുന്ന ദിവ്യദാനം ശിഷ്യന്മാർക്കു പ്രദാനം ചെയ്തു. പത്തു ദിവസങ്ങൾ കഴിഞ്ഞു സ്വർഗ്ഗീയപിതാവിന്റെ ദാനമായ പരിശുദ്ധാത്മാവ് ഭക്ഷണശാലയിൽ സമ്മേളിച്ചിരുന്ന ശിഷ്യന്മാരുടെമേൽ ആവസിച്ചു. അങ്ങനെ, "ഞാൻ പിതാവിനോടു മറെറാരു ആശ്വാസപ്രദനുവേണ്ടി പ്രാർത്ഥിക്കും. അവിടുന്നു എന്നും നിങ്ങളോടുകൂടിയുണ്ടായിരിക്കും എന്ന വാഗ്ദാനം നിറവേററി." (John 14, 16) പിതാവിനു പുത്രനോടും പുത്രനു പിതാവിനോടുമുള്ള വ്യക്തിപരമായ പരസ്പരസ്നേഹമാണല്ലോ പരിശുദ്ധാത്മാവ്. പിതാവും പുത്രനും അയക്കുന്ന ഈ പരിശുദ്ധാത്മാവു അഗ്നിമയമായ ജിഹ്വയുടെ രൂപത്തിൽ ദിവ്യസ്നേഹവും മററു സ്വർഗ്ഗീയവരങ്ങളും ധാരാളമായി ആത്മാക്കളിൽ പ്രവഹിപ്പിക്കുന്നു.

### തിരുഹൃദയത്തിൽനിന്നുള്ള സ്നേഹപ്രവാഹം

ഈ ദിവ്യസ്നേഹപ്രവാഹം അതേസമയംതന്നെ "സർവ്വവിജ്ഞാനത്തിന്റെയും അറിവിന്റെയും നികേതനമായ" (Col. 2, 3) രക്ഷകന്റെ ദിവ്യഹൃദയത്തിൽനിന്നു കൂടെയുമാണു നിർഗ്ഗമിക്കുന്നതു്. ഈ സ്നേഹം ഈശോയുടെ ഹൃദയത്തിന്റെയും അവിടുത്തെ പരിശുദ്ധാത്മാവിന്റെയും ദാനമാണ്. പിതാവിന്റെയും പുത്രന്റെയും ഈ അരൂപിവഴിയായിട്ടാണ് തിരുസഭ ഉടലെടുത്തതും വിസ്മയനീയമാംവണ്ണം പ്രചരിച്ചതും. അങ്ങനെ വിഗ്രഹാരാധന, സഹോദരവിദ്വേഷം, ധാർമ്മികഭ്രംശം, അക്രമാസക്തി ആദിയായവയിൽ ആണ്ടുകിടന്നിരുന്ന വിജാതീയർ തിരുസഭാംഗങ്ങളായി. ശ്ലീഹന്മാർക്കും രക്തസാക്ഷികൾക്കും വീരോചിതമായ ധൈര്യം മരണംവരെ ലഭിച്ചതു് മിശിഹായുടെ ഹൃദയത്തിൽനിന്നും പരിശുദ്ധാത്മാവിൽനിന്നും പ്രസരിക്കുന്ന ദിവ്യസ്നേഹത്തിൽനിന്നുമായിരുന്നു. സുവിശേഷം പ്രസംഗിക്കുന്നതിനും രക്തം ചിന്തിക്കൊണ്ടുപോലും അതിനു സാക്ഷ്യംവഹിക്കുന്നതിനും അവർക്കു കഴിഞ്ഞതു് ഈ ദൈവസ്നേഹംകൊണ്ടായിരുന്നു. കത്തോലിക്കാ മതസിദ്ധാന്തങ്ങളെ തങ്ങളുടെ അവിശ്രമമായ പഠനംകൊണ്ടു പരിരക്ഷിക്കുന്നതിനും വിശദീകരിക്കുന്നതിനും മല്പാന്മാർക്കു കഴിഞ്ഞതും ഇതുകൊണ്ടുതന്നെയായിരുന്നു. വിശുദ്ധന്മാരെ സുകൃതാനുഷ്ഠാനത്തിനു പ്രേരിപ്പിച്ചതും തങ്ങളുടേയും ഇതരന്മാരുടേയും ആത്മരക്ഷയ്ക്കും ഐഹികക്ഷേമത്തിനുംവേണ്ടി വലിയ കാര്യങ്ങൾ നിർവ്വഹിക്കുവാൻ ശക്തികൊടുത്തതും ഈ ദൈവസ്നേഹംതന്നെയായിരുന്നു. സ്വമേധയാ ശാരീരികസുഖങ്ങൾ പരിത്യജിച്ചു് സ്വർഗ്ഗീയവരന്റെ സ്നേഹത്തിനുമാത്രം ആത്മാർപ്പണംചെയ്യുവാൻ കന്യകകൾക്കു ഉത്തേജനമരുളിയതും ഈ സ്നേഹംതന്നെയല്ലാതെ മറെറാന്നുമല്ല. അവതരിച്ച വചനത്തിന്റെ ഹൃദയത്തിൽനിന്നു നിർഗ്ഗമിച്ചു് പരിശുദ്ധാത്മാവുമുഖേന എല്ലാ വിശ്വാസികളുടെ ആത്മാക്കളിലും വർഷിക്കപ്പെടുന്ന ഈ ദിവ്യസ്നേഹത്തെ വി. പൗലോസ് പ്രകീർത്തിക്കുന്നുണ്ട്. ഇങ്ങനെ ശിരസ്സായ മിശിഹായുടേയും തന്റെ മൗതികശരീരത്തിന്റെ അവയവങ്ങളുടേയും വിജയത്തേയും ദിവ്യസ്നേഹത്തിന്റെ ഭരണം സുസ്ഥിരമാക്കപ്പെടേണ്ട മാർഗ്ഗങ്ങളേയുംപററി അദ്ദേഹം ഒരു വിജയഗാനം തന്നെ ആലപിക്കുന്നു. അദ്ദേഹം പറയുന്നു: "മിശിഹായുടെ സ്നേഹത്തിൽനിന്നു നമ്മെ പ്രതിനിവർത്തിപ്പിക്കുവാൻ ആർക്കു സാധിക്കും? സഹനത്തിനും, കഷ്ടപ്പാടിനും, മർദ്ദനത്തിനും, വിശപ്പിനും, നഗ്നതയ്ക്കും, അപകടത്തിനും, വാളിനും ഇതു സാദ്ധ്യമാണോ?...... ഇവയിലെല്ലാം തന്റെ സ്നേഹം നമുക്കു നൽകുന്ന (മിശിഹാ) വഴിയായി നാം വിജയംവരിക്കുന്നു. അതിനാൽ മരണത്തിനോ, ജീവനോ, മാലാഖമാർക്കോ, ബലവത്തുകൾക്കോ, പ്രാഥമികന്മാർക്കോ, ഭൂതകാലത്തിനോ വർത്തമാനകാലത്തിനോ, ശക്തിക്കോ, ഉയരത്തിനോ, ആഴത്തിനോ, മറെറതെങ്കിലും സൃഷ്ടിക്കോ മിശിഹായിൽ നിന്നു നമുക്കു ലഭിച്ചിരിക്കുന്ന ദൈവസ്നേഹത്തിൽനിന്നു വേർതിരിക്കുവാൻ ഒരിക്കലും കഴികയില്ലെന്നു എനിക്കു ബോദ്ധ്യമുണ്ട്." (Rom. 8, 35, 37—39)

അതിനാൽ ദിവ്യരക്ഷകനു മനുഷ്യരായ നമ്മോടുള്ള ശക്തിമത്തായ സ്നേഹത്തിന്റെ ഏററവും സ്വാഭാവികവും പര്യാപ്തവുമായ പ്രതിരൂപമെന്ന നിലയിൽ അവിടുത്തെ ഹൃദയത്തെ നമുക്കു ആരാധിക്കാം. ഐഹികജീവിതത്തിനു സഹജമായ വികാരഭേദങ്ങൾക്കു് അതു ഇപ്പോൾ വിധേയമല്ലെന്നിരുന്നാലും അതു നമുക്കുവേണ്ടി ജീവിക്കയും തുടിക്കയും ചെയ്തുകൊണ്ടേയിരിക്കുന്നു. അഭേദ്യമാംവിധം ദൈവവചനത്തിന്റെ വ്യക്തിത്വത്തോടു അതു യോജിച്ചിരിക്കുന്നതു കൂടാതെ ദൈവവചനത്തിലും ദൈവവചനം വഴിയായും ദൈവതിരുമനസ്സിനോടു പരിപൂർണ്ണമായ ഐക്യം പാലിക്കയുംചെയ്യുന്നു. മിശിഹായുടെ ഹൃദയത്തിൽ ദൈവികവും മാനുഷികവുമായ സ്നേഹം വഴിഞ്ഞൊഴുകുന്നു. മാത്രമല്ല അതു അവിടുന്നു തന്റെ ജീവിതവും സഹനവും മരണവുംമൂലം ആർജ്ജിച്ച സർവ്വവരപ്രസാദസമ്പത്തുകളുടേയും ഇരിപ്പിടവുമാകുന്നു. അതിനാൽ തന്റെ മൗതികശരീരത്തിലേക്കു പരിശുദ്ധാത്മാവു നിരന്തരം പ്രവഹിപ്പിച്ചുകൊണ്ടിരിക്കുന്ന സ്നേഹത്തിന്റെ നീരുറവയായി മിശിഹായുടെ തിരുഹൃദയത്തെ നമുക്കു സന്യായം പരിഗണിക്കാം.

### തിരുഹൃദയഭക്തി മതാനുഷ്ഠാനത്തിന്റെ സമാഹാരം

രക്ഷകന്റെ ദിവ്യഹൃദയം ദൈവവചനത്തിന്റെയും അവിടുത്തെ ദിവ്യസ്വഭാവത്തിന്റെയും മനുഷ്യപ്രകൃതിയുടേയും സാമാന്യമായ ഒരു സജീവച്ഛായയാണെന്നു പറയാം. അതിനാൽ നമ്മുടെ രക്ഷയുടെ രഹസ്യം മുഴുവന്റെയും പ്രതിരൂപം മാത്രമല്ല സാരാംശം തന്നെ അതിൽ നമുക്കു കാണുവാൻ സാധിക്കും. ഈശോമിശിഹായുടെ തിരുഹൃദയത്തെ നാം ആരാധിക്കുമ്പോൾ അതു വഴിയായി അവനു ദൈവവചനത്തിന്റെ ദിവ്യസ്നേഹത്തേയും മാനുഷികസ്നേഹത്തേയും മററു സുകൃതങ്ങളേയും നാം വണങ്ങുകയാണു ചെയ്യുന്നതു്. ഈ ദ്വിവിധസ്നേഹവും നമുക്കും വധുവായ തിരുസഭയ്ക്കും വേണ്ടി തന്നെത്തന്നെ ആത്മാർപ്പണംചെയ്യുവാൻ അവിടുത്തെ പ്രേരിപ്പിച്ചു. "മിശിഹാ സഭയെ സ്നേഹിച്ചതുകൊണ്ട് അതിനുവേണ്ടി സ്വയം ബലിയായിത്തീർന്നു. അവിടുന്നു അതിനെ വിശുദ്ധമാ

(1-ാംപേജ് തുടർച്ച)

1556 ജൂൺ 31 വരെയും ഊർജ്ജിതമായിത്തുടർന്നു. അനശ്വരമായ വിജയംനേടി സ്വർഗ്ഗകവാടത്തെ സിദ്ധൻ കടന്നു. വിശുദ്ധന്റെ സ്ഥാപനം ലോകത്തിനു അതുല്യമായ സേവനങ്ങൾ നിർവ്വഹിച്ചുകൊണ്ട് 400 കൊല്ലം പുരോഗമിച്ചിരിക്കുന്നു. അതു നീണാൾ ഇനിയും വിരാജിക്കട്ടെയെന്നു ഈ ജൂബിലിസമാപനമുഹൂർത്തത്തിൽ നമുക്കു പ്രാർത്ഥിക്കാം.

# സുവിശേഷത്തിലെ സുവിശേഷകൻ

## മർക്കോസ്

(സി. കെ. മററം)

II

വിശുദ്ധ മത്തായിയുടെ സുവിശേഷം എ. ഡി. 64-നു മുമ്പാണു വിരചിതമായതെന്നേ, മുൻലേഖനത്തിൽ പറഞ്ഞിട്ടുള്ളു. പക്ഷേ എ. ഡി. 41-ലാണു് അതു് എഴുതപ്പെട്ടതെന്നുള്ള പലരുടേയും നിഗമനം സ്വീകാര്യമാണെന്നാണു പ്രസ്താവിക്കേണ്ടതു്. എന്തെന്നാൽ യുവകോമളനും പത്രോസിന്റെ ശിഷ്യനും ആയിരുന്ന മർക്കോസ് മത്തായിയുടെ സുവിശേഷം നല്ലപോലെ വായിച്ചുപഠിച്ചശേഷമാണു സ്വഗ്രന്ഥം രചിച്ചതു്. അതു എ. ഡി. 45-ലോ 47-ലോ ആണെന്നു ഏറെക്കുറെ സർവ്വരും സമ്മതിക്കുന്നുണ്ടു്. തന്നിമിത്തം മത്തായി എ ഡി 41-ൽ സ്വഗ്രന്ഥം ചമച്ചുവെന്നു നിരാക്ഷേപമായി പറയാവുന്നതാണു്. മർക്കോസ് ഇവാൻജലിസ്തു മാത്രമാണു്; അപ്പോസ്തലനല്ല. പക്ഷെ ഇതു് ഒരു ന്യൂനതയെന്നു പരിഗണിച്ചുകൂടാ. മത്തായിയേയും യോഹന്നാനേയുംപോലെ മർക്കോസ് ഒരു കർത്തൃശിഷ്യനല്ലെന്നേ അതിനർത്ഥമുള്ളു. ലൂക്കോസും അപ്പോസ്തോലനല്ല, ഇവാൻജലിസ്തുമാണല്ലോ. മർക്കോസു ജറൂസലേംകാരനും ബർണബാസിന്റെ ഭാഗിനേയനും പത്രോസിന്റെ അന്തേവാസിയുമാണു്. ക്രിസ്തുവിന്റെ ശിഷ്യന്മാർ സാധാരണമായി ഒരുമിച്ചുകൂടിയിരുന്നതു് മറിയം എന്നൊരു മഹിളാരത്നത്തിന്റെ വസതിയിലായിരുന്നല്ലോ. കാരുണ്യവതിയായിരുന്ന ആ ഗൃഹണിയുടെ പ്രിയപുത്രനാണു മർക്കോസ്. പൗലോസിന്റെ ഒന്നാമത്തെ മിഷ്യൻയാത്രയിൽ, പേർജ്‌വരെ, മർക്കോസായിരുന്നു അനുയാത്രകൻ. ബർണബാസിനേയും മർക്കോസിനേയും അവിടെ ആക്കിയശേഷമാണു പൗലോസ് ജറൂസലേമിലേക്കു മടങ്ങിയതു്.

എങ്ങനെയോ പൗലോസിന്റെ അപ്രീതിക്കു മർക്കോസു പാത്രമായി. തന്നിമിത്തം രണ്ടാമത്തെ മിഷ്യൻയാത്രയിൽ മർക്കോസിനു് ആ മഹാമിഷ്യനറിയുടെ അനുയാത്രകനാകാനുള്ള ഭാഗ്യം സിദ്ധിച്ചില്ല. എങ്കിലും കുറെ വർഷങ്ങൾക്കുശേഷം പൗലോസിന്റെ സഹപ്രവർത്തകനായി മർക്കോസ് റോമിലെത്തിച്ചേരുകയുണ്ടായി. അനന്തരം പത്രോസിന്റെ ശിഷ്യപ്രധാനനായിത്തീർന്നു. അങ്ങനെ അപ്പോസ്തലപ്രമുഖന്റെ മുഖത്തുനിന്നുതന്നെ കേട്ട കാര്യങ്ങളാണു മർക്കോസിന്റെ സുവിശേഷം. പത്രോസിന്റെ ദ്വിഭാഷിയായിട്ടും മർക്കോസ് ഉദ്യോഗം വഹിച്ചിട്ടുണ്ടു്. അതുകൊണ്ടു് പത്രോസിന്റെ പ്രസംഗപരമ്പര റോമൻകാരുടെ ഉപയോഗത്തിനുവേണ്ടി ഗ്രീക്കിൽ അവർക്കു എഴുതിക്കൊടുത്ത ഗ്രന്ഥമാണു മർക്കോസിന്റെ സുവിശേഷം. അനന്തരം ലത്തീൻഭാഷ സംസാരിച്ചിരുന്നവർക്കുവേണ്ടി മർക്കോസുതന്നെ ആ ഭാഷയിലും അതു പകർത്തിയിട്ടുണ്ടെന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു് ചില ചരിത്രകാരന്മാർ. മർക്കോസ് എഴുതിയ പുസ്തകം പത്രോസ് പരിശോധിച്ചു അംഗീകരിച്ചെന്നും, ക്രിസ്തുനാഥനെ മൂന്നുപ്രാവശ്യം നിഷേധിച്ചകാര്യവും കോഴി കൂകിയ സംഗതിയും എല്ലാം സവിസ്തരമായി ഗുരുമുഖത്തുനിന്നു കേട്ടതുപോലെയാണു മർക്കോസു രേഖപ്പെടുത്തിയിട്ടുള്ളതെന്നും പ്രസിദ്ധമാണു്. അങ്ങനെ അപ്പോസ്തലപ്രമുഖനായ പത്രോസിന്റെ തൃപ്തിക്കും ബഹുമാനത്തിനും പാത്രമായിത്തീർന്ന മർക്കോസ് ഈജിപ്തിന്റെ തലസ്ഥാനമായ അലക്സാൻഡ്റിയായിലെ മെത്രാനായി നിയോഗിക്കപ്പെട്ടു. പത്തൊമ്പതുവർഷത്തോളം ഇദ്ദേഹം ഈജിപ്തിൽ സഭാഭരണം നിർവ്വഹിക്കുകയും അസംഖ്യംപേരെ സത്യമതത്തിൽ ചേർക്കുകയും ചെയ്തു. ഒട്ടുവളരെ സന്യാസിമാർ മർക്കോസിൽനിന്നുപഠിച്ചു സുവിശേഷ നവനീതാനുസരണം സർവ്വസംഗപരിത്യാഗികളായി വനവാസം വരിക്കാനിടയായി. ഏകാന്തവും ഭജനവും ചാരിത്ര്യവും സ്വർഗ്ഗസോപാനാരോഹണത്തിനുള്ള സുനിശ്ചിതോപാധികളാണെന്നുള്ള തന്റെ പ്രസംഗശ്രവണഫലമായി അസംഖ്യംപേർ വനാന്തരങ്ങളെ അഭയം പ്രാപിച്ചതിനാൽ, പർണ്ണശാലാസ്ഥാപകനായിട്ടും മർക്കോസ് സുവിദിതനായി. അതുപോലെതന്നെ വിവിധമഹാപട്ടവും പണ്ഡിതാഗ്രണിയുമായിരുന്ന മർക്കോസാണു് ഒന്നാമത്തെ ക്രൈസ്തവവിദ്യാപാഠശാലയായ അലക്സാൻഡ്റിയായിലെ വിദ്യാപീഠത്തിന്റെയും സ്ഥാപകൻ. പ്രസ്തുത പാഠശാലയിലെ ഏതാനും താരങ്ങളാണു അത്തനേഷ്യസ്, ബെസിലിയൂസ്, ഗ്രിഗരി നസിയാൻസൻ തുടങ്ങിയുള്ളവർ. മർക്കോസിന്റെ പുണ്യജീവിതവും സുവിശേഷപ്രസംഗവും അനേകസഹസ്രം പുറജാതിക്കാരെ ക്രിസ്തുമതത്തിലേക്കു ആകർഷിച്ചു. ഇതിൽ കുപിതനായ ലൂസിഫേർ ദുഷ്ടഹൃദയങ്ങളിൽ കുടികയറി, പൈശാചികമായ പകയാൽ പ്രേരിപ്പിച്ചു അവർമൂലം മർക്കോസിനെ ബലാൽക്കാരമായി പിടിച്ചു് കഴുത്തിൽകയറിട്ടു ഞെക്കിക്കൊന്നു, എ ഡി 64-ൽ തിരുശരീരം അഗ്നിദേവനു് സമർപ്പിക്കുവാനുള്ള അവരുടെ സംരംഭം പ്രകൃതിയുടെ ഉഗ്രകോപം ദുസ്സാധമാക്കിത്തീർത്തു. ക്രിസ്തുവർഷം 827-ൽ ആ തിരുശിഷ്ടം അവിടെനിന്നു വെനിസ്സിലേക്കു സംവഹിക്കപ്പെട്ടു, സാഘോഷം. വെനിസ്സിന്റേതന്നെ മകുടാലങ്കാരമായ വിശുദ്ധ മർക്കോസിന്റെ ദേവാലയത്തിൽ ഇന്നും അതു പള്ളികൊള്ളുന്നു.

മത്തായിയുടെ ലക്ഷ്യം യൂദന്മാരുടെ മാനസാന്തരമായിരുന്നെങ്കിൽ, മർക്കോസിന്റേതു പുറജാതികളുടേതായിരുന്നു. അതുകൊണ്ടു് അദ്ദേഹം യേശുവിന്റെ ഗോത്രം, ജനനം ഇതെല്ലാം അവഗണിക്കുന്നു. പഴയനിയമത്തിലെ ഉദ്ധരണികളോ പൂർവ്വാചാരപ്രകീർത്തനങ്ങളോ ഒന്നും കാണുന്നില്ല. യൂദന്മാരോടു സുവിശേഷം പ്രസംഗിക്കുവാൻ പത്രീശർക്കു ലഭിച്ച കല്പനയെ സൂചിപ്പിക്കുന്നില്ല. വിധവയുടെ കാശിന്റെ മൂല്യം റോമൻനാണയംകൊണ്ടാണു നിർണ്ണയിക്കുന്നതു്. പുതിയ നിയമദാതാവായ ക്രിസ്തുവിനേയോ പ്രവാചകനായ മിശിഹായേയോ വർണ്ണിക്കുന്നില്ല.

അത്ഭുതപ്രവർത്തകനായ നസ്രായനെ—ദൈവത്താൽ നിയുക്തനായ രക്ഷകൻ യേശുവിനെ—ആണു് ചിത്രണംചെയ്യുന്നതു്. അമ്മാവോസിലേക്കുപോയ ശിഷ്യരെ ക്രിസ്തു ആളറിയിക്കാതെ അനുയാത്രപോയതും മററും മത്തായി വിട്ടുകളഞ്ഞു. മത്തായി പറയാത്ത പല അത്ഭുതങ്ങളും മർക്കോസ് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടല്ലോ. ബധിരനും അന്ധനുമായ രോഗിയെ സൗഖ്യമാക്കുന്നതു് (VII 31—37). ബെത്സയിദായിലെ അന്ധന്റെ കഥ (VIII 22—26), വിത്തു നിഗൂഢമായി മുളയ്ക്കുന്നതു് (IV 26—29), നഗ്നനായ യുവാവു് വസ്ത്രംകൊണ്ടു ദേഹം മറയ്ക്കുന്നതു് (XIV 31—32) ഇങ്ങനെ മററു പലതും പ്രത്യേകമാണു മർക്കോസിനു്.

എങ്കിലും പപ്പിയാസ് ഏതാണ്ടു് ഇങ്ങനേയും പറഞ്ഞിട്ടുണ്ടു് മർക്കോസിന്റെ സുവിശേഷത്തെപ്പററി. മർക്കോസ് കർത്താവിന്റെ ശിഷ്യനായിരുന്നിട്ടില്ല; തിരുവടിയെ കണ്ണുകൊണ്ടു കണ്ടിട്ടുപോലുമില്ല. അതുകൊണ്ടു് പത്രോസിൽനിന്നു ലഭിച്ച അറിവനുസരിച്ചു് നിഷ്കൃഷ്ടമായി എഴുതിയെങ്കിലും അതിൽ വലിയ അനുക്രമമൊന്നുമില്ല. അതു അദ്ദേഹത്തിനു സാദ്ധ്യവുമായിരുന്നില്ല. പത്രോസ് സന്ദർഭവും സാഹചര്യവുമനുസരിച്ചാണു പഠിപ്പിച്ചിരുന്നതു്. അല്ലാതെ ക്രിസ്തുനാഥന്റെ ഒരു ജീവചരിത്രം അതേപടി ശ്രോതാക്കളുടെ മുമ്പാകെ ഉറന്നുവയ്ക്കുകയായിരുന്നില്ല പത്രോസ്.

മത്തായി 38 അദ്ധ്യായങ്ങളെഴുതിയെങ്കിൽ മർക്കോസിനു വെറും പതിനാറേ എഴുതാൻ കഴിഞ്ഞുള്ളു. പൗലോസിന്റെ ശിഷ്യനായിരുന്ന ലൂക്കിനു് 24 അദ്ധ്യായങ്ങളെഴുതാനുണ്ടായിരുന്നു. പരിമാണം മാനദണ്ഡമായി പരിഗണിക്കുന്നപക്ഷം മർക്കോസിന്റെ സുവിശേഷമാണു ഏററവും ചെറുതു്. പത്രോസാണു് ക്രിസ്തുവിന്റെ ചെയ്തികളുടെ സാക്ഷാൽ ദൃക്സാക്ഷി. എങ്കിലും സാക്ഷാൽ ദൃക്സാക്ഷിയെപ്പോലെ, സാഹചര്യങ്ങളെ നേരിൽ കണ്ടാലെന്നപോലെ, ഒന്നും വിടാതെ ചിത്രീകരിക്കാൻ മർക്കോസിന്റെ തൂലികാവിരുതാണു്. പക്ഷെ മത്തായി 70 പ്രാവശ്യം പഴയനിയമത്തിൽനിന്നുള്ള വാക്യങ്ങളുദ്ധരിക്കുന്നുണ്ടെങ്കിലും മർക്കോസ് ഒന്നുപോലും ഉദ്ധരിക്കുന്നില്ല. മത്തായി വിനയാന്വിതനായി, താനൊരു ചുങ്കക്കാരനായിരുന്നുവെന്നു സ്വയം പറയുന്നു. മർക്കോസ് ആ സാഹചര്യത്തെപ്പററി ഒന്നും പറയുന്നില്ല. രണ്ടുപേരുടേയും ആദർശഭിന്നതയാണു കാരണം. ഇങ്ങനെ പലതും പഠിതാക്കൾക്കിനിയും കാണാൻകഴിയുന്നതാണു് മർക്കോസിന്റെ പ്രത്യേകതകളായിട്ടു്.

തിരുനാൾ ഏപ്രിൽ 25-ാംനു-യാണു സഭ ആഘോഷിക്കുന്നതു് ഈ പുണ്യവാന്റെ.

---

ക്കിത്തീർക്കാം. തന്റെ വാക്കുകളാൽ സജീവമായിത്തീർന്ന ജലത്തിൽ അവിടുന്നു അതിനെ ക്ഷാളനംചെയ്യും. സഭയെ സർവ്വമഹത്വത്തോടുംകൂടെ അവിടുന്നു ഉയർത്തിക്കാണിക്കും. അതിനു യാതൊരു കോട്ടമോ കളങ്കമോ ഉണ്ടായിരിക്കയില്ല. അതു അതിമാത്രം വിശുദ്ധമായിരിക്കും" (Eph. 5, 25—27)

മിശിഹാ സഭയെ സ്നേഹിച്ചു. അതുപോലെതന്നെ അതിനോടിപ്പോഴും അവിടുത്തെ ത്രിവിധ സ്നേഹം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. അവിടുന്നു മദ്ധ്യസ്ഥനായിരുന്നുകൊണ്ടു് (cf. 1 John 2, 1) നമുക്കുവേണ്ടി എപ്പോഴും പ്രാർത്ഥനസമർപ്പിക്കയും (Heb. 7. 24) വരപ്രസാദവും കാരുണ്യവും പിതാവിൽനിന്നു വാങ്ങിത്തരികയും ചെയ്യുന്നു. അവിടുത്തെ അളവററ സ്നേഹത്തിൽനിന്നു നിർഗ്ഗമിക്കുന്ന പ്രാർത്ഥന ഇടവിടാതെ തുടർന്നുകൊണ്ടിരിക്കുന്നു. "തന്റെ ഐഹികജീവിതത്തിലെന്നപോലെ" (Heb· 5, 7) ഇപ്പോൾ അനന്തമഹിമയോടുകൂടി സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി പ്രാർത്ഥിക്കയാണു്. "തന്റെ ഏകജാതനെ നമുക്കു നൽകത്തക്കവിധം നമ്മെ സ്നേഹിച്ച" ദൈവപിതാവിനു് സജീവമായ തന്റെ ഹൃദയം അവിടുന്നു എപ്പോഴും സമർപ്പിക്കുന്നുണ്ടു്. അങ്ങനെ "അങ്ങയിൽ വിശ്വസിക്കുന്ന ആരും നശിക്കാതെ നിത്യജീവൻ പ്രാപിക്കുന്നു." (John 3, 16) വി. ബൊനവെന്തുരായുടെ വാക്കുകളിൽ, "അങ്ങേ ഹൃദയത്തിലെ ദൃശ്യമായ മുറിവു കാണുമ്പോൾ അദൃശ്യമായ അങ്ങേ സ്നേഹത്തിന്റെ മുറിവു നാം ദർശിക്കാൻവേണ്ടിയാണു് അതു കുത്തിത്തുളയ്ക്കപ്പെട്ടതു്." (Opux 10) റോമൻപടയാളിയുടെ കുന്തം ഭേദിച്ച ആ ഹൃദയംതന്നെ ജ്വലിക്കുന്ന സ്നേഹത്തോടെ ഇപ്പോൾ നമുക്കുവേണ്ടി പരിഹാരമർപ്പിക്കുന്നു.

ഇതിൽനിന്നെല്ലാം ഒരു കാര്യം സ്പഷ്ടമാണു്. "സ്വകുമാരനെപ്പോലും നമ്മുടെ എല്ലാവരുടേയുംപേർക്കു ദാനംചെയ്ത" (Rom. 8, 32) സ്വർഗ്ഗീയപിതാവു് ഇത്ര വലിയ മദ്ധ്യസ്ഥന്റെ പ്രാർത്ഥന പ്രതികരിക്കാതിരിക്കയില്ല. എല്ലാമനുഷ്യർക്കും സമൃദ്ധമായ ദിവ്യദാനങ്ങൾ അവിടുന്നുവഴിയായി ലഭിക്കുകതന്നെ ചെയ്യും.

(തുടരും)

# ചോദിച്ചാൽ പറയാം

ചോ: കത്തോലിക്കാസഭ എന്തുകൊണ്ടാണു് ശവം ദഹിപ്പിക്കുവാൻ അനുവദിക്കാത്തതു്? ശവം കുഴിച്ചുമൂടുന്നതിനേക്കാൾ ദഹിപ്പിക്കുന്നതല്ലേ നല്ലതു്?

ഉ: ശവം ദഹിപ്പിക്കൽ, അതിൽതന്നെ ഒരു തിന്മയായതുകൊണ്ടല്ല സഭ അതിനെ നിരോധിച്ചിരിക്കുന്നതു്. യഹൂദപാരമ്പര്യമനുസരിച്ചു് ക്രൈസ്തവസഭയും ശവം സംസ്കരിക്കുന്ന സമ്പ്രദായം സ്വീകരിച്ചുപോന്നുവെന്നേയുള്ളു. ആത്മാവിന്റെ അമർത്ത്യതയിലും ശരീരത്തിന്റെ പുനരുത്ഥാനത്തിലുമുള്ള വിശ്വാസം നശിപ്പിക്കുന്നതിനുമാത്രമായി ചില അക്രൈസ്തവവിഭാഗങ്ങൾ ശവം ദഹിപ്പിക്കുക എന്ന സമ്പ്രദായം സ്വീകരിച്ചപ്പോൾ അതിനെതിരായി ഒരു നടപടി സഭ സ്വീകരിക്കുകയാണു ചെയ്തതു്.

ശവം ദഹിപ്പിച്ചുകൂടെന്നുള്ള ദൈവികമോ സ്വാഭാവികമോ ആയ നിയമമൊന്നുമില്ല. എന്നാൽ സഭയുടെ മൂന്നു കല്പനകളുണ്ടു്. 1886 മേയ് 16-ാം തിയതിയിലെ ആദ്യകല്പനയിൽ കത്തോലിക്കർ ശവദാഹസംഘങ്ങളിൽ ചേരുന്നതിനേയും സ്വന്തം ശവം ദഹിപ്പിക്കണമെന്നു അനുശാസിക്കുന്നതിനേയും നിരോധിച്ചിരിക്കുന്നു. ഈ കല്പന പാലിക്കാത്ത കത്തോലിക്കർക്കു ക്രിസ്തീയശവസംസ്കാരം നൽകിക്കൂടായെന്നാണു് 1886 ഡിസമ്പർ 15-ാം തീയതിയിലെ രണ്ടാമത്തെ കല്പന അനുശാസിക്കുന്നതു്. ഇത്തരം കത്തോലിക്കർക്കു കൂദാശകൾ കൊടുത്തുപോകരുതെന്നു 1892 ജൂലൈ 27-ാം തീയതിയിലെ മൂന്നാമത്തെ കല്പന വൈദികർക്കു നിർദ്ദേശം നൽകിയിരിക്കുന്നു. പരേതരോടു കത്തോലിക്കർക്കുള്ള ബഹുമാനം നശിപ്പിക്കുന്നതിനു പര്യാപ്തമായ ഒരു പേഗൻനടപടിയായതുകൊണ്ടാണു് ഈ കല്പനകൾവഴി സഭ ശവദാഹം നിരോധിച്ചിരിക്കുന്നതു്.

അനേകം നിയമജ്ഞന്മാരും, ഡോക്ടർമാരും, ഇൻഷ്വറൻസുകമ്പനികളും ശവദാഹത്തെ എതിർക്കുന്നുണ്ടു്. മരണകാരണം കണ്ടുപിടിക്കുന്നതിനു ശവദാഹം എപ്പോഴും ഒരു പ്രതിബന്ധമാണു്. ശവസംസ്കാരം കഴിഞ്ഞു് മൂന്നുമാസത്തിനുശേഷം മരണകാരണം കണ്ടുപിടിച്ച കേസുകളുണ്ടു്. ശവം സംസ്കരിക്കപ്പെട്ട പ്രാചീനന്മാരുടെ കുഴിമാടങ്ങൾ മനുഷ്യനാഗരികതയുടെ നിർണ്ണയത്തിനു അമൂല്യമായ സഹായമാണെല്ലാം ചെയ്തുകൊണ്ടിരിക്കുന്നതു്. ശവം സംസ്കരിക്കുന്നതുകൊണ്ടു് എന്തെങ്കിലും രോഗസംക്രമണമുണ്ടാകുമെന്ന വാദത്തെ ആധുനികശാസ്ത്രം നിരാകരിച്ചിട്ടുണ്ടു്. സാംക്രമികരോഗങ്ങൾ പ്രചരിച്ചിട്ടുള്ളതു് മരിച്ചവരിൽനിന്നല്ലാ, ജീവിച്ചിരിക്കുന്നവരിൽനിന്നാണു്.

ചോ: "......ചാക്കോയും...... മേരിയും തമ്മിലുള്ള വിവാഹം ബഃ വികാരിയച്ചന്റെ കാർമ്മികത്വത്തിൽ സമംഗളം നടന്നിരിക്കുന്നു"വെന്നു് അടുത്തകാലത്തു ഒരു പത്രത്തിൽ കാണുകയുണ്ടായി. ഇതു ശരിയാണോ?

ഉ: ഒരു കത്തോലിക്കാവിവാഹത്തെപ്പററിയാണു ഈ പറയുന്നതെങ്കിൽ അതു സർവ്വാബദ്ധമാണു്. കത്തോലിക്കാവിവാഹം ഒരു കൂദാശയാണു്. എല്ലാ കൂദാശകൾക്കുമെന്നപോലെ വിവാഹത്തിനും കാർമ്മികർ ആവശ്യമാണു്. പക്ഷെ വിവാഹമെന്ന കൂദാശയുടെ കാർമ്മികർ വിവാഹബന്ധത്തിലേർപ്പെടുന്ന വധുവും വരനും തന്നെയാകുന്നു. പരസ്പരം വിവാഹം ചെയ്യുന്നതിനുള്ള സമ്മതം വാചികമായും അടയാളങ്ങൾവഴിയും പരസ്യമായി പ്രകടിപ്പിക്കുന്നതാണു വിവാഹത്തിലെ ക

(ശേഷം 7-ാംപേജിൽ)

---

വി. പത്താംപീയൂസിന്റെ മദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഞാൻ വിചാരിച്ച കാര്യസാദ്ധ്യതയ്ക്കു ഉപകാരസ്മരണ. കാലതാമസത്തിനു കുണ്ഠിതപ്പെടുന്നു.

R· M· Gomez
Puthencurichy


---

(10-ാംപേജ് തുടർച്ച)

സുഖപ്പെടുത്തുക സാദ്ധ്യമല്ലാത്ത രോഗികൾക്കു അമൂല്യമായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ലൂർദ്ദി"ന്റെ കാര്യത്തിൽ ഗവമ്മെണ്ടു് യാതൊരുവിധത്തിലും ഇടപെടരുതെന്നായിരുന്നു ആ അഭ്യർത്ഥനയിൽ പറഞ്ഞിരുന്നതു്.

ഇതു മൂവായിരം ഡോക്ടർമാരുടെ സാക്ഷ്യമാണു്. "ലജ്ജയില്ലാത്ത ഈ വിവേകഹീനത" മൂവായിരം ഡോക്ടർമാരാണു പ്രകടിപ്പിച്ചിരിക്കുന്നതു്. "സ്വകാര്യലാഭത്തിനുവേണ്ടി"യാണു് ആ ഡോക്ടർമാർ അങ്ങനെ ചെയ്തതെന്നു യുക്തിവാദിയല്ലാതെ ആരെങ്കിലും പറയുമെന്നു തോന്നുന്നില്ല.

(തുടരും)



സംഭവകഥ

# സമാധാനത്തോടെ മരിക്കണമോ?

(ചാരുമ്മൂട്ട്—പി. ജി. എം. ദാസ്)

മി. കെ. എൻ. ഡാനിയലിന്റെ സഹോദരിയുടെ മകനായിരുന്നു, ചുനക്കര-പടിപ്പുരക്കൽ ഫാദർ ഗീവർഗ്ഗീസ്. ഫാദർ ഗീവർഗ്ഗീസും അദ്ദേഹത്തിന്റെ പിതാവ് ഫാദർ എബ്രഹാമും യാക്കോബായസഭയിൽനിന്നും പുനരൈക്യപ്പെട്ട കത്തോലിക്കരായി, മാർ ഈവാനിയോസ് തിരുമേനിയുടേയും മററും പുനരൈക്യത്തിനു വളരെമുമ്പ്. പിന്നീട് കോട്ടാർ രൂപതയുടെ മെത്രാനായ ഡോക്ടർ ലോറൻസ് പെരേര, ചാരുംമൂട് കേന്ദ്രമാക്കി കത്തോലിക്കാപ്രവർത്തനം നടത്തുന്ന കാലം. ആ പുണ്യശ്ലോകന്റെ ത്യാഗവല്ലരിയിൽ മൊട്ടിട്ടുയർന്നു വിലസിയ അനേകം സുരഭിലസുമങ്ങളിൽ ഒന്നായിരുന്നു, ചുനക്കര-പടിപ്പുരക്കൽ ഫാദർ ഗീവർഗ്ഗീസ്.

ഫാദർ ലോറൻസ് പെരേര കോട്ടാർബിഷപ്പായി ഉയർത്തപ്പെട്ടു. പകരം, കോട്ടാർ സെൻറ് സേവ്യറിന്റെ ദേവാലയത്തിൽ വികാരിയും ഒരു ഇററാലിയൻ മിഷനറിയുമായിരുന്ന അനാഥനാഥനായ ഫാദർ പയസ് ചാരുംമൂട്ടിലേക്കു വന്നു. മിഷൻപ്രവർത്തനങ്ങളിൽ നാട്ടുകാരനായ ഫാദർ ഗീവർഗ്ഗീസ്, ഫാദർ പയസ്സിന്റെ വലത്തുകൈയായി.

ജീവിതമാറ്റങ്ങൾ ആർക്കും പ്രവചിക്കാവുന്നതല്ലല്ലോ. ഫാദർ ഗീവർഗ്ഗീസിന്റെ കുടുംബജീവിതവിജയങ്ങൾക്കു കാരണഭൂതയായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ ഇഹലോകവാസം വെടിഞ്ഞു. നിത്യബ്രഹ്മചാരികളായ കത്തോലിക്കാവൈദികരെപ്പോലെ ജീവിക്കാനുള്ള മാർഗ്ഗം തുറന്നുകിട്ടിയല്ലോ എന്നു് അസ്സുദ്ദേശർ കരുതി. എങ്കിലും ഫാദർ ഗീവർഗ്ഗീസിന്റെ ജീവിതം ക്ലേശഭൂയിഷ്ഠമാകുകയാണുണ്ടായതു്. അദ്ദേഹം പുനർവിവാഹത്തിനു മുതിർന്നു. കത്തോലിക്കാസഭാനിയമം അദ്ദേഹത്തിനനുകൂലമായിരുന്നില്ല. യാക്കോബായസഭയും അക്കാര്യത്തിൽ അദ്ദേഹത്തിനെതിരായിരുന്നു. എന്നാൽ മാർത്തോമ്മാ (നവീകരണ) സഭയുടെ അന്നത്തെ ഭരണാധിപനായിരുന്ന എബ്രഹാം മെത്രാപ്പോലീത്താ ഫാദർ ഗീവർഗ്ഗീസിനു സ്വാതന്ത്ര്യം നൽകി. അദ്ദേഹം വിവാഹിതനായി. മാർത്തോമ്മാസഭയിലെ ഒരു "കശ്ശീശ്ശാ"യുമായി.

ഈ പ്രദേശങ്ങളിലെ കത്തോലിക്കർക്ക്—വിശേഷിച്ചും അക്കാലയളവിൽ—അദ്ദേഹത്തിന്റെ ഈ പോക്ക് ഉണങ്ങാത്ത ഒരു വ്രണമായി ഭവിച്ചു. ഫാദർ ഗീവർഗ്ഗീസ് യാക്കോബായസഭയിലെ ഒരു നല്ല വാഗ്മിയായിരുന്നു. അതിലും കൂടുതലായി, സുറിയാനിയിൽ നല്ലവണ്ണം പാടാൻകഴിയുന്ന ചുരുക്കം ചിലരിൽ ഒരാളായി അദ്ദേഹത്തെ യാക്കോബ്യർ കരുതിയിരുന്നു. വി. കുർബാനയിൽ സുറിയാനിസംഗീതത്തിനുള്ള സ്ഥാനം സ്തുത്യർഹമാണല്ലോ!


പുനരൈക്യപ്പെട്ട കത്തോലിക്കരായിക്കൊണ്ടിരുന്ന ഓരോരുത്തരെസംബന്ധിച്ചും അവരവരുടെ വ്യക്തിത്വത്തിനും സാഹചര്യങ്ങൾക്കും അനുസരണമായി വളരെയധികം ദോഷാരോപണങ്ങൾ ഉണ്ടായിട്ടുണ്ടു്. ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ടു്. ഫാദർ ഗീവർഗ്ഗീസ് കത്തോലിക്കനായപ്പോൾ അദ്ദേഹത്തെക്കുറിച്ചും കുറവല്ലാത്ത അപവാദങ്ങൾ ഉയർന്നിരുന്നു. എന്നാൽ തിരുസഭയെ ഉപേക്ഷിച്ചു മാർത്തോമ്മാസഭയിലേക്കു പോയപ്പോൾ—അതും പുനർവിവാഹത്തിനു്!—"കേവലം ഭൗതികങ്ങളായ പ്രലോഭനങ്ങൾക്കു വിധേയനായിട്ടുമാത്രമാണു്, ഫാദർ ഗീവർഗ്ഗീസ് കത്തോലിക്കനായിരുന്നതു്" എന്നുള്ള ശത്രുക്കളുടെ ശരങ്ങൾ കൂടുതൽ മൂർച്ചയുള്ളതായി ഭവിച്ചു.

പരിചിതരായ കത്തോലിക്കരിൽനിന്നൊക്കെ വിദൂരമായി കഴിഞ്ഞു്, അവിടവിടെ മാർത്തോമ്മാപള്ളികളിൽ കഴിഞ്ഞിരുന്ന അദ്ദേഹത്തെ ഒന്നു കാണണമെന്നുതന്നെ ഈ ലേഖകൻ നിശ്ചയിച്ചു. ഈ ലേഖകന്റെതന്നേയും മാനസാന്തരത്തിനു അദ്ദേഹമായിരുന്നു കാരണമെന്നുള്ള പരമാർത്ഥവും ഇത്തരുണത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ!

ഞാൻ അദ്ദേഹത്തെ കണ്ടു. ഞങ്ങളുടെ കൂടിക്കാഴ്ച! ആ രംഗം! അന്യോന്യം ഒന്നും പറയുവാനാകാതെ ഞങ്ങൾ വികാരഭരിതരായി നിന്നുപോയി. പിന്നീടു ഞങ്ങൾ വളരെനേരം സംസാരിച്ചു. തിരുസഭയ്ക്കു വിപരീതമായി അദ്ദേഹത്തിനു യാതൊന്നും പറയുവാനുണ്ടായിരുന്നില്ല. കുററം ഏററുപറയുന്ന ഒരു "ശുദ്ധഹൃദയ"നെപ്പോലെ അദ്ദേഹം വർത്തിച്ചു. ഞങ്ങൾ യാത്രപറഞ്ഞു, നനഞ്ഞ നയനങ്ങളോടെ. അന്യോന്യം മിഴിച്ചുനിന്നു, മിണ്ടാനാവാതെ.

ഫാദർ ഗീവർഗ്ഗീസിനെക്കുറിച്ചു ഞങ്ങൾ പലതും ദുഃഖിച്ചു. പലപ്പോഴും അദ്ദേഹം ഞങ്ങളുടെ സംഭാഷണവിഷയമായി ഞങ്ങളുടെ

For favours received




M. O. Joseph, Nedumkunnam

വികാരി, ആ നല്ല മിഷനറി, ഫാദർ പയസ്, ഫാദർ ഗീവർഗ്ഗീസിനെപ്പററി പറയുമ്പോൾ അദ്ദേഹം വളരെ വലിയ വേദന അനുഭവിച്ചിരുന്നതായി ഞങ്ങൾക്കറിയാം. ഒടുവിൽ അദ്ദേഹം പറയും, "ശരി, അപ്പോൾ നിങ്ങൾ കൂടുതൽ പ്രാർത്ഥിക്കണം. ചിലപ്പോൾ തിരിച്ചുവരും."

ഫാദർ ഗീവർഗ്ഗീസിന്റെ ഒരു സഹോദരിയുടെ ഭർത്താവാണു്, മി. വറുഗീസുവാദ്ധ്യാർ. ഫാദർ ഗീവർഗ്ഗീസിനുമുമ്പു തിരുസഭയുടെ അംഗമായ ഒരു മാന്യൻ. വറുഗീസുവാദ്ധ്യാർ കത്തോലിക്കനായ കാരണത്താൽ, അന്നു യാക്കോബായവൈദികനായിരുന്ന ഫാദർ ഗീവർഗ്ഗീസിൽനിന്നും വളരെ ക്ലേശങ്ങൾ അദ്ദേഹത്തിനു് അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. എങ്കിലും ആ അച്ചൻ കത്തോലിക്കനായി! വറുഗീസുവാദ്ധ്യാർ അനുഭവിച്ച ആനന്ദം! പക്ഷേ പൊയ്പ്പോയി! ഒരു വലിയ തിരിച്ചടി!

വറുഗീസുവാദ്ധ്യാർ കൂടെക്കൂടെ പറയുമായിരുന്നു, "അച്ചൻ തിരിച്ചുവരും" എന്നു്. വന്നാൽ! ഒരു വൈദികന്റെ നിലയിൽ അദ്ദേഹം എങ്ങനെ കഴിയും?

ദൈവത്തിന്റെ കരുണ! കാട്ടുകേറി ഓടിയ ആ കാലുകൾ കുഴഞ്ഞു. അവ അശക്തങ്ങളായി. ഫാദർ ഗീവർഗ്ഗീസ് അനാരോഗ്യംമൂലം മാർത്തോമ്മാപള്ളികളിലെ ഇടവകഭരണമൊഴിഞ്ഞു വീട്ടിൽവന്നു. ശയ്യാവലംബിയായി. ക്ഷയരോഗം അദ്ദേഹത്തിന്റെ കരൾ കാർന്നുകൊണ്ടിരുന്നു. അന്തകരണത്തിനുമുമ്പിൽ ആത്മരക്ഷ ഒരു ചോദ്യചിഹ്നം സൃഷ്ടിച്ചു. ആ അടയാളം കൂടുതൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരുന്നു. അദ്ദേഹത്തിനു സമാധാനമില്ലാതെയായി. ഏതിനേയോ അന്വേഷിച്ചു പരക്കംപായുന്നതുപോലെ. ഒരു സ്വസ്ഥതയും ഇല്ലാതെ അദ്ദേഹം ശയ്യയിൽ പെരുമാറി.

വളരെ പ്രയാസപ്പെട്ടു് അദ്ദേഹം പറഞ്ഞു, അസ്സഹനീയമായ ചുമകൾക്കിടയിൽ: "എനിക്കു വാദ്ധ്യാരെ ഒന്നു കാണണം." വാദ്ധ്യാരെ വിളിപ്പിച്ചു. ചെറുപ്പക്കാരിയായ രണ്ടാമത്തെ ഭാര്യയും കുഞ്ഞുങ്ങളെല്ലാവരും കട്ടിലിനുചുററും നിന്നു, ഫാ. ഗീവർഗ്ഗീസ്, വാദ്ധ്യാരോടു പറഞ്ഞു: "എനിക്കു സമാധാനമാ...യി മരിച്ചാൽ കൊള്ളാമായിരുന്നു! ഇനി ഞാൻ അധികദിവസം ജീവിച്ചിരിക്കാൻ പോകുന്നില്ല. മരണത്തിലും ഞാൻ സമാധാനം കാണുന്നില്ല. എനിക്കുടനെ കത്തോലിക്കനാകണം! ഫാദർ പയസ്സ് ഒന്നിവിടെവരെ വന്നിരുന്നെങ്കിൽ! ഞാനപേക്ഷിക്കുന്നതായി അറിയിക്കാമോ?"

x x x

ഫാ. പയസ്സും, മി. വറുഗീസ് വാദ്ധ്യാരും, മററു പലരും, ആരുടെ തിരിച്ചുവരവിനായി പ്രാർത്ഥിച്ചുവോ, ആ ഫാ. ഗീവർഗ്ഗീസ്, ഫാ. പയസ്സിന്റെ സന്നിധിയിൽ ആത്മാർത്ഥമായ അനുതാപത്തോടെ, ഇററിറ്റുവീണുകൊണ്ടിരുന്ന കണ്ണീർക്കണങ്ങളോടെ, വീണ്ടും വത്സലമാതാവായ കത്തോലിക്കാതിരുസഭയുടെ സന്താനമായി!! അദ്ദേഹം കുമ്പസാരിച്ചു. ദിവ്യകാരുണ്യം കൈക്കൊണ്ടു് മരണം പ്രാപിച്ചു.

ഇതൊരു കെട്ടുകഥയല്ല. അനുഭവസാക്ഷികളായ അനേകർ ജീവിച്ചിരിക്കുന്നു. സമാധാനത്തോടെ മരിക്കാൻ കത്തോലിക്കാതിരുസഭ.

## ഇടവകവാർത്തകൾ


**കോയമ്പത്തൂർ:** സ്ഥലം കേരളകത്തോലിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ (ദുക്റാന) കോയമ്പത്തൂർ ഉപാസനാദേവാലയത്തിൽ വച്ചു് ആഘോഷപൂർവ്വം കൊണ്ടാടുകയുണ്ടായി. കാലത്തെ തിരുകർമ്മങ്ങൾക്കുശേഷം ഒമ്പതരമണിക്കു് വികാരി ജനറാൾ റവ ഫാദർ ജെ ജോസഫ് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ പൊതുയോഗം കൂടുകയുണ്ടായി. അസോസിയേഷൻ സിക്രട്ടറി മി വി ഡി അബ്രാഹം സ്വാഗതപ്രസംഗം ചെയ്തു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനുശേഷം മി എം വി ജോസഫ് അവർകളും റവ ഫാദർ ജെരാർദ്ദ് ഒ എഫ് എം (കപ്പു), റവ ഫാദർ വിൻസെന്റ് എന്നിവരും പ്രസംഗിച്ചു. ബാലികമാരുടെ പാട്ടും മംഗളത്തോടെ യോഗം മംഗളമായി പര്യവസാനിച്ചു.

ഉച്ചതിരിഞ്ഞു് 5മണിക്കു ആഘോഷമായ പ്രദക്ഷിണവും, 6മണിക്കു് പരിശുദ്ധ കുർബാനയുടെ വാഴ്‌വും ഉണ്ടായിരുന്നു.

**പൂന:** കേരളകത്തോലിക്കരുടെ പ്രേഷിതാവബോധം ഏററം പ്രശംസാർഹമാണു്. അവർ ചെയ്യുന്ന ആത്മീയ സേവനത്തിന്റെ ഫലങ്ങൾ ഭാരതത്തിൽ എവിടെയും കാണുവാൻ സാധിക്കും എന്നിപ്രകാരമാണു് സെൻറ് തോമസ് മലയാളി കത്തോലിക്ക് അസോസിയേഷന്റെ ഒന്നാംവാർഷികവും മാർത്തോമ്മാദിനാഘോഷവും പ്രമാണിച്ചു ജൂലൈ എട്ടാംതിയതി സെൻറ് ആൻഡ്രൂസ് സ്കൂൾഹാളിൽ ചേർന്ന മഹായോഗം ഉൽഘാടനം ചെയ്തുകൊണ്ടു പൂനാമെത്രാൻ മൊററ് റവ ഡോക്ടർ ആൻഡ്രൂ ഡിസൂസാ തിരുമേനി പ്രസ്താവിച്ചതു്. പൂനായിൽ ജോലിക്കായി വന്നു താമസിക്കുന്ന കേരളകത്തോലിക്കരുടെ ഐക്യമത്യവും കത്തോലിക്കാപ്രവർത്തനത്തിലുള്ള ജാഗ്രതയും കണ്ടു തിരുമേനി സന്തോഷം പ്രകടിപ്പിച്ചു.

ശ്രീ ടി ഏ വറുഗീസ് എം ഏ, തിരുമേനിയെ ഹാരമണിയിച്ചു് സ്വീകരിക്കുകയും സംഘടനാദ്ധ്യക്ഷൻ ശ്രീ കെ സി മാണി ബി ഏ സ്വാഗതമാശംസിക്കുകയും ചെയ്തു. ശ്രീ കെ വി ജോസഫ് റിപ്പോർട്ടു സമർപ്പിച്ചു. ദിവ്യ ശ്രീ കിഴക്കേടത്തു ജേക്കബ് അച്ചൻ പുനരൈക്യത്തെപ്പററി പ്രസംഗിച്ചു. വി തോമ്മാ

For favours being received



C. V. Juseph

ശ്ലീഹായും ഭാരതീയ സഭയും എന്ന വിഷയത്തെപ്പററി ദിവ്യ ശ്രീ മുഴിയിൽ മത്തായി അച്ചൻ എസ് ജെ പ്രസംഗിച്ചു. ക്രിസ്തീയാദർശം ജീവിതത്തെ എപ്രകാരം വിജയകരമാക്കുമെന്നു ദിവ്യ ശ്രീ ഇരട്ടമാക്കിൽ അഗസ്റ്റിൻ അച്ചൻ എസ് ജെ വിശദീകരിച്ചു. പേപ്പൽ സെമിനാരിയിലെ മലയാള ഗായകസംഘം യോഗത്തിൽ പ്രാർത്ഥനാഗീതങ്ങൾ ആലപിച്ചു. ശ്രീ വറുഗീസ് വിതയത്തിലിന്റെ കൃതജ്ഞതാപ്രകാശനത്തോടെ യോഗം സമാപിച്ചു.

**കളത്തുവയൽ:** തലശ്ശേരി രൂപതാമെത്രാൻ മൊററ് റവ ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സിലെ സംരക്ഷണയിലും പൊതുജനങ്ങളുടെ സഹകരണത്തിലും, 12 കിടക്കയോടുകൂടി, നവമായി ആരംഭിച്ചിരിക്കുന്ന കളത്തുവയൽ മൗണ്ട് സെൻറ് ജോർജ്ജ് ഹോസ്പിററലിന്റെ ഉൽഘാടനം ജൂലൈ 12-ാംനു ശ്രീ പി വി തോമസ് ബി ഏ, ബി കോം, ബി ടി അവർകൾ നിർവ്വഹിച്ചിരിക്കുന്നു. തദവസരത്തിൽ സമ്മേളിച്ച യോഗത്തിൽ അദ്ദേഹം ആദ്ധ്യക്ഷം വഹിച്ചു. അദ്ധ്യക്ഷനേയും ഡോക്ടർ കെ വി മത്തായി എം ബി ബി എസ് നേയും പ്രസംഗകനേയും റവ ഫാദർ സി ജെ വർക്കി സ്വാഗതംചെയ്തു. മലമ്പനിയോടു മല്ലടിച്ചു ജീവിക്കുന്ന മലബാറിലെ ജനങ്ങൾക്കു വൈദ്യസഹായം എത്രമാത്രം ആവശ്യമെന്നു് വിശദമാക്കി കളത്തുവയലിൽ ഒരാശുപത്രി സ്ഥാപിച്ചതിന്റെ ഔചിത്യത്തെപ്പററി മി കെ ജോസഫ് ബി ഏ പ്രസംഗിച്ചു.

**മാവേലിക്കര:** ഇവിടെ ബഥനിമഠത്തിനോടനുബന്ധിച്ച് റവ ഫാദർ ഇ എസ് ജോൺ അവർകളുടെ മാനേജുമെൻറിൽ "[illegible]" ആരംഭിച്ചിരിക്കുന്നു. മാവേലിക്കര ഡിവലപ്പ്മെന്റ് ബ്ലോക്കിൽനിന്നും ഗ്രാൻറ് അനുവദിച്ചിട്ടുണ്ടു്. ഇവിടെ "വിമല ചിൽഡ്രൻസ് ക്ലബ്ബും" ഉൽഘാടനം ചെയ്തിരിക്കുന്നു. ആവശ്യമായ ഉപകരണങ്ങൾ ബ്ലോക്കിൽനിന്നും അനുവദിച്ചിരിക്കുന്നു.

മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ചരമവാർഷികം പുന്നമൂട് കത്തോലിക്കാപള്ളിയിൽ കൊണ്ടാടിയിരിക്കുന്നു. ആഘോഷമായ പാട്ടുകുർബാനയും ധൂപപ്രാർത്ഥനയും നടത്തി. വികാരി റവ ഫാദർ ഇ എസ് ജോൺ വന്ദ്യതിരുമേനിയുടെ അപദാനങ്ങളെ പ്രകീർത്തിച്ചു പ്രസംഗിച്ചു. അഞ്ഞൂറിൽപ്പരം സാധുക്കൾക്കു അന്നദാനവും നൽകി.

**പാലയൂർ:** പാലയൂർഫൊറോനാപള്ളിയിലെ വലിയ തിരുനാൾ ജൂലൈ 15-ാംനു ഞായറാഴ്ച വളരെ ആഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടു. വളരെയധികം തീർത്ഥകർ വന്നിട്ടുണ്ടായിരുന്നു. വി. തോമാശ്ലീഹായുടെ പരിപാവനമായ കരങ്ങളാൽ പാലയൂരിൽ ക്രിസ്ത്യാനികളെ ജനിപ്പിച്ചതിന്റെ സ്മരണയാണു് പ്രസ്തുത തിരുനാൾ.

**പൊൻകുന്നം:** സ്ഥലം സവൈ എം ഏ യുടെ ഒരു പൊതുയോഗം പ്രസിഡണ്ടു് മി പി ജെ തോമസ് ബി ഏ യുടെ അദ്ധ്യക്ഷതയിൽ കൂടി 1956—57ലേക്കു് രൂപ 1364-9-3സ വരവും, രൂപ 1405 ചെലവും ഉള്ള ബഡ്ജററ് പാസ്സാക്കിയിരിക്കുന്നു.

**നിരവേലി:** ഈ പള്ളി ഇടവക പടിഞ്ഞാറേക്കര കൊച്ചൗസേപ്പിന്റെ മകൾ പി ജെ മേരി കഴിഞ്ഞ ജൂൺമാസം 18-ാംനു പാററ്നാമിഷ്യനിലേക്കു് പോയിരിക്കുന്നു. മേരി അമയന്നൂർ സെൻറ് മേരീസ് സൊഡാലിററിയിലെ ഒരു സജീവപ്രവർത്തകയുമായിരുന്നു.

## ചരമവാർത്ത

**ചെമ്മലമററം:** ശ്രീമതി അന്നക്കുട്ടി ജോസഫ് വെള്ളൂക്കുന്നേൽ 50-മത്തെ വയസ്സിൽ ജൂലൈ 14-ാംനു മദ്രാസ് ജനറൽ ഹോസ്പിററലിൽവച്ചു നിര്യാതയായി. മൃതദേഹം പിറേറന്നു് അനേകം വൈദികരുടെയും നാനാജാതി മതസ്ഥരായ വമ്പിച്ച ഒരു ജനാവലിയുടെയും സാന്നിദ്ധ്യത്തിൽ ചെമ്മലമററം പള്ളിസിമിത്തേരിയിൽ തയ്യാറാക്കിയ കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

R. I. P.

## അടുത്തയാഴ്ചയിൽ

ജൂലൈ
26 വ്യാ: വി. അന്നാമ്മ
27 വെ: വി. പന്താലിയോൻ
28 ശ: വി. നസ്സാരിയോസും കെൽസൊസും
29 ഞാ: പന്തക്ക 10-ാം ഞായർ
30 തി: വി. അബ്ദോനും സെനേനും
31 ചൊ: വി. ഇഗ്നേഷ്യസ് ലയോള
ആഗസ്റ്റ്
1 ബു: വി. പത്രോസിന്റെ [illegible]

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജോസഫ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || JULY 25, ERNAKULAM || No 47


## നിയോഗികമ്മററിറിപ്പോർട്ട പുറത്തിറക്കി

മദ്ധ്യപ്രദേശഗവർമ്മെണ്ട്, സംസ്ഥാനത്തിലെ ക്രിസ്ത്യൻ മിഷണറിപ്രവർത്തനങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ട സമർപ്പിക്കുന്നതിനു 1954 ഏപ്രിൽ മാസം 14-ാംതിയതി നാഗപ്പൂർ ഹൈക്കോടതിയിലെ മുൻ ചീഫ് ജസ്റ്റിസായിരുന്ന ഡോക്ടർ എം. ബി. നിയോഗിയുടെ അദ്ധ്യക്ഷതയിൽ ഒരു ഏഴംഗകമ്മിററിയെ ഒരു നോട്ടിഫിക്കേഷൻമൂലം നിയമിക്കുകയുണ്ടായി. കമ്മററി സമർപ്പിച്ച റിപ്പോർട്ടാണ് ഈ ജൂലൈ 18-ാം തീയതി പുറത്തുവന്നിരിക്കുന്നതു്. 182 പേജുകളിലായിട്ടാണ് കമ്മററി സുദീർഘമായ ഈ റിപ്പോർട്ട ക്രോഡീകരിച്ചിട്ടുള്ളതു്. റിപ്പോർട്ടിന്റെ ഉള്ളടക്കത്തിൽ അപ്രതീക്ഷിതമായി ഒന്നും തന്നെ ഇല്ലെന്നു പറയാം. എന്തുകൊണ്ടെന്നാൽ ഈ കമ്മററിയുടെ രൂപവൽക്കരണത്തിലും അതിന്റെ ഏകപക്ഷീയവും പ്രതിഷേധാർഹവുമായ പ്രവർത്തനങ്ങളിലും നിഴലിച്ചിരുന്ന ക്രിസ്ത്യൻമിഷനറിപ്രവർത്തനവിരോധമനോഭാവത്തിനു്, ചില തൊടുന്യായങ്ങളും തെളിവു ശേഖരണോദ്യമങ്ങളും ഒരു മൂടുപടമാക്കിയിട്ട അത്യന്തം ഗർഹണീയമായ ഒരു രേഖ സൃഷ്ടിച്ചു എന്നുമാത്രമേ അതിനർത്ഥമുള്ളു. സംഭവഗതികളെ നിരീക്ഷിച്ചുകൊണ്ടിരുന്നവർക്കെല്ലാം ഇതു നേരത്തേതന്നെ മനസ്സിലാക്കുവാൻ കഴിയുമായിരുന്നു.

റിപ്പോർട്ടിന്റെ രത്നച്ചുരുക്കം, മതപരിവർത്തനം പ്രധാനലക്ഷ്യമായി കരുതുന്ന മിഷനറിമാരെ പിൻവലിപ്പിക്കണമെന്നും, വളരെയധികം മിഷനറിമാർ ഉണ്ടായിരിക്കുന്നതു അനാവശ്യമാണെന്നും, അതു നിരോധിക്കണമെന്നും, വിദേശങ്ങളിൽനിന്നു പണം കൊണ്ടുവന്നു ആശുപത്രികളും സ്കൂളുകളും അനാഥമന്ദിരങ്ങളും നടത്തുന്നതു മതപ്രചാരണത്തിനു കാരണമാകുന്നതുകൊണ്ടു അതു തടയണമെന്നും, വിദേശമിഷ്യൻ സംഘങ്ങളുടെപേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വസ്തുക്കൾ ദേശീയസഭകളുടെ പേരിലേക്കോ ഒരു സർവ്വരാജ്യസമൂഹത്തിന്റെ പേരിലേക്കോ മാററണമെന്നും, മതപ്രചാരണത്തിനു ഇന്ത്യൻ ഭരണഘടനയിൽ നൽകിയിട്ടുള്ള അവകാശം ഇന്ത്യൻ പൗരന്മാർക്ക മാത്രമേയുള്ളു എന്നു ഭരണഘടന തിരുത്തി വിശദീകരിക്കണമെന്നും, ഈവകപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പട്ടികജാതിയിലോ ആദിവാസിവർഗ്ഗത്തിലോ പെട്ട ഒരു മന്ത്രിയുടെ കീഴിൽ സാംസ്കാരികവും മതപരവുമായ കാര്യങ്ങൾക്കായുള്ള ഒരു പ്രത്യേകവകുപ്പ ഏർപ്പെടുത്തണമെന്നും, അനാഥശിശുക്കളുടെ രക്ഷാകർത്തൃത്വം സ്റ്റേററിനാണെന്നും അതുകൊണ്ടു് അനാഥമന്ദിരങ്ങൾ നടത്തുക എന്നതു സ്റ്റേററിന്റെപ്രഥമ കർത്തവ്യമാകണമെന്നും, സ്റ്റേററുഗവർമ്മെണ്ടിന്റെ അനുവാദമില്ലാതെ മതപരമായ സാഹിത്യം പ്രചരിപ്പിച്ചുകൂടാ എന്നും, ഗവർമ്മെണ്ടു മുഖേനയല്ലാതെ അന്തർദ്ദേശീയ [illegible] ഏജൻസികളെ വിദേശങ്ങളിൽനിന്നും സാധനം സ്വീകരിക്കാൻ അനുവദിച്ചുകൂടാ എന്നും മററുമാണ്. കമ്മററിയുടെ റിപ്പോർട്ടിൽ ഉള്ളടക്കിയിട്ടുള്ള ഈ നിർദ്ദേശങ്ങളും ശുപാർശകളും വെറും മിഥ്യയേതിൽനിന്നും മുൻവിധിയിൽനിന്നും മുളയെടുത്തിട്ടുള്ളവയാണെന്നും അവ ഇന്ത്യൻഭരണഘടനയിലെ വ്യവസ്ഥകൾക്കും തത്വങ്ങൾക്കും വിരുദ്ധമാണെന്നും ക്രിസ്ത്യൻസമുദായത്തെ കരിതേക്കുന്നതിനും ക്രിസ്ത്യസഭയുടെ പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്നതിനും മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും മനസ്സിലാക്കാൻ വിവാദവിഷയവുമായി സാമാന്യജ്ഞാനമെങ്കിലും സിദ്ധിച്ചിട്ടുള്ളവർക്ക വിഷമമുണ്ടാവുകയില്ലല്ലോ. ദുരുദ്ദേശപരവും വിനാശകരവുമായ ഈ സംരംഭത്തെ അതിന്റെ പ്രാരംഭഘട്ടം മുതൽ മദ്ധ്യപ്രദേശത്തിലേയും ഭാരതത്തിലേയും ക്രിസ്ത്യാനികൾ ശക്തിയായി പ്രതിഷേധിച്ചുകൊണ്ടിരുന്നതു്, ഒരു പ്രബലന്യൂനപക്ഷത്തിനെതിരായി നിയമവിരുദ്ധവും ദുരുദ്ദേശപൂർണ്ണവുമായി സൃഷ്ടിക്കപ്പെട്ട അവിഹിതമായ ഈ രേഖ ഒരു ഗവർമ്മെണ്ടിന്റെ പേരിൽ പുറത്തുവരാൻ ഇടയാകരുതെന്നു കരുതിയായിരുന്നു. അതു ശ്രദ്ധിക്കുന്നതിനുള്ള മഹാമനസ്കത മദ്ധ്യപ്രദേശ് ഗവർമ്മെണ്ടിനില്ലാതെ പോയതു് നിർഭാഗ്യമെന്നേ പറയേണ്ടതുള്ളു.

കമ്മററിയുടെ നിയമനത്തെ തുടർന്നു ചോദ്യങ്ങളുടെ ഒരു പട്ടികയാണ് കമ്മററിയംഗങ്ങൾ സൃഷ്ടിച്ചുണ്ടാക്കിയതു്. വെറും അനാവശ്യവിശദീകരണങ്ങളും ദുരുദ്ദേശങ്ങളും ഒളിയമ്പുകളും നിറഞ്ഞ പല പ്രശ്നങ്ങളേയും സംഗ്രഹിച്ചുകൊണ്ടുള്ള ഈ ചോദ്യപ്പട്ടികയും കമ്മററിയുടെ പക്ഷപാതപരമായ പ്രവർത്തനവും ക്രിസ്ത്യാനികളെ മറെറല്ലാം അധിക്ഷേപിക്കുന്നതിനും പൊതുജനങ്ങളുടെയിടയിൽ തെററിദ്ധരിപ്പിക്കുന്നതിനുമുള്ള നിയമവിരുദ്ധമായ നടപടിയാണെന്നു വിശദമാക്കി സങ്കടപരിഹാരത്തിന്, മദ്ധ്യപ്രദേശ് കാത്തലിക്ക് റീജിയനൽ കൗൺസിൽ പ്രസിഡന്റ് മി. ജീ. എക്സ്. ഫ്രാൻസീസ് ഈ ഗവർമ്മെണ്ടു നടപടിക്കെതിരായി കോടതിയിൽ അപേക്ഷ ബോധിപ്പിച്ചു അതു തള്ളപ്പെട്ടു. നാഗപ്പൂർ ഹൈക്കോടതിയിൽനിന്നുണ്ടായ അസംബന്ധവിധിയിന്മേൽ 11-7-56-ൽ അദ്ദേഹം സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചിരിക്കുകയാണ്. നിയമവ്യവസ്ഥതയും മൗലികാവകാശസംരക്ഷണത്തെയും സംബന്ധിക്കുന്ന ഗൗരവാവഹമായ വിഷയങ്ങളെ സ്പർശിക്കുന്ന ഇക്കാര്യത്തിൽ സുപ്രീംകോടതിയുടെ അവസാനതീരുമാനംവരെ കാത്തിരിക്കുന്നതിനു പോലും കൂട്ടാക്കാതെ റിപ്പോർട്ട പ്രസിദ്ധീകരിച്ചിരിക്കുന്നതു ഈ സംരംഭത്തിന്റെ [illegible] വേറൊരു തെളിവായി പരിഗണിക്കാവുന്നതാണ്. സുപ്രീംകോടതിയുടെ പരിഗണനയ്ക്കായി മി. ഫ്രാൻസീസ് സമർപ്പിച്ചിട്ടുള്ള അപ്പീൽ മെമ്മോറാണ്ടം 25 ഖണ്ഡികകളിൽ നിയമവിരുദ്ധമായി പ്രവർത്തിക്കപ്പെട്ടിട്ടുള്ളതും സങ്കടകാരണമായി നിലകൊള്ളുന്നതുമായ സംഗതികൾ വിശദീകരിച്ചിട്ടുണ്ടു്. സങ്കടനിവൃത്തിക്കായി അഞ്ചുപക്ഷകളാണ് അദ്ദേഹം നിവേദിപ്പിച്ചിരിക്കുന്നതു്:- 1. ഹൈക്കോടതിയുടെ നിഷേധഉത്തരവു മാററിവയ്ക്കുക; 2. നിയോഗികമ്മററിയെ നിയമിക്കുന്ന നോട്ടിഫിക്കേഷൻ അധികാരപരിധിയെ അതിലംഘിക്കുന്നതും നിയമസാധുതയില്ലാത്തതുമെന്നു പ്രഖ്യാപിക്കുക; 3. കമ്മററിയെ പിരിച്ചുവിടുക; 4. കമ്മററിയുടെ റിപ്പോർട്ട പ്രസിദ്ധപ്പെടുത്തുന്നതിനെ നിരോധിക്കുക; 5. കമ്മററിയുടെ പ്രവർത്തനത്തിനുവേണ്ടി ഗവർമ്മെണ്ടിൽനിന്നു ചിലവായിട്ടുള്ള സംഖ്യ അതിന്റെ നിയമനത്തിനുത്തരവാദികളായവരിൽനിന്നു ഈടാക്കുക. ഇതുവിധത്തിലുള്ള ഒരപ്പീൽ സുപ്രീംകോടതിയുടെ തീരുമാനത്തിനു സ്വീകരിക്കപ്പെട്ടിരിക്കുന്ന അവസരത്തിലാണ്, 18-ാംതിയതി ഗവർമ്മെണ്ടു ബന്ധപ്പെട്ട റിപ്പോർട്ട പരസ്യപ്പെടുത്തിയിരിക്കുന്നതു്. റിപ്പോർട്ട പരസ്യപ്പെടുത്തുവാൻ അനുവദിക്കരുതെന്നു ഹൈക്കോടതിയിൽ മി. ഫ്രാൻസീസ് ബോധിപ്പിച്ചിരുന്ന പെററീഷൻ, ഈക്കാര്യത്തിൽ ഹൈക്കോടതിക്കിടപെടാൻ നിയമമില്ലെന്നുള്ള കാരണത്താൽ തള്ളിയ വിധിന്യായത്തിൽതന്നെ ബ. ജഡ്ജി, സങ്കടക്കാരെ മാറുകാഴ്ചകളിലൂടെ സങ്കടനിവൃത്തിയുണ്ടാക്കാൻ വേണ്ട സാധകാംശം എതിർകക്ഷി നൽകണമെന്നുള്ള പ്രത്യാശ പ്രകടമാക്കിയിട്ടുണ്ടെന്നുള്ളതും ഇവിടെ പ്രത്യേകം ശ്രദ്ധാർഹമാണ്. ഈ വസ്തുതകളും സാഹചര്യങ്ങളും എല്ലാം വച്ചുനോക്കുമ്പോഴാണ് ഈ സംരംഭം എത്ര മാത്രം ദുരുദ്ദേശപരവും, ക്രിസ്ത്യൻസമുദായത്തിന്റെ അവകാശ പാരമ്പര്യങ്ങളെ നിഹനിക്കുന്നതിനു കരുതിക്കൂട്ടി ചെയ്തിട്ടുള്ള നീതിവിരുദ്ധമായ ഒരു പ്രതിപ്രയോഗവുമാണെന്നു സ്പഷ്ടമാകുന്നതു്. അങ്ങനെ അതു ആരംഭിച്ചു; അങ്ങനെതന്നെ അവസാനിപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടുശവം ചുമക്കുന്നതിനുള്ള ഭഞ്ജൽക്കാരം ആദ്യവസാനം കൂടി അതു ഭക്ഷിച്ചു സ്വാദിക്കുന്നതിനു കഴുകന്മാരും പാറന്നെത്താതിരിക്കയില്ല. അതു നമ്മുടെ വർഗ്ഗീയതയുടെ ഉച്ചപ്പാരവശ്യമാണല്ലോ.

ഏതായാലും എതിർപക്ഷത്തിന്റെ പരാതികളൊന്നും കേൾക്കാതെ ഏകപക്ഷീയമായും, പ്രശ്നാവലിയെ അടിസ്ഥാനമാക്കി നിർവ്വഹിക്കപ്പെട്ട തെളിവെടുപ്പുകളിൽ സാക്ഷികളെ ക്രോസുവിസ്താരം ചെയ്തു വാസ്തവം വെളിപ്പെടുത്തുന്നതിനുള്ള അവസരം നിഷേധിച്ചുംകൊണ്ടു, പ്രബലമായ ഒരു ഗവർമ്മെണ്ടിന്റെ നേതൃത്വത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ പ്രമാണത്തെ അതിന്റെ മുഖവിലയ്ക്കു സ്വീകരിക്കുവാനോ അനർഹമായ പ്രാമാണ്യം കല്പിക്കുവാനോ നീതിബോധമുള്ള ആരും ഉണ്ടാവുകയില്ല എന്നു തീർച്ചയാണ്. റിപ്പോർട്ടിനെതിരായ വിമർശനങ്ങളും അഭിപ്രായങ്ങളും രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അമർഷപൂർവ്വം പൊന്തിവന്നുകൊണ്ടിരിക്കുന്നുണ്ടു്. റിപ്പോർട്ട പരസ്യപ്പെടുത്തിയതിന്റെ പിറേറദിവസം തന്നെ ബോംബേ യൂണിവേഴ്സിററി കാത്തലിക്ക ഫെഡറേഷൻ ഉൽഘാടനം ചെയ്തുകൊണ്ടു ഇന്ത്യയുടെ അത്യുന്നത കർദ്ദിനാൾ വലേര്യൻ ഗ്രേഷ്യസ് തിരുമേനി ചെയ്ത പ്രസംഗത്തിൽ ഈ റിപ്പോർട്ടിനെപ്പററി പരാമർശിക്കുകയും കമ്മററിയുടെ നിഗമനങ്ങളെ തെളിയിക്കുവാൻ ഒരു [illegible] നടത്തുകയും ചെയ്തു. വിദേശത്തുനിന്നു ഇവിടെ വന്ന ക്രിസ്ത്യൻ മിഷ്യനറിമാർക്ക്, രാജ്യത്തിന്റെയും സഭയുടെയും സേവനത്തിൽ തങ്ങളുടെ ആയുഷ്കാലം ചിലവഴിക്കുക എന്ന ഒരേ ഒരു ലക്ഷ്യമേയുള്ളുവെന്നും, അവർക്ക് ഇന്ത്യയിൽ ഒരു രാഷ്ട്രീയലക്ഷ്യമുണ്ടു് എന്നുള്ള മദ്ധ്യപ്രദേശ്ഗവർമ്മെണ്ടിന്റെ അന്വേഷണക്കമ്മററി റിപ്പോർട്ടിലെ പ്രസ്താവന സാഹസികമായ ഒന്നാണെന്നും, കമ്മിററിയുടെ നിഗമനങ്ങളെല്ലാം തെളിയിക്കപ്പെടേണ്ടവയാണെന്നുമാണ് തിരുമേനി പ്രസ്താവിച്ചതു്. റിപ്പോർട്ടിനെപ്പററി നാഗപ്പൂർ മെത്രാപ്പോലീത്താ തിരുമേനി അത്യഗാധമായ ഖേദപൂർവ്വം പ്രസ്താവിച്ചതിപ്രകാരമാണ്:- "പ്രതിരോധത്തിനു നീതിയായ ഒരു വിചാരണ ലഭിക്കണമെന്നും, അവരുടെ ഭാഗം പറയുവാനവസരം നൽകണമെന്നു പ്രതീക്ഷിച്ചിരുന്നു. അതുണ്ടായില്ല എന്നതാണ് ഏററവും വേദനാജനകമായിരിക്കുന്നതു്." വിദ്വേഷമനോഭാവമില്ലാത്ത സ്ഥലങ്ങളിൽ കൂടി വിദ്വേഷം സൃഷ്ടിക്കുന്നതിനു ഈ റിപ്പോർട്ടിന്റെ പ്രസിദ്ധീകരണം ഇടയാക്കുമെന്നു തിരുമേനി ഭയാശങ്ക പ്രകടിപ്പിക്കുകയും ഈ കാററും കോളും മാറിപ്പോകാതിരിക്കുകയില്ല എന്നതി ലക്ഷിക്കുകയുംചെയ്തു. "സത്യം ഒരു കാലത്തു വിജയിക്കും, ഇന്ത്യൻജനതയുടെ നീതിബോധവും, ധർമ്മബോധവും ഈ കാർമേഘങ്ങൾക്കെല്ലാമുപരിയായി വിജയിക്കുക തന്നെ ചെയ്യും" എന്നാണ് തിരുമേനി പ്രസ്താവിച്ചതു്.

മദ്ധ്യപ്രദേശ്ഗവർമ്മെണ്ടു ഇപ്രകാരം നിയമവിരുദ്ധമായ ഒരു കമ്മററിയെ നിയമിച്ചതും, സാധാരണ നീതിബോധംപോലും ബലികഴിച്ചുകൊണ്ടു കമ്മററി ഏകപക്ഷീയമായ ഒരു റിപ്പോർട്ട സമർപ്പിച്ചതും, പ്രസ്തുത റിപ്പോർട്ട എതിർപക്ഷത്തിന്റെ സമാധാനം എന്താണെന്നു അന്വേഷിക്കാതേയും സുപ്രീംകോടതിയുടെ തീരുമാനത്തിനു കാത്തിരിക്കാതേയും പ്രസിദ്ധപ്പെടുത്തിയതും ഇന്ത്യയിലെ ന്യൂനപക്ഷമായ ക്രിസ്ത്യൻസമുദായത്തോടു ചെയ്ത കടുത്ത അനീതിയാണെന്നു പറയാതെ തരമില്ല. ഈ സംരംഭത്തിൽ പ്രകടമായിരിക്കുന്ന വർഗ്ഗീയമനസ്ഥിതിയേയും ഒരു ന്യൂനപക്ഷത്തോടുള്ള അവമതിയേയും അങ്ങേഅററം അപലപിക്കാതേയും എതിർക്കാതേയും തരമില്ല. ഒരു മതേതരരാഷ്ട്രവും, ന്യൂനപക്ഷതാല്പര്യങ്ങളെ നീതിബോധത്തോടുകൂടി പാലിക്കുന്നതിനു ബദ്ധശ്രദ്ധവുമായ ഇന്ത്യക്ക അപമാനകരമായ ഒരു സാഹസമാണ് മദ്ധ്യപ്രദേശ് ഗവർമ്മെണ്ടു പ്രവർത്തിച്ചിരിക്കുന്നതു് എന്നു സവ്യസനം പ്രസ്താവിച്ചുകൊള്ളുന്നു.

### പ്രസാധകക്കുറിപ്പുകൾ

## പോസ്നാൻ പ്രക്ഷോഭണത്തെപ്പററി

### ബിഷപ്പ് ഗൗളിനാ

രാജ്യഭ്രഷ്ടരാക്കപ്പെട്ട പോളിഷ് ജനതയുടെ ആദ്ധ്യാത്മികനിയന്ത്രണത്തിനായി നിയമിതനായിട്ടുള്ള ബിഷപ്പ് ജോസഫ് ഗൗളിനാ തിരുമനസ്സുകൊണ്ടു ഈയിടെ പോളണ്ടിൽ നടന്നതായ പ്രക്ഷോഭണത്തിന്റെ കാരണങ്ങളെ അപഗ്രഥനംചെയ്തു റോമിൽവച്ചു ഒരു വിശദീകരണം നൽകിയിരിക്കുന്നു. പോളണ്ടിലെ യഥാർത്ഥ സ്ഥിതിയെ മനസ്സിലാക്കുന്നതിനു അദ്ദേഹം പ്രസ്താവിച്ചതു്, ഇന്നു പോളണ്ടിൽ സ്വാതന്ത്ര്യമായ ഒരു തിരഞ്ഞെടുപ്പു നടക്കുകയാണെങ്കിൽ കമ്മ്യൂണിസ്റ്റുകൾക്കു കഷ്ടിച്ചു മൂന്നുശതമാനം വോട്ടുകൾമാത്രമേ ലഭിക്കുകയുള്ളുവെന്നാണ്. പോസ്നാൻപ്രക്ഷോഭണത്തിന്റെ മൂലകാരണം, ജനത കമ്മ്യൂണിസ്റ്റുപീഡകരിൽനിന്നു അനുഭവിച്ചുകൊണ്ടിരിക്കുന്ന അനീതികളും ബന്ധനങ്ങളും ദുരിതവും അവരിൽ രൂഢമൂലമായിരിക്കുന്ന വെറുപ്പുമാണ്. "കമ്മ്യൂണിസത്തിന്റെ പിന്നിലെ ഭീകരഭരണമാണ്. ഭീകരഭരണം കൂടാതെ അതിനു പോളണ്ടിൽ പിടിച്ചുനില്ക്കുവാൻ സാധിക്കുകയില്ല" എന്നാണദ്ദേഹം വിശദമാക്കിയതു്. കമ്മ്യൂണിസ്റ്റ് ഭരണത്തോടോ, റഷ്യാക്കാരോടോ, സഹകരിച്ചും ലഭിക്കുകയാണെങ്കിൽ, ഈ നാലു ചോദ്യങ്ങൾ ചോദിക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു: 1. പൊതുവിമോചനപ്രഖ്യാപനം നടന്നു കഴിഞ്ഞിട്ടും, "രാഷ്ട്രതാല്പര്യങ്ങളെ അപകടപ്പെടുത്തുന്നു" എന്ന അടിസ്ഥാനരഹിതമായി കാരാഗൃഹത്തിൽ തടവിൽ പാർപ്പിച്ചിട്ടുള്ള ഞങ്ങളുടെ മെത്രാന്മാരെ നിങ്ങൾ എന്തുകൊണ്ടു മോചിപ്പിക്കുന്നില്ല? 2 യുദ്ധകാലത്തു റഷ്യയിലേക്കു നാടുകടത്തിക്കൊണ്ടുപോയ 20 ലക്ഷം പോളണ്ടുകാരിൽ എത്രപേർ ഇനിയും അവിടെയുണ്ടു? 3. മാതാപിതാക്കന്മാരിൽനിന്നും ബലമായി അപഹരിച്ചുകൊണ്ടുപോയിട്ടുള്ള 8 ലക്ഷം കുട്ടികൾക്കു എന്തു സംഭവിച്ചു? 4. സൈനികോദ്യോഗസ്ഥന്മാരായ 10,000 പോളണ്ടുകാരെ കാററിൻവുഡ്സിൽ വച്ചു വധിച്ചതിനെപ്പററി നിങ്ങളെന്താണ് ഒന്നും പറയാത്തതു്? "പോസ്നാനിൽ ജനങ്ങളുടെ ക്ഷോഭം പൊട്ടിപ്പുറപ്പെടുന്നതിനുണ്ടായ കാരണം ഇതിൽനിന്നു ഗ്രഹിക്കാവുന്നതാണ്. അതിനെ കുത്തിപ്പൊക്കിയെന്ന കുററാരോപണം പ്രക്ഷോഭകാരികളിൽ ചുമത്തേണ്ട ആവശ്യമൊന്നുമില്ല. അവിടെ കത്തോലിക്കാസഭയുടെമേലും, പ്രത്യേകിച്ചും കർദ്ദിനാൾ വിഷിൻസ്കിക്കെതിരായും നടമാടുന്ന ഭീകരവും ആക്ഷേപാർഹവുമായ പ്രവർത്തനങ്ങളെ, മുഴുവനും കത്തോലിക്കരടങ്ങിയ പോളിഷ് ജനതയ്ക്കു എങ്ങനെ സഹിക്കുവാൻ കഴിയും?" എന്നാണ് അദ്ദേഹം ചോദിച്ചതു്. വിശ്രമരഹിതമായ വേലയും, വളരെ കുറഞ്ഞ കൂലിയും, ഭക്ഷണദാരിദ്ര്യവുമാണ്. ഈ പ്രക്ഷോഭണത്തിന്റെ തല്ക്കാലകാരണങ്ങളെന്നുള്ളതു ശരിയാണ്. എന്നാൽ പരമ്പരാഗതമായി കത്തോലിക്കാവിശ്വാസത്തിൽ അടിയുറച്ചിട്ടുള്ള അവിടത്തെ അന്തരീക്ഷത്തിൽ ഒരു പൊട്ടിത്തെറിക്കൽ സംജാതമാകുന്നതിനുള്ള മൂലകാരണം, വൈദേശികമായ കമ്മ്യൂണിസ്റ്റ് മേധാവിത്വത്തിന്റെ മർദ്ദനയംമൂലം ജനതയിൽ രൂഢമൂലമായിരിക്കുന്ന അമർഷമാണെന്നതിൽ സംശയമില്ല. തൊഴിലാളിവിഭാഗത്തിൽനിന്നുണ്ടായതും ക്ഷണത്തിൽ അടിച്ചമർത്തപ്പെട്ടതുമായ ഈ പ്രക്ഷോഭണത്തിനു ഭക്ഷണപ്രശ്നം മാത്രമല്ല നിദാനമായിരുന്നതെന്നു തെളിവാണ്. ഭക്ഷണത്തിനുവേണ്ടി മാത്രമായിരുന്നില്ല അവരുടെ മുറവിളി. നിർബാധം മതകർമ്മങ്ങൾ നടത്തുന്നതിനുള്ള പ്രതിബന്ധങ്ങൾക്കെതിരായി അവർക്കുള്ള അമർഷവും അവിടെ പ്രകടമായിരുന്നു. "ദൈവത്തിനുവേണ്ടിയും അപ്പത്തിനുവേണ്ടിയും" എന്നുള്ള മുദ്രാവാക്യങ്ങളാണ് അവർ വിളിച്ചുപറഞ്ഞിരുന്നതു്. "കർദ്ദിനാൾ വിഷിൻസ്കിയെ മോചിപ്പിക്കുക" എന്നെഴുതിയിരുന്ന പതാകകൾ അവർ സംവഹിച്ചിരുന്നു. കുട്ടികൾ അവരുടെ പ്രകടനങ്ങളിൽ ഭക്തഗാനങ്ങൾ ആലപിച്ചിരുന്നു. സോവ്യററാധിപത്യത്തിനുമുമ്പുണ്ടായിരുന്ന ദേശീയപതാക നഗരമന്ദിരത്തിന്മകളിൽ പാറിക്കുകയും പഴയ ദേശീയഗാനം ആലപിക്കുകയു

മുണ്ടായി. ഇവയെല്ലാം പ്രത്യക്ഷമാക്കുന്നതു് പോസ്നാൻ പ്രക്ഷോഭണം കമ്മ്യൂണിസ്റ്റു മർദ്ദനത്താൽ പൊറുതിമുട്ടിയ പോളിഷ് ജനവിഭാഗത്തിന്റെ സാന്ദർഭികമായ ഒരു പ്രകടനം മാത്രമായിരുന്നുവെന്നാണ്.

മദ്ധ്യഖണ്ഡനിലെ പോളിഷ് ജനങ്ങളുടെ മേൽനോട്ടം നടത്തുന്ന ഫാദർ മൈക്കേൽ സൊളോവിജ് ജൂലൈ 1-ാം തീയതി ഗ്രീൻപോയിന്റ് ദേവാലയത്തിൽവച്ചു പോസ്നാൻസംഭവത്തിൽ അപകടം സംഭവിച്ചവർക്കുവേണ്ടി ദിവ്യബലിയർപ്പിക്കുകയും വികാരഭരിതരായി ഭക്തിപൂർവ്വം അതിൽ സംബന്ധിച്ച 5000 ത്തിൽപ്പരം വരുന്ന പോളിഷ് ജനവിഭാഗത്തെ അഭിസംബോധനചെയ്തു പ്രസംഗിക്കുകയുംചെയ്തു. "പോസ്നാനിലെ ജനങ്ങളെ കമ്മ്യൂണിസ്റ്റ് കൂടംകൊണ്ടു് മൃഗീയമായി അടിച്ചുതകർക്കുകയും കമ്മ്യൂണിസ്റ്റ് അരിവാൾകൊണ്ടു കൊയ്തെടുക്കുകയുമാണു ചെയ്തിരിക്കുന്നതു്. പോസ്നാൻനഗരവീഥികളിലൂടെ ഒഴുകുന്ന രക്തപ്പുഴതന്നെയാണ് "ആ രാജ്യത്തു സ്വാതന്ത്ര്യമില്ല എന്നുള്ളതിനു ഒന്നാംതരം തെളിവ്" എന്നാണ് അതിൽ അദ്ദേഹം പ്രസ്താവിച്ചതു്. കമ്മ്യൂണിസത്തിനു അതിന്റെ ആദർശമായ ഭീകരഭരണത്തിൽനിന്നു മാറി സ്വാതന്ത്ര്യത്തിലും സഹവർത്തിത്വത്തിലും ജീവിക്കുവാൻ സാധിക്കുകയില്ല എന്നുള്ളതിനു പോസ്നാൻസംഭവം ഒരു തെളിവുകൂടി ഹാജരാക്കുകയാണ്.

X X X

## തത്വശാസ്ത്രസമിതി

### തോമിസ്റ്റു തത്വശാസ്ത്രം പഠിക്കുന്നു

യുണൈറ്റഡ്സ്റ്റേറ്റ്സിലേയും കാനഡായിലേയും 90 പ്രമുഖ തത്വശാസ്ത്രപണ്ഡിതന്മാർ സെന്റ് ലൂയി യൂണിവേഴ്സിററിയിൽ സമ്മേളിച്ചു് ഇതയിടെ നാലുദിവസത്തേക്കു ദീർഘിച്ച ഒരു തത്വശാസ്ത്രനിരീക്ഷണം നിർവ്വഹിച്ചിരിക്കുന്നു. സിൻസിനാററിയിലെ മെത്രാപ്പോലീത്താ തിരുമനസ്സിലെ ഒരു നിർദ്ദേശത്തെ ആധാരമാക്കി അമേരിക്കൻ കത്തോലിക്കാതത്വശാസ്ത്രസമിതി ഒരു കൊല്ലം മുമ്പു പ്ലാൻ ചെയ്തതാണ് ഈ പണ്ഡിതസമ്മേളനം. വിശുദ്ധ തോമസ് അക്വിനാസിന്റെ സിദ്ധാന്തമനുസരിച്ചുള്ള തത്വശാസ്ത്രത്തെ കത്തോലിക്കാവൃത്തങ്ങളിൽമാത്രം ഒതുക്കിനിർത്താതെ മററുള്ള പണ്ഡിതന്മാർക്കുകൂടി അതിൽ അവഗാഹം പ്രദാനം ചെയ്യുന്നതിനു വഴിതെളിക്കണമെന്നതാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. അതു വളരെയധികം വിജയിച്ചുവെന്നു സമ്മേളനത്തിൽ പങ്കെടുത്ത പ്രമുഖ പണ്ഡിതന്മാർ തുറന്നു പ്രസ്താവിക്കുകയും ചെയ്തു.

ന്യൂയോർക്ക് യൂനിവേഴ്സിററിയിലെ തത്വശാസ്ത്രത്തിന്റേയും മനഃശാസ്ത്രത്തിന്റേയും വകുപ്പുമേധാവിയായ ഡോക്ടർ സിഡ്നി ഹുക്ക് എന്ന ദേഹം പ്രസ്താവിച്ചു, അദ്ദേഹത്തിന്റെ ധാരണ കത്തോലിക്കാ തത്വശാസ്ത്രചിന്ത കാനൻനിയമത്താൽ വരിഞ്ഞുമുറുക്കി ബന്ധിച്ചിരിക്കുകയാണെന്നായിരുന്നുവെന്നും ഇപ്പോൾ ആ അബദ്ധധാരണ പാടെ മാറിയിരിക്കുന്നുവെന്നുമാണ്. "സെന്റ് ലൂയിയിൽ ധിഷണാപരമായ സമീപനത്തെ അനുകൂലിക്കുന്ന ഒരുസംഘം സഹതത്വചിന്തകന്മാരുടെ മദ്ധ്യത്തിലാണു ഞാനിരിക്കുന്നതെന്നു എനിക്കു ബോദ്ധ്യമായി. ഇവിടെ വളരെ കാര്യങ്ങൾ ഞാൻ പഠിച്ചു" എന്നദ്ദേഹം സമ്മേളനത്തിൽ വിശദമാക്കി. തോമിസ്റ്റു സിദ്ധാന്തങ്ങളും ഇതരസിദ്ധാന്തങ്ങളും തമ്മിലുള്ള സംഘട്ടനം പ്രധാനമായി അവയിൽ സ്വീകരിക്കപ്പെടുന്ന സാങ്കേതികശബ്ദങ്ങളെ ശരിയായി ഗ്രഹിക്കാത്തതുകൊണ്ടു മാത്രമാണെന്നു ഒന്നിലധികം പ്രാവശ്യം വാദപ്രതിവാദങ്ങളിൽ തെളിയുകയുണ്ടായി. തോമിസ്റ്റുകൾ സിദ്ധാന്തങ്ങൾ ശരിയായ അർത്ഥത്തിൽ ഗ്രഹിച്ചുകഴിയുമ്പോൾ അവ വളരെ സ്വീകാര്യങ്ങളുമാണെന്നു എവർക്കും മനസ്സിലാകുമെന്നാണു ഡോക്ടർ ഹുക്ക് അഭിപ്രായപ്പെട്ടതു്. സെന്റ് ലൂയിയിലെ ഒരു തത്വശാസ്ത്രപണ്ഡിതനായ ഫാദർ റോബർട്ട് ഹേനി എസ്. ജെ. അവർകൾ, തത്വശാസ്ത്രപരമായ ഗവേഷണങ്ങളിൽ ശാസ്ത്രീയമാർഗ്ഗങ്ങൾ എങ്ങനെ ബാധകമാകുന്നു എന്ന വിഷയത്തെ ആസ്പദമാക്കി ഒരുപന്യാസം വായിച്ചു. അതിനെ പരാമർശിച്ചു് ഉത്തര-പശ്ചിമയൂണിവേഴ്സിററിയിലെ ഒരു പ്രൊഫസറായ ഡോക്ടർ എലിസിയോ വിവാസ് ഇപ്രകാരം പ്രസ്താവിച്ചു:- "പല പ്രധാനകാര്യങ്ങളിലും ഉൽബുദ്ധനായിട്ടാണ് ഞാൻ ഇവിടെനിന്നു മടങ്ങുന്നതു്. ഉപന്യാസകർത്താവു് യഥാർത്ഥത്തിൽ അതിപ്രധാനമായ ചില വിഷയങ്ങൾ എന്റെ പരിചിന്തനത്തിനു വിധേയമാക്കിയിരിക്കുകയാണ്. ചിന്തകന്മാർക്കു സമ്മേളിക്കുവാൻ സാദ്ധ്യമായ ഒരു രംഗം ഞാൻ ദർശിക്കുന്നു." സമ്മേളനം ഉപസംഹരിച്ചുകൊണ്ടു് പ്രസിഡണ്ടു ഡോക്ടർ ജയിംസ് കോളിൻസ് പറഞ്ഞു: "ഏതെങ്കിലും ഒരു വിഷയത്തിൽ ഒരു തോമിസ്റ്റ് തത്വശാസ്ത്രജ്ഞനുള്ള അഭിപ്രായം, ആത്മാർത്ഥമായ ആധുനിക തത്വശാസ്ത്രജ്ഞന്മാർക്കു പരിഗണനാർഹമാണെന്നുള്ള വസ്തുത ഇപ്പോൾ വ്യക്തമായിരിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു". കത്തോലിക്കാസഭ ഒന്നിലധികം തത്വശാസ്ത്രസിദ്ധാന്തങ്ങൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും പൊതുവെ ഔദ്യോഗികമായി സ്വീകരിക്കുന്നതു് വി. തോമസ് അക്വിനാസ് ക്രോഡീകരിച്ചിട്ടുള്ള സിദ്ധാന്തമാണ്. അതാധ്യപണ്ഡിതനും അമാനുഷികമായവിധം അനുഗൃഹീതനുമായ വിശുദ്ധൻ തത്വശാസ്ത്രത്തിന്റേയും വേദപാഠങ്ങളുടേയും അടിസ്ഥാനത്തിൽ യുക്തിയുക്തമായ ഒരു തത്വമീമാംസയാണ് ആവിഷ്കരിച്ചിട്ടുള്ളതു്. അതു കത്തോലിക്കാസഭയുടേതായതുകൊണ്ടു്, അതിന്റെ വൈശിഷ്ട്യത്തെപ്പററി പരിഗണിക്കാതെ, മുൻവിധിയോടുകൂടി പല ശാസ്ത്രജ്ഞന്മാരും അതിനെ വിഗണിക്കുകയാണ് ചെയ്തുപോന്നിട്ടുള്ളതു്. ശാസ്ത്രലോകത്തിനു ഇതു ഒരു തീരാകളങ്കമാണെന്നു എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. ഈ മുൻവിധിയെ നിവാരണം ചെയ്യുന്നതിനും തത്വശാസ്ത്രപുരോഗതിയിൽ വളരെയധികം സഹായകമാകാവുന്ന തോമിസ്റ്റുശാസ്ത്രമീമാംസയിലേക്കു തത്വശാസ്ത്രപണ്ഡിതന്മാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിനുമുള്ള ഈ സംരംഭം അത്യധികം സ്വാഗതാർഹമാണ്. ഭാരതത്തിൽ ഒന്നിലധികം തത്വമീമാംസകൾ പണ്ടുമുതലേ ആവിഷ്കൃതങ്ങളായിട്ടുണ്ടു്. അവയെപ്പററി അവഗാഹമായി പഠനംനടത്തുന്ന ശാസ്ത്രകാരന്മാരുമുണ്ടു്. എന്നാൽ തോമിസ്റ്റു തത്വമീമാംസയുമായി ഒരു താരതമ്യപഠനം നടത്തുന്നതിനു അവർ സന്നദ്ധരാവുകയാണെങ്കിൽ വസ്തുനിഷ്ഠമായ പരമസത്യത്തെ ഗ്രഹിക്കുന്നതിനു അതു അനർഘമായ ഒരു പാധിയാകാതിരിക്കയില്ല.

—o—

(4-ാംപേജ് തുടർച്ച)

മം. അതു നിർവ്വഹിക്കുന്നവർ വധുവും വരനുമാണ്. ആകയാൽ വികാരിയുടെ കാർമ്മികത്വത്തിൽ വിവാഹം നടന്നുവെന്നു പറഞ്ഞാൽ വധുവിനെ (വരനേയും) കല്യാണംകഴിച്ചതു് വികാരിയാണെന്ന അർത്ഥം വരികയുമില്ല.

വിവാഹത്തിലെ കാർമ്മികർ വധൂവരന്മാരാണെങ്കിൽ പിന്നെ വൈദികന്റെ ആവശ്യമെന്താണ്? അദ്ദേഹം സഭയുടെ ഔദ്യോഗിക സാക്ഷിയാകുന്നു. വിവാഹമെന്ന കൂദാശ യഥാവിധി നിർവ്വഹിക്കപ്പെടുന്നതെങ്കിൽ ഒരു വൈദികന്റെയും രണ്ടു സാക്ഷികളുടെയും മുമ്പിൽവെച്ചു അതു നിർവ്വഹിച്ചിരിക്കണമെന്നു 1094-ാം കാനൻ അനുശാസിക്കുന്നു. വിവാഹം എവിടെവെച്ചു നടക്കുന്നുവോ അവിടത്തെ വികാരിയുടെയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഒരു വൈദികന്റെയോ സന്നിധിയിൽ വെച്ചായിരിക്കണം വിവാഹമെന്നു 1908 ഏപ്രിൽ 19-ാം തീയതിയിലെ വിശുദ്ധ പത്താം പിയൂസിന്റെ ഒരു ഡിക്രി അനുശാസിച്ചിരിക്കുന്നു.

സഭയുടെ നിയമമനുസരിച്ചു വിവാഹം എന്ന കൂദാശ സ്വീകരിക്കുന്ന വധൂവരന്മാർക്കു സഭ ദൈവത്തിന്റെ അനന്തമായ അനുഗ്രഹങ്ങൾ ഉദാരമായി ആശംസിക്കുന്നു. സഭയുടെ നാമത്തിൽ ഈ അനുഗ്രഹാശംസകൾ നിർവ്വഹിക്കുന്നതു് വൈദികനാണ്. അങ്ങനെ തന്റെ മുൻപാകെ വിവാഹബന്ധത്തിലേർപ്പെട്ട വധൂവരന്മാരെ വൈദികൻ ആശീർവദിക്കുന്നു. ഈ ആശീർവാദം വിവാഹത്തിലെ അനുപേക്ഷണീയമായ ഒരംശമായി കണക്കാക്കപ്പെടുന്നു. ആകയാൽ "...വാക്കോയും...മേരിയും തമ്മിലുള്ള വിവാഹം ആശീർവദിച്ചതു് ഫാ. ലിക്കരയാണ്" എന്നു പറഞ്ഞാൽ അതു ശരിയായിരിക്കും.

ചോ: വൈദികർക്കു വിവാഹം നിരോധിച്ചിരിക്കെ, ചില വൈദികർക്കു വിവാഹം ചെയ്യുവാൻ സഭ അനുവദിക്കുന്നതു എന്തുകൊണ്ടാണ്?

ഉ: വൈദികർ വിവാഹം ചെയ്തുകൂടായെന്നു ദൈവികമോ സ്വാഭാവികമോ ആയ നിയമമൊന്നുമില്ല. വൈദികബ്രഹ്മചര്യം കത്തോലിക്കാ സഭയുടെ ഒരു വിശ്വാസസത്യവുമല്ല. പൗരോഹിത്യത്തിന്റെ മാഹാത്മ്യത്തെയും ചുമതലകളെയും മുൻനിർത്തി, സഭയിൽ നടപ്പിൽ വന്ന ആചാരപരമായ ഒരു ചട്ടമാണതു്. "കന്യകകളുടെ നാഥനായ ക്രിസ്തു കന്യാത്വത്തെ വളരെയധികം പ്രശംസിച്ചിട്ടുണ്ടു്. അവിടുന്നു പറയുന്നതു നോക്കുക:- "വരം ലഭിച്ചവനല്ലാതെ എല്ലാവരും ഈ കാര്യം ഗ്രഹിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ തങ്ങളുടെ മാതാവിന്റെ ഉദരത്തിൽ നിന്നു ഷണ്ഡന്മാരായി ജനിക്കയാൽ അങ്ങനെയുള്ളവരുണ്ടു്. മനുഷ്യർ മൂലം ഷണ്ഡന്മാരായിത്തീർന്നവരുമുണ്ടു്. സ്വർഗ്ഗരാജ്യത്തെക്കരുതി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിത്തീർത്ത ഷണ്ഡന്മാരുമുണ്ടു്" (മത്തായി xix, 11.12,

ബ്രഹ്മചാരിയായിരുന്ന വിശുദ്ധ പൗലോസ് പറയുന്നതിങ്ങനെയാണ്:- "സകല മനുഷ്യരും ശുദ്ധതയിൽ എന്നെപ്പോലെ ആയിരിക്കണമെന്നാണ് എന്റെ ആഗ്രഹം. എങ്കിലും ഒരു വിധത്തിലുള്ളതായിട്ടും മറെറാരു വിധത്തിലുള്ളതായിട്ടും ഓരോരുത്തനും ദൈവത്തിൽനിന്നു ദാനം നൽകപ്പെട്ടിട്ടുണ്ടു്. എന്നാൽ ഭാര്യമാരില്ലാത്തവരോടും വിധവകളോടും ഞാൻ പറയുന്നു, അവർ എന്നെപ്പോലെ ഇരിക്കുന്നതു അവർക്കു നല്ലതാകുന്നു. (i കോറി vii 7.8)

വിവാഹിതനായിരിക്കാമെന്നോ, ബ്രഹ്മചര്യം തന്നെ അനുഷ്ഠിച്ചുകൊള്ളണമെന്നോ ദൈവകല്പനയില്ലെന്നു വിശുദ്ധ പൗലോസ് സ്പഷ്ടമായി പറയുന്നതു് ഓരോ ക്രിസ്ത്യാനിക്കും തന്റെ ഇഷ്ടമനുസരിച്ചു് സ്വീകരിക്കാവുന്ന ഒരു ജീവിതാന്തസ്സാണതു്. എന്നാൽ കന്യകാത്വം ദൈവസേവനത്തിനു ഏററം യോജിച്ചതായ ഒരു സ്ഥിതിയാണെന്നു അപ്പസ്തോലൻ പറയുന്നു: "ഭാര്യയില്ലാത്തവൻ തന്റെ കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കാമെന്നു വെച്ചു തന്റെ കർത്താവിനെ സംബന്ധിക്കുന്നവ വിചാരിക്കുന്നു. ഭാര്യയുള്ളവനോ തന്റെ ഭാര്യയെ എങ്ങനെ പ്രസാദിപ്പിക്കാം എന്നു വെച്ചു ലോകസംബന്ധമായവയെപ്പററി വിചാരപ്പെടുന്നു. പുരുഷനു ഭാര്യയായിത്തീർന്നിട്ടില്ലാത്തവൾ തന്റെ ശരീരത്തിലും തന്റെ ആത്മാവിലും പരിശുദ്ധയായിരിക്കേണ്ടതിനു തന്റെ കർത്താവിനെപ്പററി ചിന്തിക്കുന്നു." (i കോറി vii 32 34)

സ്വയമേവങ്ങളായ ബ്രഹ്മചര്യാനുഷ്ഠാനം ഒന്നാം ശതാബ്ദം മുതൽതന്നെ പാശ്ചാത്യസഭയിലും പൗരസ്ത്യസഭയിലും സാർവത്രികമായിത്തീർന്നു. എവിടെയെല്ലാം സഭ പ്രചരിച്ചോ അവിടെയെല്ലാം അനേകം സ്ത്രീപുരുഷന്മാർ ദാരിദ്ര്യം, കന്യാവ്രതം, അനുസരണം എന്നീ നിഷ്ഠകൾ സ്വീകരിച്ചു തങ്ങളെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിച്ചു. സാധാരണ ജനങ്ങൾ ഇങ്ങനെയായപ്പോൾ അവരുടെ നേതാക്കളായ മെത്രാന്മാരും വൈദികരും ഡീക്കന്മാരും ബ്രഹ്മചര്യമനുഷ്ഠിച്ചതിൽ അത്ഭുതപ്പെടാനില്ലല്ലോ.

ചിലപ്പോൾ വിവാഹിതരെ വൈദികരായി സ്വീകരിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. അതിനെതിരായ നിയമങ്ങൾ അവിടെ ഉണ്ടായിരുന്നില്ലയെന്നു മാത്രമേ അതിനർത്ഥമുള്ളൂ. വിവാഹിതരായ വൈദികരേയും ഡീക്കന്മാരെയും പററി അലക്സാണ്ട്രിയായിലെ ക്ലെമന്റ് പറയുന്നതിങ്ങനെയാണ്. വൈദികരുടെ ഇടയിലെ ബ്രഹ്മചര്യാനുഷ്ഠാനം പൗരസ്ത്യസഭയെ അപേക്ഷിച്ചു പാശ്ചാത്യസഭയിൽ വളരെവേഗം സാർവത്രികമായി. വൈദികർക്കു വിവാഹം അനുവദിച്ചിട്ടുള്ള ക്രൈസ്തവസഭാവിഭാഗങ്ങളിൽ നിന്നു കത്തോലിക്കാ സഭയിലേക്കു ചേരുന്ന വൈദികർ മാത്രമേ ഇപ്പോൾ വിവാഹജീവിതം തുടരുവാൻ അനുവദിക്കപ്പെടുന്നുള്ളൂ. വിവാഹമെന്ന കൂദാശ അഭേദ്യമാണെന്നു പഠിപ്പിക്കുന്ന സഭ മറ്റൊന്നും അവലംബിക്കുക സാദ്ധ്യമല്ലല്ലോ.

# വിവിധവൃത്താന്തങ്ങൾ

## അശ്ലീലസാഹിത്യം ബഹിഷ്കരിക്കുക

വായനക്കാരുടെ മനസ്സുകളെ മയക്കുമരുന്നുപോലെ ബാധിക്കുന്ന അശ്ലീലസാഹിത്യങ്ങളെ നിയമംമൂലംതന്നെ ബഹിഷ്കരിക്കേണ്ടതാണെന്നു പരിശുദ്ധ പിതാവു ഉദ്ബോധിപ്പിച്ചിരിക്കുന്നു. ഫ്ളോറൻസിൽ സമ്മേളിച്ച സർവ്വരാജ്യ എഡിറ്റേഴ്സ് യൂണിയൻകോൺഗ്രസിൽ സംബന്ധിച്ചിരുന്ന പ്രസാധകന്മാരോടു തിരുമേനി പ്രസംഗിക്കുകയായിരുന്നു. അശ്ലീലസാഹിത്യത്തെ തടയാനുള്ള ഗുരുതരമായ ഒരു ചുമതല അവർക്കുണ്ടെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു. ഒരു ഗ്രന്ഥത്തിന്റെ കർത്താവിനു കൗശലപൂർവ്വമായ ഒരു സ്വാധീനശക്തി ചെലുത്തുവാൻ സാധിക്കുമെന്നും അതു വായനക്കാരൻ യഥാർത്ഥമാം ഗ്രഹിച്ചെന്നുവരികയില്ലെന്നും, ഇതു വായനക്കാരന്റെമേൽ ഗ്രന്ഥകാരനു ലഭിക്കുന്ന അസമീചീനമായ ഒരു പ്രത്യേകതയാണെന്നും തിരുമേനി പ്രസ്താവിച്ചു. ചില സാഹിത്യങ്ങൾ നാർക്കോട്ടിക്ക് എന്ന മയക്കുമരുന്നുപോലെയാണ്. എന്നാൽ നാർക്കോട്ടിക്കിന്റെ വ്യാപാരത്തെ നിയമം കർശനമായി നിയന്ത്രിക്കുകയും കാരാകരെ ഗുരുതരമായി ശിക്ഷിക്കുകയും ചെയ്യുന്നു. ആപല്കരങ്ങളായ ഉത്തേജനങ്ങളും അതു സൃഷ്ടിക്കുന്ന അബദ്ധധാരണകളും മനസ്സിനെ കലുഷിതമാക്കുകയും ചിലപ്പോൾ പൂർണ്ണമായി നശിപ്പിക്കുകയും ചെയ്യുന്നു. ഇതു സ്ഥിരമായ മാനസികവൈകല്യങ്ങളെ സംജാതമാക്കിയെന്നുവരാം. ആകയാൽ ഏതെങ്കിലും ഗ്രന്ഥം പൊതുജനങ്ങൾക്കു സമർപ്പിക്കുന്ന കാര്യത്തിൽ പ്രസാധകന്മാർക്കു ഗുരുതരമായ ഒരു ചുമതലയാണുള്ളതു്.

## കമ്മ്യൂണിസ്റ്റ് വേണ്ട

950 000 അംഗങ്ങളുള്ള അമാൽഗമേറ്റഡ് എൻജിനീയറിങ്ങ് യൂണിയൻ ഇംഗ്ലണ്ടിലെ രണ്ടാമത്തെ വലിയ തൊഴിലാളിസംഘടനയാണ്. കമ്മ്യൂണിസ്റ്റു സ്വാധീനശക്തി വളരെയധികമുള്ളതെന്നു് അവകാശപ്പെടുന്ന ഈ തൊഴിലാളിയൂണിയൻ ഇതയിടെ അതിന്റെ പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുകയുണ്ടായി. മി. വില്യം ജെ. കാററൺ എന്ന ഒരു കത്തോലിക്കനും, മി. റെഗ്ഗ് ബേർച്ച് എന്ന ഒരു കമ്മ്യൂണിസ്റ്റുകാരനും തമ്മിലായിരുന്നു മത്സരം. മി. കാററൺ 83 347 വോട്ടും മി. ബേർച്ചിനു 35 400 വോട്ടും ലഭിക്കുകയാൽ കമ്മ്യൂണിസ്റ്റുകാരൻ പരാജിതനായി. മി. കാററൺ ഇംഗ്ലണ്ടിലെ ട്രേഡ് യൂണിയൻ കോൺഗ്രസ് ജനറൽ കൗൺസിലിലെയും അംഗമാണ്.

## ആ അൾത്താരയിൽതന്നെ

കഴിഞ്ഞ മഹായുദ്ധകാലത്തു് ആഫ്രിക്കയിൽ നിന്നും തടവുകാരനായി പിടിക്കപ്പെട്ട ഒരു ബ്രിട്ടീഷ് ഓഫീസർ—മേജർ ഡെസ്മണ്ട് ഫാസ്റ്റിഫേർസ്റ്റ്—ജർമ്മനിയിലേക്കു തടവുകാരനായി കൊണ്ടുപോകുംവഴിക്കു, ഇററലിയിൽ വെനീസിനു വടക്കുള്ള ഒരു ഗ്രാമത്തിൽവച്ചു് തീവണ്ടിയിൽനിന്നു ചാടി രക്ഷപെടുകയുണ്ടായി. ജർമ്മൻപടയാളികൾ ആ ഗ്രാമം മുഴുവൻ അദ്ദേഹത്തെ അന്വേഷിച്ചെങ്കിലും കണ്ടില്ല. അവിടത്തെ ദേവാലയത്തിലെ അൾത്താരയുടെ പിന്നിൽ ഒളിച്ചിരിക്കുന്നതായി ഇടവകവികാരി കണ്ടുപിടിച്ചു ഗ്രാമീണർ അദ്ദേഹത്തിനു ഭക്ഷണവും വസ്ത്രവും സംരക്ഷണവും നൽകി. ഇതയിടെ അദ്ദേഹം അവിടെ തിരിച്ചെത്തി. ആ അൾത്താരയിൽതന്നെ തന്റെ പ്രഥമദിവ്യപൂജ സമർപ്പിക്കുന്നതിനായിരുന്നു അതു്. ജന്മനാ ഒരു പ്രോട്ടസ്റ്റന്റുകാരനായിരുന്ന മേജർ ഫാസ്റ്റിഫേർസ്റ്റ് കത്തോലിക്കാസഭയിൽ ചേരുകയും, യുദ്ധാനന്തരം റോമായിലെ ബീഡാ കോളേജിൽചേർന്നു പട്ടത്തിനു പഠിക്കുകയുമാണുണ്ടായതു്. പ്രഥമദിവ്യപൂജാർപ്പണത്തിനു് ആ

ഗ്രാമത്തിലെ എല്ലാവരുംതന്നെ സന്നിഹിതരായിരുന്നു. "ഒരു അദൃശ്യയവനികയെന്നപോലെ ആ ദേവാലയത്തിലെ അൾത്താര തന്നെ രക്ഷിച്ചു"വെന്നാണ് അദ്ദേഹം പറയുന്നതു്. ഇംഗ്ലണ്ടിൽ പ്രീമത്തുസ്വദേശീയനായ അദ്ദേഹം അവിടെത്തന്നെ വൈദികവൃത്തിയിലേർപ്പെടുന്നതാണ്.

## ദൈവവിളി പ്രദർശനം

ഇംഗ്ലണ്ടിൽ ലിവർപൂളിൽവച്ചു ഈയിടെ നടത്തപ്പെട്ട ദൈവവിളിപ്രദർശനം ഒരു വമ്പിച്ച വിജയമായിരുന്നു. നൂറിലധികം സന്യാസസഭകളുടെ ഔദ്യോഗികവേഷങ്ങളണിഞ്ഞ അഞ്ഞൂറിലധികം വൈദികരും കന്യാസ്ത്രീകളും സഹോദരന്മാരും നടത്തിയ ഘോഷയാത്ര ദർശിക്കവാൻ 120,000 അതിലധികമാളുകൾ സന്നിഹിതരായിരുന്നു. അവസാനദിവസത്തെ പരിസമാപ്തി ചടങ്ങിൽ ഇരുപത്തയ്യായിരംപേർ സംബന്ധിക്കുകയും ദിവ്യബലി ചൊല്ലുകയുമുണ്ടായി. പ്രദർശനവേളയിൽ ശതക്കണക്കിനു വൈദികരും കന്യാസ്ത്രീകളും ദൈവവിളി സംബന്ധിച്ച ചോദ്യങ്ങൾക്കു മറുപടിനൽകുകയും ആയിരക്കണക്കിനു ലഘുലേഖകൾ വിതരണംചെയ്യുകയുംചെയ്തു. ഈ പ്രദർശനത്തിന്റെ ഒരു പ്രത്യേകത കേവലം ജിജ്ഞാസക്കൊണ്ടായിരിക്കാമെങ്കിലും അനേകം പ്രൊട്ടസ്റ്റൻറുകാർ ടിക്കററുവാങ്ങി അകത്തുകയറി പ്രദർശനം കണ്ടുവെന്നുള്ളതാണ്. സഭയുടെ ബഹുമുഖങ്ങളായ പ്രവർത്തനങ്ങളെപ്പററി ഒരു സാമാന്യജ്ഞാനം നൽകുന്നതിനു ഈ പ്രദർശനം വളരെ സഹായിക്കുകയുണ്ടായി. വിവിധ സന്യാസസഭകൾ ചെയ്യുന്ന മഹത്തായ സേവനങ്ങളിൽ പലതും അത്ഭുതപ്പെടുകയും പ്രശംസ രേഖപ്പെടുത്തുകയുംചെയ്തു. അടുത്തകൊല്ലം ദൈവവിളി പ്രദർശനം ബർമിങ്ങാമിൽവച്ചു നടത്തപ്പെടുന്നതാണ്.

## 500-ാം വർഷാഘോഷങ്ങൾ

ബ്രിട്ടീഷ്കാരുമായുള്ള യുദ്ധത്തിൽ ഫ്രാൻസിനെ വിജയത്തിലേക്കു നയിച്ച ജോവാൻ ഓഫ് ആർക്ക് ഒരു മന്ത്രവാദിനിയാണെന്നു പറഞ്ഞു ബ്രിട്ടീഷ്കാർ അഗ്നിക്കിരയാക്കുകയുണ്ടായല്ലോ. എന്നാൽ ജോവാനെസംബന്ധിച്ചു നടത്തിയ വിസ്താരം കാപട്യപൂർണ്ണമായിരുന്നെന്നും, അവളുടെമേൽ നടത്തിയ ശിക്ഷ അന്യായവും നിയമവിരുദ്ധവുമായിരുന്നെന്നും 1456 ജൂലൈ 7-ാം തീയതി റൂവൻമെത്രാപ്പോലീത്താ ഔദ്യോഗികമായി പ്രഖ്യാപിച്ചു. അതിന്റെ 500-ാം വത്സരപൂർത്തി ഈയിടെ ഫ്രാൻസിൽ ഒരു ദേശീയാഘോഷമായി ഒരാഴ്ചത്തേക്കു കൊണ്ടാടുകയുണ്ടായി. ഈ ആഘോഷങ്ങളിൽ ഫ്രഞ്ചുകാരോടൊപ്പം ഇംഗ്ലീഷ്കാരും പങ്കെടുത്തു. ഇതുസംബന്ധിച്ചു റൂവൻനഗരത്തിൽക്കൂടെ നടത്തിയ ദേശീയഘോഷയാത്രയിൽ ബ്രിട്ടീഷ്നാവികന്മാരും സംബന്ധിച്ചിരുന്നു. കഴിഞ്ഞ യുദ്ധകാലത്തു ബോംബുവീണു നശിച്ച റൂവൻ കത്തീഡ്രൽ പുനരുദ്ധരിച്ചതിന്റെ ഉൽഘാടനം വർഷ്കരിനടത്തിലായിരുന്നു. ജോവാനെ അഗ്നിക്കിരയാക്കിയ സ്ഥലത്തു പണിയാൻ തീരുമാനിച്ചിരിക്കുന്ന ബൃഹത്തായ ദേശീയസ്മാരകത്തിന്റെ ശിലാസ്ഥാപനകർമ്മം അന്നേദിവസം ഫ്രഞ്ചുപ്രസിഡണ്ട് കോട്ടി നിർവ്വഹിക്കുകയുണ്ടായി. ഈ ആഘോഷദിവസം ഫ്രഞ്ച്കത്തോലിക്കരോടായി പരിശുദ്ധ പിതാവു ചെയ്ത ഒരു പ്രക്ഷേപണപ്രസംഗത്തിൽ, ഒരു കത്തോലിക്കാരാഷ്ട്രമെന്ന നിലയിൽ ഫ്രാൻസിനുള്ള കടമകൾ നിർവ്വഹിക്കുന്നതിനു് അതിനു ശാന്തിയും സ്വർഗ്ഗീയസഹായവും ആശംസിക്കുകയുണ്ടായി.


ഇനിയും വീട്ടിൽ ഒരപകടം ഉണ്ടാകരുതു്!

കാർട്ടൂണിസ്റ്റ്

ശിവരാമന്റെ പുതിയ പുസ്തകം

"വീട്ടപകടങ്ങൾ"

നിങ്ങളുടെ രക്ഷയ്ക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്നു!

കിടക്കയിലെറുമ്പ്—സിൽക്കപാവാട—ജലക്രീഡ—വീടത്തിലെ റോഡു്.......................16 പാഠങ്ങൾ.

ഓരോ ഖണ്ഡികയിലും:— നിറയെ ജീവൻതുളുമ്പുന്ന ചിത്രങ്ങൾ.

വീട്ടിലേക്കൊരെണ്ണം വാങ്ങുക!

വില 6ണ മാത്രം. (തപാൽചിലവു പുറമേ)

ആവശ്യപ്പെടേണ്ടും മേൽവിലാസം:—

മാർ ളൂയിസ് മെമ്മോറിയൽപ്രസ്സ്,

എറണാകുളം-1


## കൊറിയായുടെ വൈസ് പ്രസിഡണ്ട്

ദക്ഷിണകൊറിയായുടെ വൈസ്പ്രസിഡണ്ടായി, പ്രസിഡണ്ട് ഡോക്ടർ സിംങ് മാൻറിയുടെ സ്വന്തം സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തിക്കൊണ്ടു് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഡോക്ടർ ജോൺ ചാങ്ങ് ഒരു കത്തോലിക്കനാണ്. കത്തോലിക്കർ ഒരു നിസ്സാരന്യൂനപക്ഷംമാത്രമായിരിക്കുന്ന ദക്ഷിണകൊറിയായിൽ ഇതൊരു വലിയ വിജയംതന്നെയാണ്. നവർമ്മണ്ടുപക്ഷത്തുനിന്നും വളരെയധികം എതിർപ്പും ഭീഷണിയും ഉണ്ടായിരുന്നതിനാൽ തിരഞ്ഞെടുപ്പുകാലങ്ങളിൽ അദ്ദേഹം ഒളിവിലായിരുന്നു. ഇടതുപക്ഷത്തിന്റെയും വലതുപക്ഷത്തിന്റെയും എതിർപ്പുണ്ടായിരുന്നെങ്കിലും വോട്ടിങ്ങിൽ ഏററം കൂടുതൽ വോട്ടു കിട്ടിയതു് അദ്ദേഹത്തിനാണ്. ഡോക്ടർ ജോൺ ചാങ്ങ് കൊറിയായിൽ ഏററവും സ്വാധീനശക്തിയുള്ള ഒരു പത്രത്തിന്റെ പത്രാധിപരാണ്. അദ്ദേഹത്തിന്റെ മൂന്നു മക്കൾ പട്ടത്തിനു പഠിക്കുന്നു. ഒരു മകൾ നോട്ടർഡാം കോൺവെൻറിൽ ഒരു നവസന്യാസിനിയാണ്. കുറേക്കാലം അദ്ദേഹം അമേരിക്കയിലെ കൊറിയൻ സ്ഥാനപതിയും, ഐക്യരാഷ്ട്രസമിതിയിൽ കൊറിയൻ പ്രതിനിധിയുമായിരുന്നു.

## വിദേശവാർത്തകൾ

വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾദിവസം മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് സെൻറു പീറേറഴ്സ് ബസിലിക്കായുടെ അടിയിലുള്ള വിശുദ്ധ പത്രോസിന്റെ കബറിടത്തിങ്കൽ പ്രാർത്ഥന നടത്തിയിരിക്കുന്നു. തദവസരത്തിൽ ദേവാലയത്തിൽ മററുള്ളവർക്കു പ്രവേശനം നിഷേധിച്ചിരുന്നു. അന്നുതന്നെ തിരുമേനി, മെത്രാപ്പോലീത്താമാരുടെ അധികാരചിഹ്നമായ പാലിയം വെഞ്ചരിക്കുകയുണ്ടായി.

—20,000 ഫ്രാൻസിസ്കൻ മൂന്നാംസഭക്കാർക്കു പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു സന്ദർശനമനുവദിച്ചിരിക്കുന്നു. അവർ റോമയിൽ തങ്ങളുടെ ദേശീയകോൺഗ്രസിൽ സമ്മേളിച്ചിരിക്കുകയായിരുന്നു.

—വിശുദ്ധ കൊച്ചുത്രേസ്യായുടെ "ഒരു ആത്മാവിന്റെ ചരിത്രം" എന്ന സ്വയംകൃതചരിത്രത്തിന്റെ കൈയെഴുത്തുപ്രതിയുടെ ഒരു ഫോട്ടോപ്രതി പരിശുദ്ധപിതാവു തിരുമനസ്സിലേക്കു സമർപ്പിച്ചിരിക്കുന്നു. വിശുദ്ധയുടെ സഹോദരിയും ലിസ്യൂമഠാദ്ധ്യക്ഷയുമായ മദർ ആഗ്നസ് എഡിററുചെയ്ത രൂപത്തിലാണു സ്വയംകൃതചരിത്രം ഇതിനുമുൻപു പ്രസിദ്ധം ചെയ്തിട്ടുള്ളതു്.

—മാർപ്പാപ്പാ തിരുമനസ്സിലെ പൂർണ്ണവലിപ്പത്തിലുള്ള ഒരു ഛായാചിത്രം മി. ലെയൊനേർഡ് ബോഡൻ എന്ന ചിത്രകാരൻ വരച്ചിരിക്കുന്നു. ലണ്ടനിലെ ഇറാറാലിയൻ ദേവാലയത്തിനു് ഇവ നൽകപ്പെടുന്നതാണ്. മാർപ്പാപ്പാ തിരുമേനിയെ നേരിട്ടുകണ്ടു് ഈ ചിത്രം വരയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ വത്തിക്കാൻ അധികാരികൾ ചെയ്തുകൊടുത്തിരുന്നു.

—ഡബ്ളിന്റെ മേയറായി റോബർട്ടു ബ്രിസ്കോ എന്ന ഒരു യഹൂദൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. കത്തോലിക്കാ അയർലൻഡിലെങ്കിലും സഹിഷ്ണുതയുണ്ടെന്നു ഈ സംഭവം ലോകത്തെ അറിയിക്കുമെന്നാണു മി. ബ്രിസ്കോ തന്റെ തിരഞ്ഞെടുപ്പിനെപ്പററി പ്രസ്താവിച്ചതു്.

—അമേരിക്കയിലെ കത്തോലിക്കാപത്രങ്ങളുടെയും മാസികകളുടെയും പ്രചാരം 226,69,394 കോപ്പികൾ ആയി വർദ്ധിച്ചിരിക്കുന്നു. ആകെ 561 പ്രസിദ്ധീകരണങ്ങളാണുള്ളതു്. ക്യാനഡായിലെ 33 കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കുംകൂടി 10,77,561 കോപ്പി പ്രചാരമുണ്ട്.

—അമേരിക്കൻ സേനയിൽനിന്നു ഒരൊററ ഭടനെയെങ്കിലും കുറയ്ക്കുവാൻ അമേരിക്ക ഉദ്ദേശിക്കുന്നില്ലെന്നു ആർമി സെക്രട്ടറി മി. വിൽബെർ ബ്രൂക്കർ പ്രസ്താവിച്ചിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

റിട്ടയർഡ് മുൻസിഫ് മി. തോമ്മസ് കല്ലുക്കാരന്റെ പുത്രനും ന്യൂഡൽഹിയിലെ വിദേശകാര്യാലയത്തിൽ അസി. ഇൻഫർമേഷൻ ഓഫീസറുമായ മി. ജെ ററി കല്ലുക്കാരൻ എം എ യെ ലണ്ടനിലെ ഇൻഡ്യൻ ഹൈക്കമ്മിഷണരാഫീസിലെ അസി. പ്രസ് അററാച്ചെയായി നിയമിച്ചിരിക്കുന്നു.

—സംസ്ഥാന പുനസ്സംഘടനാബില്ലിന്റെ സിലക്റ്റുകമ്മററി റിപ്പോർട്ടു പാർലമെൻറിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

—വെല്ലൂർരൂപതയുടെ മെത്രാനായി റവ. മോൺ. ഡേവിഡ് മരിയനായകം അവർകളെ തിരുസിംഹാസനത്തിൽനിന്നും നിയമിച്ചിരിക്കുന്നു.

—ഇൻഡോ അമേരിക്കൻ കരാറനുസരിച്ചു ദരിദ്രാശ്വാസാർത്ഥം ലഭിക്കുന്ന എല്ലാ സംഭാവനാവിഭവങ്ങളും ലോക്കൽ ടോളും നികുതികളും കൊടുക്കുന്നതിൽനിന്നു് ഒഴിവാക്കിയിരിക്കുന്നു.

—ഇന്ത്യൻ കോപ്പിറൈററു ബില്ൽ സിലക്റ്റുകമ്മററിക്കയക്കുവാൻ രാജ്യസഭ ശുപാർശചെയ്തിരിക്കുന്നു.

—മെയ്, ജൂൺ എന്നീ മാസങ്ങളിൽ ഉണ്ടായ റെയിൽവേ പണിമുടക്കുമൂലം 40 ലക്ഷത്തോളം കയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി റെയിൽവേമന്ത്രി പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു.

—ജോലിസമയത്തുണ്ടാകുന്ന അപകടങ്ങൾമൂലം അംഗഭംഗം സംഭവിക്കുന്നവർക്കു കൃത്രിമാവയവങ്ങൾ നൽകുവാൻ എംപ്ലോയീസ് സ്റ്റേററ് ഇൻഷുറൻസ് കോർപൊറേഷൻ യോഗത്തിൽവച്ചു തീരുമാനിച്ചിരിക്കുന്നു.

—കൈക്കുത്തരി വ്യവസായം വികസിപ്പിക്കാൻ വായ്പയായി 18 ലക്ഷം ക. യും, ഗ്രാൻറായി 17,64,000 ക. യും അനുവദിച്ചിരിക്കുന്നു.

—ആഗസ്റ്റ് 15 ശമ്പളത്തോടുകൂടിയ അവധിദിവസമായി പ്രഖ്യാപിക്കണമെന്നു് ഇന്ത്യാഗവൺമെൻറു വ്യവസായസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം നൽകപ്പെട്ടിരിക്കുന്നു.

—ഭോപ്പാലിൽ സെഹോർ ഡിസ്ട്രിക്ടിൽ കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഭൂചലനങ്ങളും ഉഗ്രമായ ഒരു മുഴക്കവും അനുഭവപ്പെട്ടിരിക്കുന്നു.

—1955-56-ൽ 117 ലക്ഷം ക. വില വരുന്ന ഖാദിവസ്ത്രങ്ങൾ ഇന്ത്യാഗവമ്മെൻറു വാങ്ങിയിരിക്കുന്നു.

## തിരുക്കൊച്ചിവാർത്തകൾ

തൃശ്ശൂർ രാമവർമ്മപുരത്തു സ്ഥാപിച്ചിരിക്കുന്ന ബേസിക് ട്രെയിനിംഗ് കോളേജ് വിദ്യാഭ്യാസഡയറക്ടർ ഉൽഘാടനം ചെയ്തിരിക്കുന്നു.

—പിന്നോക്കവിഭാഗ വിദ്യാർത്ഥികൾക്കു പുസ്തകങ്ങൾ, വസ്ത്രം എന്നിവയ്ക്കു ഗ്രാൻറായി ആകെ ഒന്നരക്കോടി ക. പാസാക്കിയിരിക്കുന്നു.

—ഗവർമെൻറിൽനിന്നും നൽകുന്ന അരിയുടെ സാമ്പിളുകൾ പൊതുജനങ്ങൾക്കു നന്നായി കാണത്തക്കവിധത്തിൽ കടയുടെ പ്രധാനഭാഗത്തു ഗ്ലാസ് പാത്രങ്ങളിൽ വച്ചിരിക്കണമെന്നു ന്യായവിലഷാപ്പുകാർക്കു ഗവർമ്മെൻറു നിർദ്ദേശം നൽകിയിരിക്കുന്നു.

—തിരുകൊച്ചിയിൽ കേന്ദ്രഗവമ്മെൻറിന്റെ ആഭിമുഖ്യത്തിൽ ഒരു മണ്ണുപരിക്ഷണശാല തുറക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—തിരുവനന്തപുരം ഡിസ്ട്രിക്ടിലെ എല്ലാ താലൂക്കുകളിലും ന്യായവിലഷാപ്പുകൾ തുറക്കുവാൻ തീരുമാനിച്ചിരിക്കുന്നു.


—മൂവാററുപുഴ നിർമ്മലകോളേജ് അടുത്ത സെപ്റ്റംബർപരീക്ഷയ്ക്കുള്ള ഒരു സെൻററായി സർവ്വകലാശാലയിൽനിന്നും നിശ്ചയിച്ചിരിക്കുന്നു.

—രണ്ടാം പഞ്ചവത്സരപദ്ധതിയിൻകീഴ് തിരുകൊച്ചിയിൽ ഒന്നരലക്ഷം ടൺ ഭക്ഷ്യവിഭവങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി സ്പെഷ്യൽ കൃഷിഡയറക്ടർ ഗവമ്മെൻറിലേക്കു സമർപ്പിച്ചിരിക്കുന്നു.

—തിരുകൊച്ചികത്തോലിക്സ്കൂൾ മാനേജേഴ്സ് അസോസിയേഷന്റെ പ്രസിഡൻറായി തിരുവനന്തപുരം അതിരൂപതാ വികാരി ജനറാൾ മൊററു റവ. മോൺ: സി ററി കുരുവിളയേയും, വൈസ് പ്രസിഡൻറായി വെരി റവ. മോൺ: ജോസഫ് വെപ്പിശേരിയേയും, സിക്രട്ടറിയായി റവ. ഫാദർ ജേക്കബ് മണ്ണനാലിനെയും, ജോയിൻറു സിക്രട്ടറിയായി റവ. ഫാദർ വറുഗീസ് അക്കരയേയും, ട്രഷറർ ായി റവ. ഫാദർ വിനാംസിയേയും തിരഞ്ഞെടുത്തിരിക്കുന്നു.

—എറണാകുളം-കോട്ടയം റെയിൽവേലൈനിന്റെ ഉൽഘാടനം ഒക്ടോബർ 14-ാം തീയതിയിലേക്കു നീട്ടിവച്ചിരിക്കുന്നതായി അറിയുന്നു.

—കൊല്ലം ഡിസ്ട്രിക്ടിലെ ട്രാൻസ്പോർട്ടുവികസനാർത്ഥം രണ്ടാംപഞ്ചവത്സരപദ്ധതിയിൽ 8 ലക്ഷം ക അനുവദിച്ചിരിക്കുന്നു.



# സഹനത്തിന്റെ വില


(സിസ്റ്റർ മേരി മേഴ്സി)

ഇന്നു ജഗൽപ്രസിദ്ധയായിത്തീർന്നിരിക്കുന്ന അൽഫോൻസാമ്മ മരിച്ചിട്ട് ദശവർഷങ്ങളായില്ലെങ്കിലും ഭാരതത്തിൽ നവജാതമായ ആ നവകുസുമത്തിന്റെ സുകൃതസൗരഭ്യം ദിഗന്തങ്ങളിൽ വീശിക്കൊണ്ടിരിക്കുന്നു. 1946 ജൂലൈ 28 നു മുമ്പും പിമ്പും പല ലോകപ്രശസ്തരായ മഹാരഥന്മാർ എത്രയെത്ര. ജനലക്ഷങ്ങളുടെ അഭിമാനഭാജനങ്ങളായി സമുദായമദ്ധ്യത്തിൽ വിലസിയിരുന്ന ലോകജേതാക്കളുടെ പ്രവർത്തനരംഗം അവരുടെ മരണത്തോടുകൂടി അവസാനിക്കുന്നു. എന്നാൽ ഇന്നും അൽഫോൻസാമ്മയുടെ കല്ലറ അന്വേഷിച്ച് ദൈനംദിനം തീർത്ഥകർ വന്നു അവിടെ പുഷ്പാർച്ചനംചെയ്തുകൊണ്ടിരിക്കുന്നതു് ദൈവികവരത്തിന്റെ അത്ഭുതപ്രവർത്തനംതന്നെ. അൽഫോൻസാമ്മയുടെ ചിത്രങ്ങൾ എല്ലാ ദേശങ്ങളിലും കേരളമൊട്ടാകെയുള്ള സകല ഭവനങ്ങളിലും മാത്രമല്ല സകല പത്രമാസികകളിലും വാഹനങ്ങളിലും നോട്ടുബുക്കുകളുടെ പുറവശങ്ങളിലും സ്ഥലംപിടിച്ചുകഴിഞ്ഞു. "അൽഫോൻസാ ബോട്ട്", "അൽഫോൻസാ വാർഡ്", "അൽഫോൻസാ മെമ്മോറിയൽ സ്കൂൾ" എന്നിങ്ങനെ അവരുടെ സ്മരണയെ നിലനിർത്തുന്ന സ്ഥാപനങ്ങൾ എത്രയെത്ര. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും എഴുത്തുകൾ ഭരണങ്ങാനത്തു ലഭിച്ചുകൊണ്ടിരിക്കുന്നു. അനേകം പാപികൾ പശ്ചാത്താപപ്പെട്ട് പാപവഴിയിൽനിന്നു പിന്തിരിഞ്ഞു ഭരണങ്ങാനംപള്ളിയിൽ വന്നു പാപസങ്കീർത്തനംനടത്തി സമാധാനചിത്തരായി പോകുന്നുണ്ട്. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ ദൈനംദിനം ദിവ്യബലികൾ നടക്കുന്നുണ്ട്. ഇതിന്റെയെല്ലാം കാരണമെന്ത്? സ്വയംപരിത്യജിച്ച് സ്വന്തം കുരിശെടുത്തു യേശുവിനെ പിഞ്ചെന്ന അൽഫോൻസാമ്മയുടെ സഹനമെന്ന അക്ഷരത്രയങ്ങളുടെ ഫലമാണിതെല്ലാം. അതേ, നീതിമാനായ ദൈവം തന്റെ മണവാട്ടിയുടെ സഹനത്തിന്റെ ഫലം മനുഷ്യർക്കു അഗ്രാഹ്യമായവിധത്തിൽ ധാരാളമനസ്സോടെ നൽകി പണ്ഡിതപാമരഭേദമെന്യേ സകല ജനങ്ങളേയും അനുഗ്രഹിച്ചിരിക്കുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്ന ദിവ്യസൂക്തങ്ങൾ ഇത്തരുണത്തിൽ ചിന്താർഹമാണ്.

അൽഫോൻസാമ്മ ജീവിച്ചിരുന്നപ്പോൾ "അമ്മയാണു കർത്താവിന്റെ വിശ്വസ്തമണവാട്ടി. അമ്മയ്ക്കുള്ളിടത്തോളം കുരിശുകൾ ഇവിടെ മററാർക്കുമില്ല" എന്നു ഒരു സഹോദരി അൽഫോൻസാമ്മയോടു പറയുകയുണ്ടായി. "അതേ, എനിക്കു കുരിശുകൾ ഉള്ളതുകൊണ്ട് ഞാൻ മിടുക്കത്തിയാണ്" എന്നത്രെ ശിശുസുലഭമായ നിഷ്കളങ്കതയോടെ അമ്മ പ്രസ്താവിച്ചതു്. പ്രശസ്തമായ പരീക്ഷാവിജയമോ സമർത്ഥമായ പ്രവർത്തനങ്ങളോ അഭിമാനകരമായി ചിലർ കരുതുമ്പോൾ അൽഫോൻസാമ്മ തനിക്കു കുരിശുകൾ ഉള്ളതുകൊണ്ട് താൻ മിടുക്കത്തിയാണെന്നു പറയുന്നു. ക്ഷമയോടെ സഹിക്കുക; ആഗ്രഹത്തോടെ സഹിക്കുക; സന്തോഷത്തോടെ സഹിക്കുക എന്നിങ്ങനെ കൈവിരൽ മടക്കിക്കൊണ്ട് അൽഫോൻസാമ്മ സഹനത്തിന്റെ പടവികൾ എണ്ണുമായിരുന്നു. ഈ മൂന്നു പടവികളും കടന്നു കർത്താവുതന്ന ആശ്വാസങ്ങളും സന്തോഷങ്ങളുംകൂടെ പരിത്യജിച്ച് യാതൊരു ആശ്വാസവും കൂടാതെ സഹിക്കുന്നതിൽ അവർ സംതൃപ്തിയടഞ്ഞിരുന്നുവെന്ന് അമ്മയുടെ വാക്കുകളിൽനിന്നു മനസ്സിലാക്കാൻകഴിയും.

"ലോകസന്തോഷങ്ങളൊന്നും എനിക്കായിട്ടുള്ളതല്ല. ദുരിതങ്ങളിൽ ഞാൻ മനസ്സമാധാനം വെടിയുന്നില്ല. എന്റെ മണവാളന്റെ സമ്പത്തു ദാരിദ്ര്യവും നിന്ദാപമാനങ്ങളുമാണ്. അതിന്റെ ഓഹരി എനിക്കും" എന്ന് അമ്മ അവകാശവാദംചെയ്യുന്നു. ചോദിച്ചുവാങ്ങി സന്തോഷസമേതം സഹിക്കുന്നു. സുഖപ്രിയർക്കു ഇതിന്റെ അർത്ഥം മനസ്സിലാകുമോ? ദുസ്സഹരീതങ്ങൾ കുറവായിരുന്നപ്പോൾ, "എനിക്കു സഹിക്കാനൊന്നുമില്ല. കർത്താവിനു എന്നോടു സ്നേഹമില്ലയോ?" എന്നു അവർ സങ്കടപ്പെടുന്നതു കേൾക്കാനിടയായിട്ടുണ്ട്. ഒരു ദിവസം കഠിനമായ പാരവശ്യവേളയിൽ കണ്ണടച്ചുകിടന്നുകൊണ്ട് പറഞ്ഞ വാക്കുകൾ, "കർത്താവേ, മൗനമായി സഹിക്കാൻ വല്ലതും തരണമേ" എന്നാണ്. എത്രകണ്ടു ഹൃദയംഗമമായിട്ടാണ് ഇതു പറഞ്ഞതെന്നു വിവരിക്കാൻ പ്രയാസം. അനന്തരം, "കർത്താവു തന്ന കാസാ മട്ടോടെ കുടിക്കണം, വലിച്ചുകുടിക്കണം" എന്നു പറഞ്ഞുകൊണ്ട് എന്തോ കുടിച്ചിറക്കുന്നതായും കണ്ടു. ലോകാവസാനംവരെ ഈ കട്ടിലിൽ കിടന്നുകൊണ്ട് സഹിക്കുവാൻ ഞാൻ നിഷ്കളങ്കമായി ആഗ്രഹിക്കുന്നുവെന്നു അവർ എഴുതിയിരിക്കുന്നു. സഹനപാതയിൽക്കൂടെ ദ്രുതഗമനം ചെയ്തു ദൈവസ്നേഹാന്തരീക്ഷത്തിന്റെ ഉന്നതമണ്ഡലങ്ങളിൽ പറന്നുയർന്ന ഒരു വിശുദ്ധാത്മാവിന്റെ ഹൃദയാന്തരാളത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ട മധുരസൂക്തങ്ങളല്ലേ അവ.

ഇങ്ങനെ പ്രകൃത്യതീതജീവിതം നയിച്ചിരുന്ന ആ രോഗിണിക്കു ദൈവം അസാധാരണങ്ങളായ ചില കഴിവുകൾ നൽകിയിരുന്നു. തമിഴക്ഷരങ്ങൾ ഒന്നുപോലും നിശ്ചയമില്ലാത്ത അൽഫോൻസാമ്മ തമിഴ്പുസ്തകം വായിക്കയും മററുള്ളവർക്കു പറഞ്ഞുകൊടുക്കയും ചെയ്തിരുന്നു. അന്യരുടെ മനോഗതങ്ങൾകൂടി ഗ്രഹിക്കത്തക്കവണ്ണം ദൈവം അവരുടെ ബുദ്ധിക്കു തെളിവുനൽകി അനുഗ്രഹിച്ചു. കർത്താവ് എന്റെ ബുദ്ധിക്ക് നല്ല പ്രകാശം തന്നിട്ടുണ്ട് എന്നവർ വളരെ മനോവേദന അനുഭവിക്കുന്ന ഒരവസരത്തിൽ പറയുകയുണ്ടായി. ജീവിതത്തിന്റെ അവസാനവർഷത്തിൽ അൽഫോൻസാമ്മ വെള്ളിയാഴ്ചതോറും കഠിനപാരവശ്യം അനുഭവിച്ചിരുന്നു. തൽസമയം ചർദ്ദിക്കുന്നതിൽ സപ്തവർണ്ണങ്ങൾ ദൃശ്യമായിരുന്നു. സൂര്യകിരണങ്ങൾ മഞ്ഞുതുള്ളികളിൽ പതിച്ചാലെന്നപോലെ അതു പല വർണ്ണങ്ങളിൽ തിളങ്ങുന്നതു പല സഹോദരിമാരും കണ്ടിട്ടുണ്ട്. പാടുപെട്ട കർത്താവിന്റെ മുഖഭാവമാണ് പാരവശ്യവേളകളിൽ അൽഫോൻസാമ്മയ്ക്കുണ്ടായിരുന്നതു്. അന്നേദിവസം രാത്രി അവർണ്ണനീയമായ ആനന്ദംനൽകി ദിവ്യനാഥൻ അനുഗ്രഹിച്ച് ആശ്വസിപ്പിച്ചിരുന്നതായി അമ്മതന്നെ പറഞ്ഞിട്ടുണ്ട്. രോഗംനിമിത്തം ദീർഘനാൾ കുളിക്കാതെ കഴിഞ്ഞുകൂടേണ്ടിവന്നുവെങ്കിലും അവരെ സമീപിക്കുന്നവർക്കു യാതൊരു അസഹ്യതയുമുണ്ടായിരുന്നില്ല. മററുള്ളവരുടെ ആവശ്യങ്ങൾ അവർ ആവശ്യപ്പെടാതെതന്നെ അൽഫോൻസാമ്മ തക്കസമയത്തു സാധിച്ചുകൊടുത്തിട്ടുണ്ട്. ഇന്നു ലോകമാസകലം അനുഗ്രഹവർഷം ചെയ്തുകൊണ്ട് അൽഫോൻസാമ്മ വിലസുകയാണെന്നു ജനതയുടെ അനുഗ്രഹസിദ്ധിപ്രഖ്യാപനം നമ്മെ ഗ്രഹിപ്പിക്കുന്നു. ഈ കന്യകയെ വേണ്ടവണ്ണം ഗ്രഹിച്ചിരുന്ന ക. നി. മൂ. സ. ബ: റോമുളൂസച്ചൻ ചെയ്ത ചരമപ്രസംഗത്തിലെ വാക്കുകൾ എത്ര അന്വർത്ഥങ്ങളായിരിക്കുന്നുവെന്നു നോക്കുക. "ഈ കന്യകയോടൊത്തു വസിച്ചവർക്കു ഭാഗ്യം. അവരോടു സംഭാഷണം നടത്തിയിട്ട




## "സിസ്റ്റർ അൽഫോൻസാ"

ചരമവാർഷികം: 28—7—1956

### സ്തുതിഗീതി

(മാവേലി നാടു......എ. മ.)

പൊന്നുഷസ്സിങ്കലേ കാന്തിപോലെ
ഇന്നാരു പാരിൽ വിളങ്ങിടുന്നു?
കേരളനാടിന്റെ "കൊച്ചുറാണി",
നാകേശനേശുവിൻ സൽപ്രസൂനം!
സന്യാസവൃത്തിതൻ പൊൻവെളിച്ചം!!
കൊച്ചു "മീനച്ചിലി"ൻ നൽമെളിച്ചം!!

x x x

സ്വർല്ലോകെവാഴുന്നോരല്ഫോൻസാമ്മെ
മാലോകർക്കായി നീ പ്രാർത്ഥിക്കേണേ.
പാർത്തലം വിട്ടു നീ പോയിട്ടിപ്പോൾ
പത്തുസംവത്സരം പാഞ്ഞുപോയി.
ലോകവും നാകവും നിന്റെ നാമം
പാകത്തിൽ പാടിപ്പുകഴ്ത്തിടുന്നു.
സംസാരയാത്രയിൽ, ഖാകപരായ്
നിൻസന്നിധാനത്തെയാശ്രയിപ്പോർ
സർവ്വേശകാരുണ്യവർഷമേൽപ്പൂ
സർവ്വദാ നിർമ്മലേ, നീ നിമിത്തം,
ആത്മീയലൗകിക നന്മകൾക്കായ്
അത്മായർ, വൈദികരായിരങ്ങൾ
എത്തുന്നു നിൻ കുഴിമാടത്തുങ്കൽ
ഭക്തിയാലാനമിച്ചാശ്വസിപ്പാൻ.
നിന്നുടെ നാമസങ്കീർത്തനത്താ-
ലെന്നുമിപ്പാവങ്ങളാശ്വസിപ്പൂ.
താവക ജീവചരിത്രഗാനം
പാവനം പാടാത്ത ഭാഷയുണ്ടോ?
പ്രാക്തനമായ ഭരണങ്ങാനം
പ്രഖ്യാതിപൂണ്ടിന്നു ലാലസിപ്പൂ.
കാരണം? തത്ര നീ സന്യസിച്ചു
ക്ലാരമഠം തന്നിൽ ദ്വ്യാഴവട്ടം.
സന്യസ്തജീവിത മാതൃകയാൽ
മർത്യർക്കു മാർഗ്ഗപ്രദീപമായ് നീ!!

x x x

ഉണ്ണിയാമേശുവിൻ "കൊച്ചുത്രേസ്യാ"
പുണ്യസംപൂർണ്ണയാം "ചെറുപുഷ്പം"
കാട്ടിയ "കൊച്ചുവഴി"യിലൂടെ
കാലിണവച്ചു നീ സഞ്ചരിച്ചു.
എന്നും സഹിച്ചും ക്ഷമിച്ചും പാരിൽ
ചിന്തി നീ സ്നേഹത്തിൻ പൊൻകിരണം
നീ കൊതിച്ചില്ല ഹാ! ലോകസൗഖ്യം
നാകമേ നിന്റെ സൗഭാഗ്യലക്ഷ്യം.
കാരണം പൂമാനല്ല നിൻ മണാളൻ
പ്രേമസമുദ്രമാകുമേശുനാഥൻ!!
അത്തൃപ്പാദാംബുജം കൂപ്പി നിത്യം
ഭക്തിപൂണ്ടർച്ചനചെയ്തു നീയും.
ആരിലും താണു നീ വാണു മന്നിൽ
ആരുമറിയാതുയർന്നു വിണ്ണിൽ!!
"താണനിലത്തിലേ നീരൊഴുകൂ"
"താഴ്മതാനുന്നതി" സത്യമത്രേ!!
സ്നേഹത്താലെന്നും സഹിച്ചിടുവാൻ
മോഹിച്ച സൽഗുണധാമമേ! നീ.
ത്യാഗത്തിൻ പാതയിൽ നീ നടന്നു
വേഗത്തിൽ വിണ്ടലം തന്നിലെത്തി
സർവ്വേശസന്നിധൌ നിൻ മഹത്വം
സർവ്വരും ഭൂവിൽ ഗ്രഹിച്ചിടുവാൻ.
ക്രിസ്തുവിൻ ദിവ്യനാമത്തിൽ നിന്നെ
നിസ്തുലാനന്ദേന പോപ്പുരാജൻ
സിദ്ധരായുള്ളോർക്കെഴും ഗണത്തിൽ
ശുദ്ധിമതി, വേഗം ചേർത്തിടുവാൻ
വിശ്വത്തിൻ ദീപമായ് നീ വിളങ്ങാൻ
വിശ്വൈകനാഥൻ തുണച്ചിടട്ടെ.
ഭാരതഭൂമിതൻ പുണ്യപൂർണ്ണേ!
കാരുണ്യമെന്നിൽ ചൊരിഞ്ഞിടേണേ.
നന്ദിയാൽ പ്രേരിതൻ ഞാനിതു നിൻ
വന്ദ്യമാംപാദത്തിലർപ്പിക്കുന്നേൻ.

(ഫാ. ജോസഫ് ഒ. വട്ടക്കാട്ട്)

ള്ളവർക്കും മാത്രം. ഒന്നു കാണാൻ നീടയായവർക്കും മാത്രം. മരണത്തിന്റെ മാത്രം. ഈ കന്യകയെ സംബന്ധിച്ച് ശരിയായി പ്രസ്താവിക്കുന്നതിന് ഒരു സ്വർഗ്ഗീയദൂതനും സ്വർഗ്ഗീയമായ ഒരു ഭാഷയും വേണ്ടിയിരിക്കുന്നു."

ഇതേ വാക്കുകൾ ഉച്ചൈസ്തരം ലോകമാസകലം ഘോഷിച്ചുപറയുവാൻ വെമ്പൽകൊള്ളുന്ന ഹൃദയങ്ങൾ എത്രയെത്ര! അൽഫോൻസാമ്മയെ വിശുദ്ധരുടെ പട്ടികയിൽ ചേർത്തുകാണുന്ന ഭാഗ്യദിനമേ, നീ വേഗം വന്നാലും.

---

(12-ാംപേജ് തുടർച്ച)

ച്ച് വ്യസനംതോന്നി. കുഞ്ഞമ്മാവനപ്പോൾത്തന്നെ കുഞ്ഞുങ്ങളെപ്പററി ദോഷമായി ഒന്നുംതന്നെ മാത്തുച്ചേട്ടനോടു പറയാതെ പിരിഞ്ഞുപോന്നു. ഇപ്പോൾ നിങ്ങളോട് ഈ ആർഭാടമായ അനാവശ്യച്ചെലവുകൾ കുട്ടികൾ കുറയ്ക്കണമെന്ന് അപേക്ഷിക്കുന്നു.

നിങ്ങൾ നല്ല ശുചിയായ വസ്ത്രം ധരിക്കണമെന്നല്ലാതെ അതു വാരമ്മു രണ്ടരരൂപായും നാലരരൂപായുംവിലയുള്ളതായിരിക്കണമെന്ന ശാഠ്യം കൊള്ളുകയില്ല. വില കുറഞ്ഞതും ബലവും ഭംഗിയുമുള്ളതുമായ തുണികൾ നിങ്ങൾ ഉപയോഗിച്ചുശീലിക്കണം. അനേകം ജോഡികൾ അലക്കിസൂക്ഷിക്കാൻ വലിയ പണക്കാർക്കേ കഴിയൂ. പണമുള്ളവരുടെ കുട്ടികളായാലും ആർഭാടഭ്രമം കളയുന്നതു കൊള്ളാം. വസ്ത്രങ്ങൾ മുഷിഞ്ഞാൽ തന്നത്താനെ അവ നനച്ച് വെളുപ്പിക്കുന്നതു പലർക്കും ഇഷ്ടമില്ലാത്ത കാര്യമാണ്. കുറെ സ്വാശ്രയശീലം നിങ്ങളിലുണ്ടെങ്കിൽ നിങ്ങളുടെ തുണികൾ നിങ്ങൾ തന്നെ ശുദ്ധമാക്കാൻ മടികാണിക്കയില്ല.

നിങ്ങൾ ഉപയോഗിക്കുന്ന ഉപകരണങ്ങളെല്ലാം വില കൂടിയവയായിരിക്കണമെന്ന നിർബ്ബന്ധം പാടില്ലാത്തതാണ്. പൗഡർ, സ്നോ, ഹെയർഓയിൽ മുതലായവയ്ക്കു പണം ചെലവാക്കുന്ന കുട്ടികൾ ഒന്നുകൂടി ആലോചിക്കണം. അവയെല്ലാം സ്വാഭാവികമായി നമുക്കുള്ള സൗന്ദര്യത്തെ കേടുവരുത്താനേ സഹായിക്കുകയുള്ളു. കുളിക്കാതെ ശരീരത്തിലെ ദുർഗ്ഗന്ധം മറച്ചുവെക്കാൻ പൗഡറും സെൻറും എന്നും ഉപയോഗിക്കുന്നവരുണ്ട് ചിലർ. ഹാവൂ! അവരുടെ അടുത്തു കുഞ്ഞുങ്ങളേ, നിങ്ങളാരെങ്കിലും പോയി നിന്നു നോക്കിയിട്ടുണ്ടോ? അവരുടെ അടുത്തുകൂടി അടിക്കുന്ന കാററ് നമ്മുടെ മൂക്കിൽ കേറിയെന്നുംവരരുതേ. മൂക്കു പിന്നെ പിഴുതുകളയുകയേവേണ്ടു. അത്ര ദുഷിച്ചതായിരിക്കും.

എന്നും അല്പം എണ്ണപുരട്ടി ശരീരം നന്നായിത്തിരുമ്മി ശുദ്ധജലത്തിൽ കുളിച്ചാൽ മതി. പത്തുണ്ടടിൻ പൗഡർ ഉണ്ടാക്കുമെന്നു ചിലർ വിചാരിക്കുന്ന സൗന്ദര്യവും തേജസ്സും ഒരാഴ്ചകൊണ്ടു കിട്ടും. കുളിക്കാൻ സെൻറുമണം വരുന്ന സോപ്പു വേണമെന്ന ശാഠ്യംവേണ്ട. കുറച്ചു ഇഞ്ചയോ വാകപ്പൊടിയോ കച്ചമുണ്ടുകൊണ്ടുള്ള ഉരുമ്മിത്തേപ്പോ ഒരു നല്ല കുളിക്കുവേണ്ട ഉപാധികളാകും.

അല്പദൂരം പോകണമെങ്കിലും റിക്ഷായോ സൈക്കിളോ കാറോ വേണമെന്നുള്ളവരുണ്ട്. കഴിയുന്നതും വാഹനസഹായം കൂടാതെ കഴിക്കണം. ചെറുപ്പത്തിലെ കുറെ നടക്കുന്നതും ഓടുന്നതുമെല്ലാം ശരീരത്തിനു വളരെ നല്ലതാണ്. ഒന്നാന്തരം ഒരു വ്യായാമം.

ബീടി, സിഗററ്, പൊടി, ഐസ്ക്കൂൾഡ്റിങ്ക് ഇതൊക്കെ കൂടാതെ ഒരു ദിവസംപോലും തള്ളാൻകഴിയാത്തവരുണ്ട്. അതിനുള്ള ചെലവുകളും അനാവശ്യച്ചെലവുകൾ മാത്രമാണെന്നു മനസ്സിലാക്കണം. പണം ചിലവാക്കി ഇവ ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ സ്ഥിരമായ സുഖവും ഉണർവും തരുന്നതു് ഈവക സാധനങ്ങൾ ഉപയോഗിക്കാതിരിക്കുന്നതാണ്.

നിങ്ങൾ ഇപ്പോൾ ദിവസവും ചിലവാക്കുന്ന പണം എത്രയെന്നു കണ്ടുപിടിക്കുക. അത്രയും ചിലവുചെയ്യാതെ ഇപ്പോൾ നിങ്ങൾക്കുള്ള സുഖത്തിനു ഹാനിതട്ടാതെ മുന്നോട്ടുപോകാൻ വഴിയുണ്ടോ എന്നു കണ്ടുപിടിക്കുക. ലഘുവായ ജീവിതത്തിലൂടെ മഹൽക്കാര്യങ്ങൾചെയ്ത് ജീവിതം പരമസുന്ദരമാക്കാൻ ഓരോരുത്തരും ശ്രമിക്കുക. അതാണേത്തമം

എന്നു

സ്നേഹപൂർവ്വം നിങ്ങളുടെ

സ്വന്തം കുഞ്ഞമ്മാവൻ

---

വിമർശനപംക്തി

# ചില രോഗശാന്തികൾ

1. "ലൂർദ്ദിലെ രഹസ്യ"ത്തെ മിസ്സിസ് റൂത്തു ക്രാൻസ്റ്റന്റെ പുസ്തകത്തിലെ ചില പ്രസ്താവങ്ങൾ ശ്രീ പി. കെ. ഉണ്ണികൃഷ്ണൻ മാതൃഭൂമിയിൽ എഴുതിയിരുന്നതു കണ്ടപ്പോൾ "പ്രസിദ്ധിയും പ്രചാരവുമുള്ള പത്രങ്ങൾ ഈ ഹൈഡ്രജൻബോംബു യുഗത്തിൽ ഈവിധ വിവേകഹീനതകൾ ലജ്ജയില്ലാതെ പ്രസിദ്ധം ചെയ്യുന്നതു കാണുമ്പോൾ വ്യസനം മാത്രമല്ല, അനുതാപവും തോന്നിപ്പോകുന്നുണ്ട്" എന്നാണ് യുക്തിവാദികളുടെ യുക്തിപ്രിയൻ എഴുതിയിരിക്കുന്നത്. വാസ്തവത്തിൽ വ്യസനിക്കുകയും അനുതപിക്കുകയും ചെയ്താൽ മാത്രം പോരാത്ത ഒരു കാര്യമാണിത്, കാരണം ഈ ഹൈഡ്രജൻബോംബുയുഗത്തിലും ഇവ സംഭവിക്കുന്നെങ്കിൽ, അതു നിസ്സാരമായി തള്ളിക്കളയാവുന്ന ഒരു സംഗതിയല്ലല്ലോ.

വസ്തുതകളുടെ മുൻപിൽ ഒരു ശിശുവിന്റെ നിഷ്കളങ്കതയോടുകൂടി വർത്തിക്കണമെന്നാണു മഹായുക്തിവാദിയായ ഹക്സ്ലി പറഞ്ഞിട്ടുള്ളത്. മിസ്സിസ് ക്രാൻസ്റ്റൺ 1953-ൽ ലൂർദ്ദ് സന്ദർശിക്കയും അനേകനാൾ അവിടെ താമസിച്ച് അവിടെ നടക്കുന്നതെല്ലാം നേരിട്ടു മനസ്സിലാക്കുകയും ചെയ്തു. അവിടെ സൂക്ഷിച്ചിരിക്കുന്ന രേഖകളെല്ലാം പരിശോധിക്കുകയും ബന്ധപ്പെട്ട വ്യക്തികളെയെല്ലാം കണ്ടു നേരിട്ടു വിവരങ്ങൾ ഗ്രഹിക്കുകയും ചെയ്തു. തനി വസ്തുതകളെന്നും പരമാർത്ഥങ്ങളെന്നും ഉത്തമബോദ്ധ്യംവന്ന കാര്യങ്ങൾ മാത്രമാണ് അവർ തന്റെ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്.

പ്രസ്തുത ഗ്രന്ഥത്തെപ്പററി റീഡേഴ്സ് ഡൈജസ്റ്റു തന്നെ പറഞ്ഞിരിക്കുന്നതു നോക്കുക: "ലൂർദ്ദിലെ രഹസ്യം, ആ പ്രസിദ്ധമായ തീർത്ഥസ്ഥലത്തെയും അവിടത്തെ രോഗശാന്തിയെയും പററി ബൃഹത്തായ തോതിൽ നടത്തിയ നേരിട്ടുള്ള ഒരു പഠനമാണ്. ഇതു തയാറാക്കുന്നതിനു റൂത്തു ക്രാൻസ്റ്റൺ ലൂർദ്ദിൽ താമസിക്കുകയും, ഡോക്ടർമാരും നേഴ്സുമാരും മഞ്ചൽവാഹകരും രോഗികളുമായി സംസാരിക്കുകയും ചെയ്തു. ഒരു പ്രോട്ടസ്റ്റൻറുകാരിയായ അവർ ഒരു റിപ്പോർട്ടറുടെയും നിഷ്പക്ഷാന്വേഷകയുടെയും നിലയിലാണ് ഈ പ്രശ്നത്തെ സമീപിച്ചത്. അവർ രേഖപ്പെടുത്തുന്ന വസ്തുതകൾ ശരിയാണോയെന്നു ബോദ്ധ്യം വരുത്തുകയും അവയ്ക്കു രേഖകളുദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. വ്യാഖ്യാനം എന്തുതന്നെയായിരുന്നാലും ലൂർദ്ദിലെ അനുഭവങ്ങൾ ലോകത്തിലെങ്ങുമുള്ള സ്ത്രീപുരുഷന്മാർക്ക് അസാധാരണവിധം പ്രാധാന്യമർഹിക്കുന്ന എന്തിനെയോ വ്യക്തമാക്കുന്നു എന്ന ബോധത്തോടുകൂടിയല്ലാതെ ആർക്കും ഈ റിപ്പോർട്ട് വായിച്ച് അവസാനിപ്പിക്കുക സാദ്ധ്യമല്ല."

തന്നെപ്പററിത്തന്നെ മിസ്സിസ് ക്രാൻസ്റ്റൺ പറഞ്ഞിരിക്കുന്നതുകൂടെ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ: "ഇത്തരം ആശ്ചര്യാവഹമായ ശാരീരികരോഗശാന്തികൾ പ്രത്യക്ഷത്തിൽ ഉളവാക്കുകയും പ്രതിവർഷം 20 ലക്ഷത്തോളം തീർത്ഥകരെ തന്നിലേക്കു ആകർഷിക്കുകയും ചെയ്യുന്ന ഈ കത്തോലിക്കാ തീർത്ഥസങ്കേതം ജനക്കൂട്ടത്തിന്റെ വെറുമൊരു വിഭ്രമം മാത്രമാണോ? അല്ല ഭീമമായ വെറുമൊരു കബളിപ്പിക്കൽ മാത്രമാണോ? അതോ, ഫ്രഞ്ചുഗ്രന്ഥകാരന്മാർ ചിത്രീകരിച്ചിരിക്കുന്നതുപോലെ യഥാർത്ഥത്തിൽ അകൃത്രിമമായ ആത്മാർത്ഥതയുടെയും ആദരവിന്റേയും ആശ്ചര്യാവഹങ്ങളായ അത്ഭുതങ്ങളുടെയും ഒരു സ്ഥലംതന്നെയാണോ? നേരിട്ടുതന്നെ കണ്ടുമനസ്സിലാക്കണമെന്നു ഞാൻ തീരുമാനിച്ചു. എനിക്കു യാതൊരു പ്രത്യേക താല്പര്യവും സാധിക്കാനുണ്ടായിരുന്നില്ല ഞാൻ ഒരു കത്തോലിക്കയല്ല. പ്രത്യുത ഒരു പ്രോട്ടസ്റ്റൻറുകാരിയാകുന്നു എന്റെ നിഗമനങ്ങളിൽ എന്തെങ്കിലും പ്രത്യേക താല്പര്യമുണ്ടാക്കിയേക്കാവുന്ന മതപരമോ വൈദ്യപരമോ അദ്ധ്യാത്മവിദ്യാപരമോ ആയ യാതൊരു സംഘടനയുടെയും അംഗമല്ലാ ഞാൻ. എന്റെ സ്വന്തം പ്രത്യേകമായ അന്വേഷണങ്ങളിൽ തല്പരയായ, ഗവേഷണശീലത്തോടുകൂടിയ, ഒരു സാധാരണ പൗരി മാത്രമാണു ഞാൻ."

ഹക്സ്ലിയുടെ നിർവ്വചനത്തെ ശരിക്കു പാലിച്ചിരിക്കുന്ന ഒരു അന്വേഷകയായ മിസ്സിസ് ക്രാൻസ്റ്റൺ തന്റെ ഗ്രന്ഥത്തിൽ നൽകിയിരിക്കുന്ന ചില രോഗശാന്തികൾ നമുക്കൊന്നു പരിശോധിക്കാം.

2. ഗബ്രിയൽ ഗർഗാം ഒരു റെയിൽവേ പോസ്റ്റൽ ക്ലർക്കായിരുന്നു. ഓർലിസ്—സൗത്തു വെസ്റ്റ് എക്സ്പ്രസ് ട്രെയിനിൽ, 1900-ാമാണ്ടു ഡിസംബർമാസത്തിൽ, ആയാൾ എഴുത്തുകൾ സോർട്ടു ചെയ്തുകൊണ്ടിരിക്കുമ്പോൾ തീവണ്ടി അപകടമുണ്ടായി. പിന്നെ ആശുപത്രിയിൽവെച്ചാണ് ആയാൾക്കു ബോധം വീണതു്. നഖശിഖാന്തം വെച്ചുകെട്ടുകളോടെയാണ് ആയാൾ അവിടെ കിടന്നതു്. തീവണ്ടി അപകടത്തിൽ ആയാൾ എത്രാണ്ടു ചതഞ്ഞരഞ്ഞുപോയി. കോളർ ബോൺ ഒടിഞ്ഞു. നട്ടെല്ലു നുറുങ്ങിപ്പോയി. അരയ്ക്കു താഴോട്ടു തീർത്തും തളർന്നുപോയിരുന്നു. ശരീരം അനങ്ങാൻ പാടില്ലായിരുന്നു. അനങ്ങിയാൽ ഉടനെ ഛർദ്ദിച്ചിരുന്നു. കുഴൽ വഴിയാണു വല്ലപ്പോഴും ആഹാരം അകത്തേക്കു കൊടുത്തിരുന്നതു്. ആയാൾക്കു പ്രതിവർഷം ആറായിരം ഫ്രാങ്കു നഷ്ടപരിഹാരം കൊടുക്കുവാൻ കോടതി റെയിൽവേ കമ്പനിയോട് ആവശ്യപ്പെട്ടു. "മററു രണ്ടുപേരുടെ സഹായംകൂടാതെ ജീവിക്കുക സാദ്ധ്യമല്ലാത്ത ഒരു മനുഷ്യക്കോലമായതുകൊണ്ടാണു കോടതി ഇങ്ങനെയൊരു സൗജന്യം ചെയ്തതു്."

20 മാസം ആസ്പത്രിയിൽ കിടന്നു. ഗർഗാമിന്റെ സ്ഥിതി ഒന്നിനൊന്നു വഷളായിക്കൊണ്ടിരുന്നു. കുഴൽവഴിയുള്ള ആഹാരംപോലും കഴിക്കുക അശക്യമായിത്തീർന്നു. മരണം അടുത്തുവെന്നു ഡോക്ടർമാർ അയാളുടെ ബന്ധുക്കളെ അറിയിച്ചു. പതിനഞ്ചാംകൊല്ലമായി പള്ളിക്കകം കണ്ടിട്ടില്ലാത്ത ഒരാളാണു ഗർഗാം. പക്ഷെ അയാളുടെ അമ്മ അഗാധമായ മതഭക്തിയുള്ള ഒരു വനിതയായിരുന്നു. ലൂർദ്ദിലേക്കു ഒരു തീർത്ഥയാത്ര കഴിക്കാൻ അവർ മകനെ പ്രേരിപ്പിച്ചു. ഒരു സ്ട്രെച്ചറിലാണു അയാളെ ലൂർദ്ദിലേക്കു കൊണ്ടുപോയതു്. ഈ യാത്രയിൽ അയാൾ ഭയങ്കരമായ വേദന അനുഭവിച്ചിരുന്നു.

ലൂർദ്ദിലെത്തിയ ആദ്യത്തെ സായംകാലത്തിൽ വളരെ ദുർബ്ബലനായ അവനെ, ദിവ്യകാരുണ്യ പ്രദക്ഷിണത്തിന്റെ വീഥിയിൽ കൊണ്ടുകിടത്തി. അവൻ പെട്ടെന്നു ബോധരഹിതനായി. ശരീരം തണുത്തു നീലനിറമായി. അവനെ പരിചരിച്ചുകൊണ്ടിരുന്ന നേഴ്സ് വിചാരിച്ചു അവൻ മരിക്കുവാൻ പോകുകയാണെന്നു്. പെട്ടെന്നു അവൻ കണ്ണുതുറന്നു; കാലിൽ കുത്തി എഴുന്നേററിരുന്നു. അവന്റെ തളർവാതം അന്തർദ്ധാനംചെയ്തിരുന്നു. ചലനസ്വാതന്ത്ര്യം അവനു പൂർണ്ണമായി സിദ്ധിച്ചു.

അവനെ മെഡിക്കൽബ്യൂറോയിലേക്കു കൊണ്ടുപോയി. ഡോക്ടർമാരും പത്രലേഖകന്മാരും അവനെ വലയംചെയ്തു. "ഗ്രഹാം ഒരു നീളംകൂടിയ കുളിമുണ്ടിൽ പൊതിയപ്പെട്ടാണു എത്തിയതു്. അവൻ ഒരു പ്രേതംകണക്കെ ഞങ്ങളുടെ മുൻപിൽ നിന്നു. ക്ഷീണിച്ചു, നിർവ്വർണ്ണമായ മുഖത്ത് ആ തുറിച്ച വലിയ കണ്ണുകൾക്കു മാത്രം ജീവനുണ്ടായിരുന്നു" എന്നാണു ഒരു ലേഖയിൽ പറഞ്ഞിരിക്കുന്നതു്. എന്നാൽ കുഴലിന്റെ സഹായംകൂടാതെ സാധാരണരീതിയിൽ ഭക്ഷണംകഴിക്കുന്നതിനു അവനു സാധിച്ചിരുന്നു. ഏതാനും ദിവസങ്ങൾകൊണ്ട് അവന്റെ തൂക്കത്തിൽ 21 റാത്തൽ കൂടി. അവൻ നാട്ടിൽ തിരിച്ചെത്തിയപ്പോൾ ഉടനടി ജോലിയിൽ പ്രവേശിക്കാമെന്നു അവനെ പരിശോധിച്ച തപാൽവകുപ്പു ഡോക്ടർ പ്രസ്താവിക്കുകയുണ്ടായി.

അവന്റെ കഥ വലിയ ഒച്ചപ്പാടിനു കാരണമായി. ലൂർദ്ദിൽവച്ച് അവനെ പരിശോധിച്ച 60 ഡോക്ടർമാരും ഏകകണ്ഠമായി സമ്മതിച്ചു, അവന്റെ രോഗശാന്തി ശാസ്ത്രീയമായി സമാധാനം കണ്ടെത്താവുന്നതല്ലെന്നു്. തന്റെ വാർഷികനഷ്ടപരിഹാരം അവസാനിപ്പിക്കുവാൻ, രോഗശാന്തികാര്യത്തിൽ സംശയാലുക്കളായ റെയിൽവേഉദ്യോഗസ്ഥന്മാരെ പറഞ്ഞു സമ്മതിപ്പിക്കുവാൻ ഗർഗാം വളരെ ശ്രമപ്പെടേണ്ടിവന്നു. എന്നാൽ പിന്നിടു ജീവിതാന്ത്യം മുഴുവൻ അയാൾക്കു പരിപൂർണ്ണമായ ആരോഗ്യമുണ്ടായിരുന്നു. 1952-ൽ 83-ാമത്തെ വയസ്സിൽ മരിക്കുന്നതുവരെ അയാൾ എല്ലാക്കൊല്ലവും ലൂർദ്ദിൽ വരികയും, ഒരു മഞ്ചൽവാഹകനായി അക്ഷീണസേവനം നിർവ്വഹിക്കുകയും ചെയ്തു.

3. ഗബ്രിയൽ ഗർഗാമിന്റെ കഥ ഒരു ചരിത്രവസ്തുതയാണ്. റെയിലപകടംമൂലം നട്ടെല്ലും തോളെല്ലും ഒടിഞ്ഞുതകരുകയും, അരയ്ക്കു കീഴോട്ടു തളർന്നുപോകുകയും, 20 മാസത്തോളം അനങ്ങാൻ പാടില്ലാതെ ഒരേ കിടപ്പുകിടക്കുകയും, മരണം ആസന്നമെന്നു ഡോക്ടർമാർ സാക്ഷിപ്പെടുത്തുകയുംചെയ്ത ഗർഗാം ലൂർദ്ദിൽവച്ചു പെട്ടെന്നു സുഖശരീരിയായി താനെ ചാടി എഴുന്നേററുനടന്നുവെന്നതു് ഒരു വസ്തുതയാണ്. ഈ രോഗശാന്തി വൈദ്യസഹായം കൂടാതെ താനേ ഭേദമാകുന്ന 90 ശതമാനത്തിൽ പെട്ടതാണോ? ചികിത്സിച്ചാൽ ഭേദമാകുന്ന 5ശതമാനത്തിൽപെട്ടതല്ലെന്നു അയാളെ 20 മാസം ചികിത്സിച്ച ഡോക്ടർ സാക്ഷിപ്പെടുത്തിയിരിക്കുന്നു. പിന്നെ ഈ രോഗശാന്തി എങ്ങനെയുണ്ടായി? 20 മാസങ്ങളായിട്ടും സുഖപ്പെടാതിരുന്ന ഒടിഞ്ഞും നുറുങ്ങിയുംപോയ എല്ലുകളും, തളർന്നുപോയ കാലുകളും ഒരു ക്ഷണത്തിൽ സുഖപ്പെടുന്ന അജ്ഞാതമായ ശാരീരികകാരണങ്ങൾ ഉണ്ടാകുമോ? ഇങ്ങനെ ഒരു രോഗശാന്തി ഉണ്ടായിട്ട് 50-ൽപ്പരം വർഷങ്ങളായി. ശരീരശാസ്ത്രജ്ഞന്മാർ അതേപ്പററി ക്ലിപ്തമായ പഠനം നടത്തി. ശാസ്ത്രീയമായി സമാധാനം പറയാൻ സാദ്ധ്യമല്ലാത്ത ഒരു രോഗശാന്തി എന്നു മാത്രമേ അവർക്കു സമാധാനം പറയുവാനുള്ളു.

1906-ൽ പാരീസിലെ ഒരു പത്രാധിപർ, ഇരിഞ്ഞാലക്കുടയിലെ യുക്തിവാദിയെപ്പോലെ ലൂർദ്ദിനെതിരായി വലിയ ഒച്ചപ്പാടുണ്ടാക്കുകയുണ്ടായി. പൊതുജനാരോഗ്യത്തിന്റെപേരിൽ ആ സ്ഥലം അടച്ചുപൂട്ടിയിടണമെന്നായിരുന്നു അയാളുടെ പ്രചരണത്തിന്റെ ചുരുക്കം. ഇതിനു കിട്ടിയ പ്രത്യാഘാതം അപ്രതീക്ഷിതമായിരുന്നു. ലയൺസിലെ ഒരു ഡോക്ടർ മററു മൂവായിരം ഡോക്ടർമാരുടെ ഒപ്പുകൂടി സമ്പാദിച്ച് ഗവണ്മെണ്ടിലേക്ക് ഒരഭ്യർത്ഥന അയച്ചു. "ഡോക്ടർമാരായ ഞങ്ങൾക്കു

(ശേഷം 4-ാംപേജിൽ)





സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്കു് പാലാ സെൻട്രൽ ബാങ്കിൽ നിന്നും എളുപ്പത്തിൽ നിങ്ങൾക്ക് കടം വാങ്ങുവാൻ സാധിക്കും. ഇടപാടുകൾ രഹസ്യമായിരിക്കുന്നതും, ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കുന്നതുമാണ്. പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും കടം എടുക്കാം. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോട് വിശദവിവരങ്ങൾ ചോദിച്ചറിയുക.

കുറഞ്ഞ പലിശ നിരക്ക്

| വായ്പസംഖ്യ | പലിശ |
| --- | --- |
| 100 രൂപായിൽ താഴെ ... | ആണ്ടിൽ 9 ശതമാനം |
| 100 രൂപാ മുതൽ 500 രൂപാ വരെ | ,, 7½ ,, |
| 500 രൂപാ മുതൽ മേല്പോട്ട് | ,, 6 ,, |

ESTD. 1927

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

P.C. 2990

ആഖ്യായിക



# ബറാബാസ്

## അദ്ധ്യായം 17 [തുടർച്ച]

## അപക്രമണം

[വി. സി. ജോർജ് ബി. എ. എൽ. ററി.]

"ഞാൻ പണിപ്പുരയിൽനിന്നു് രക്ഷപെട്ടപ്പോൾ ഇതുവരെയായിരുന്നവരെല്ലാം നിങ്ങളുടെ വിചാരം. എങ്കിലും എന്റെ ശ്രമം ഫലിക്കാതിരുന്നില്ല. വിജയത്തിനാവശ്യം പ്രവർത്തനത്തിനുള്ള ധൈര്യം മാത്രമാണു്. എന്റെ കൂടെ പോരുക; റോമന്മാരുടെ ചാട്ടയുടെ ചൂടു് നിങ്ങൾ അറിഞ്ഞിട്ടുള്ളതാണല്ലോ. നിങ്ങൾ എന്നോടൊപ്പം പിടിയിലാണു്. അവമതിയിലും വേദനയിലും പങ്കുകാരുമാണു്. എന്റെ നേതാവു് ആരംഭിച്ച മോചനകൃത്യം തുടരേണ്ടതിലേക്കു് അദ്ദേഹത്തെ സ്വതന്ത്രനാക്കുവാനുള്ള ജോലിയിൽ നിങ്ങളെന്നെ സഹായിക്കണം. പ്രതികാരത്തിന്റെ നാഴിക വന്നടുത്തുകഴിഞ്ഞു. അതിനെ അഭിമുഖീകരിക്കുവാൻ നമുക്കു മുന്നോട്ടിറങ്ങാം. സ്നേഹിതന്മാരേ, നിങ്ങളെന്നോടുകൂടി വരിക; ബറാബാസിനെ മോചിപ്പിക്കുവാൻ എന്നെ സഹായിക്കുക."

ആ ക്ഷണത്തിൽ പുറപ്പെട്ടവനെന്നമട്ടിൽ എസ്രാ ചാടി എണീററു; കൂടെയുണ്ടായിരുന്ന മൂന്നാളുകളിൽ ആരും അനങ്ങിയില്ല. അവർ നിശ്ശബ്ദരായി പരസ്പരം നോക്കി.

"ഹാ, നിങ്ങൾ ഭീരുക്കൾ തന്നെ. റോമന്മാർ നിങ്ങളെ തടങ്കലിൽനിന്നു് വിട്ടയച്ചതുകൊണ്ടു്, തോന്നുമ്പോളൊക്കെ നിങ്ങളെ തടവിലാക്കുവാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടെന്നുള്ള വസ്തുത നിങ്ങൾ വിസ്മരിച്ചുകളയുന്നു. നിങ്ങൾക്കു് സ്വതന്ത്രരാകുവാൻ താല്പര്യമില്ല, നിങ്ങളതിനർഹരുമല്ല." എസ്രാ ഉച്ചത്തിൽ പറഞ്ഞു. ശിമയോൻ ക്ഷമിക്കുന്ന മനഃസ്ഥിതി പ്രകടിപ്പിച്ചുകൊണ്ടു എസ്രായെ നോക്കി ഇപ്രകാരം പ്രസ്താവിച്ചു: "എസ്രാ, താൻ പറഞ്ഞതു് ശരിയായിരിക്കാം. ഞങ്ങൾ ക്ഷുദ്രർഹരാണോയെന്നു് ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങൾ ഒട്ടധികം പാപം ചെയ്തിട്ടുള്ളവരാണു്. എങ്കിലും ഞങ്ങൾ ഭീരുക്കളല്ല. കൊലച്ചുറപ്പിച്ചിൽ ഞങ്ങൾ അനുഗ്രഹിക്കുന്നില്ലെന്നേയുള്ളു. റോമക്കാരോടൊപ്പംപോലെതന്നെ ബലപ്രയോഗവും ഹിംസയുംകൊണ്ടു നാം മുന്നോട്ടുപോകുവാൻ കരുതുകയാണെങ്കിൽ അവരും നമ്മളും തമ്മിൽ എന്തന്തരമാണുണ്ടാകുക. എസ്രാ, ഒരു കാര്യം ഓർമ്മിച്ചോളൂ. ഹിംസയിൽനിന്നു ഗുണമെന്തെങ്കിലുമുണ്ടാകുവാൻ പോകുന്നില്ല."

യുവാവായ ജോനാ ഉത്സാഹഭരിതനായി സംസാരിച്ചു: "ഞങ്ങൾ വേറൊരാളെ, യഥാർത്ഥ സ്വാതന്ത്ര്യസമ്പാദകനെ, ഇസ്രായേലിന്റെ സാക്ഷാത്തായ രക്ഷകനെ, പാർത്തിരിക്കുകയാണു്. അദ്ദേഹത്തോടുകൂടി ഞങ്ങൾ നാളെ അന്നാ വിശ്രുതനഗരത്തിലേക്കു പോകുന്നുണ്ടു്."

"അതാരാണു്?" എസ്രാ ചോദിച്ചു; "നിങ്ങൾ ഉദ്ദേശിക്കുന്നതു..."

"നസ്രായൻ ഈശോയെയാണു്" റൂബൻ വാചകം പൂർത്തിയാക്കി.

"നമ്മെ രക്ഷിക്കാനോട്ടു് ചേർന്നു ചങ്ങലകൊണ്ടു് പൂട്ടിയിട്ടിരിക്കുന്ന സമയം നമ്മുടെ സംഭാഷണവിഷയമായിരുന്നതു് ആ നസ്രായൻ തന്നെ. അദ്ദേഹമാകുന്നു, ഈ ഭൂലോകത്തിന്റെ രക്ഷ അനുഗ്രഹീതമായ തന്റെ കരങ്ങളിൽ സംവഹിക്കുന്നതു്."

ശിമയോൻ തുടർന്നു സംസാരിച്ചു: "അതെ, അദ്ദേഹത്തിൽനിന്നു് സ്നേഹമെന്ന മഹാനദി പ്രവഹിച്ചു സകല ജനസമുദായങ്ങളെയും പ്രസാദത്തിലും കരുണയിലും ആറാടിക്കും."

എസ്രാ കൂട്ടുകാരുടെ ദൃഷ്ടിയിൽനിന്നു് മുഖം തിരിച്ചു്, കൊട്ടിലിന്റെ ഭിത്തിമേൽ ഉന്നമില്ലാതെ സങ്കോചം നോക്കി.

പ്രഭാതം തെളിഞ്ഞുകഴിഞ്ഞു. കൊട്ടിലിലെ ഉറക്കക്കാരിൽ പലരും എണീററിരുന്നു് മൂലയിൽ സംവാദത്തിലേർപ്പെട്ടുകൊണ്ടിരുന്ന നാലുപേരെയും, പ്രത്യേകം ആ കൂട്ടത്തിൽപെട്ട അപരിചിതനെയും ഉററുനോക്കുന്നുണ്ടായിരുന്നു. അവരിൽ ചിലർ പുറത്തിറങ്ങി മുററത്തെ കിണറുകളിൽചെന്നു ക്ഷാളനകൃത്യം നിർവ്വഹിച്ചു മററുചിലർ നമ്രശിരസ്കരായി പ്രാർത്ഥനയിൽ ഏർപ്പെട്ടു. വേറൊരു കൂട്ടരാകട്ടെ താണസ്വരത്തിൽ സംഭാഷണം നടത്തി. കൊട്ടിലിൽ രാത്രി കഴിച്ചുവരുടെ ആകെയുള്ള മുപ്പതോളം വരുമായിരുന്നു. അവർ അജപാലകർ, ശില്പികൾ, കൃഷിവലർ തുടങ്ങി പല തൊഴിൽക്കാരും പ്രായക്കാരുമായിരുന്നു.

സാമാന്യം ദീർഘമായ നിശ്ശബ്ദതയ്ക്കുശേഷം ശിമയോൻ വർത്തമാനം തുടങ്ങി: "എസ്രാ, അദ്ദേഹത്തെപ്പററി താനൊന്നും കേട്ടിട്ടില്ലേ? അദ്ദേഹത്തിന്റെ ഉപദേശങ്ങളും അത്ഭുതകൃത്യങ്ങളും താൻ അറിഞ്ഞിട്ടില്ലേ? ഇസ്രായേൽ മുഴുവനും അദ്ദേഹത്തെ സ്തുതിക്കുന്നുണ്ടു്."

"ഏലിയായും എലീശായും അത്ഭുതകൃത്യങ്ങൾ നിർവ്വഹിച്ചില്ലേ? എന്നിട്ടും അവരിലാരും ഇസ്രായേലിനെ രക്ഷിച്ചില്ലല്ലോ?" എസ്രാ അഭിപ്രായപ്പെട്ടു.

"അവരിൽ ആരും നമുക്കുവേണ്ടി വാഗ്ദത്തനായ മിശിഹാ ആയിരുന്നില്ല. ഇദ്ദേഹം ആകുന്നു. അദ്ദേഹത്തിന്നാദിമുതൽ വാഗ്ദത്തമായ രാജ്യം കരസ്ഥമാക്കുവാൻ അദ്ദേഹം ഇപ്പോൾ ജറുസലേമിലേക്കു പോകുകയാണു്. ഞങ്ങളും അദ്ദേഹത്തെ അനുഗമിച്ചു പോകുന്നുണ്ടു്. ഇപ്പോൾ അദ്ദേഹത്തെ അകമ്പടിസേവിക്കുവാൻ ബഹുശതം ആളുകളുണ്ടു്. നാളെ അവർ സഹസ്രങ്ങളായി വർദ്ധിക്കും."

എസ്രായുടെ നിരുന്മേഷതയിൽനിന്നു് അയാളെ ഇളക്കിമാററുവാനെന്നവിധം എസ്രായുടെ സമപ്രായക്കാരനായ ജോനാ സ്വന്തം കരങ്ങൾ എസ്രായുടെ ശരീരം ചുററിപ്പിടിച്ചുകൊണ്ടിങ്ങനെ അഭ്യർത്ഥിച്ചു: "എസ്രാ, ഞങ്ങളുടെകൂടെ വരിക. അദ്ദേഹം ബറാബാസിനെ രക്ഷിക്കും. അദ്ദേഹത്തിനുമാത്രമേ അതു സാദ്ധ്യമാകൂ. മരണത്തിനുപോലും അദ്ദേഹത്തെ പ്രതിരോധിക്കുവാൻ സാധിക്കുകയില്ല."

എസ്രാ തലകുലുക്കിക്കൊണ്ടു് സംസാരിച്ചുതുടങ്ങി: "അദ്ദേഹത്തിനു ബറാബാസിനെ രക്ഷിക്കുവാൻ സാധിക്കുമെങ്കിൽതന്നെയും അദ്ദേഹം രക്ഷിക്കുകയില്ല. അവർ തമ്മിൽ അല്പം ശത്രുതയുണ്ടെന്നുള്ളതെനിക്കറിയാം. ഇരുവരുംകൂടി സംസാരിക്കുവാനൊരവസരം ഉണ്ടായി. രണ്ടുപേരുടേയും ശക്തി യോജിപ്പിക്കുന്നതിനൊരു ശ്രമം ബറാബാസ് നടത്തി. ആ ശ്രമം വിഫലമാക്കുകയാണു ചെയ്തതു്. അദ്ദേഹം ബറാബാസിനോടു് യോജിച്ചാൽതന്നെയാണു് ഗുണം. അദ്ദേഹം യുദ്ധത്തിനു് വിരോധിയാണു്. യുദ്ധംകൂടാതെ അദ്ദേഹമാകട്ടെ, ബറാബാസാകട്ടെ, ഇസ്രായേലിനെ സ്വതന്ത്രമാക്കുന്നതെങ്ങനെയെന്നെനിക്കു മനസ്സിലാകുന്നില്ല."

ജോനായുടെ ഉത്സാഹം അവസാനിച്ചില്ല. "തനിക്കു് യാതൊന്നും അറിഞ്ഞുകൂടാത്ത ഒരു കാര്യത്തെപ്പററിയാണു്, എസ്രാ, താൻ സംസാരിക്കുന്നതു്. അദ്ദേഹം എല്ലാവരെയും, ബറാബാസിനെക്കൂടെയും സ്നേഹിക്കുന്നു. ഞാൻ കാര്യം തുറന്നുപറഞ്ഞേക്കാം. ഒരു കരം ഉയർത്തിയാൽ മാത്രം മതി ശത്രുസംഘം പിന്മാറിപ്പോകും. എന്തെന്നാൽ അദ്ദേഹം സത്യദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു്" എന്നിങ്ങനെ അയാൾ തുടർന്നു.

ആത്മാർത്ഥത സ്ഫുരിപ്പിച്ചു, മുഴങ്ങിയ സ്വരത്തിൽ അവതരിപ്പിച്ച ഈ പ്രഖ്യാപനം അവിടെ ഉണ്ടായിരുന്നവരിൽ എസ്രാ ഒഴിച്ചുള്ള സകലരുടേയും മനസ്സിളക്കി. എസ്രായാകട്ടെ, ആ മൂലയിൽ യാതൊന്നും പറയാതെ, തന്റെ പഴയ കൂട്ടുകാരെ സ്വാധീനമാക്കുവാൻ സാധിക്കാഞ്ഞതിൽ ആധിപിടിച്ചു കഴിയുകയായിരുന്നു. അയാൾക്കു ശ്വാസതടസ്സം വന്നതുപോലെ തോന്നി. റോമൻ പണിപ്പുരകളിലെ മേലധികാരികളുടെ ചാട്ടയുണ്ടാക്കിയ ധാരാളം വടുക്കൾ തങ്ങളുടെ മുതുകത്തു് പേറിക്കൊണ്ടു നടക്കുന്ന ഇവർ റോമന്മാർക്കെതിരായി യുദ്ധം ചെയ്യുകയില്ലെങ്കിൽ പിന്നെ ആരു് ചെയ്യുമെന്നുള്ളതായിരുന്നു എസ്രായെ അലട്ടിയ പ്രധാന പ്രശ്നം.

"വാൾ വീശാത്ത കരത്തിൽനിന്നു് ശത്രു പിന്മാറിപ്പോകുകയില്ല, നിശ്ചയം" അയാൾ വൈരസ്യത്തോടുകൂടി പറഞ്ഞു. "യുദ്ധംകൂടാതെ എങ്ങനെയാണു് സ്വാതന്ത്ര്യമോ, മോചനമോ ലഭിക്കുക? നസ്രായനെ നായകനാക്കി നിങ്ങൾ ഡമാസ്കസ് വാതിലിൽക്കൂടി നഗരത്തിൽ പ്രവേശിക്കുമ്പോൾ റോമന്മാർ തലയും താഴ്ത്തി ജാഫാ വാതിൽവഴി നഗരത്തിൽനിന്നിറങ്ങിപ്പോകുമെന്നു് ചിന്തിക്കുവാൻ നിങ്ങൾക്കെങ്ങനെ കഴിയും?"

എസ്രായ്ക്കു ആരെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞ ഒരു സ്ത്രീയുടെ രൂപം പ്രഭാതസൂര്യന്റെ പ്രകാശത്താൽ പ്രശോഭിതമായി കൊട്ടിലിന്റെ വാതിൽക്കൽ കാണപ്പെട്ടു. അതു ലാസറസിന്റെ സഹോദരി മർത്താ ആയിരുന്നു. "ഗുരു ഒരു സന്ദേശവാഹകനെ അയച്ചിട്ടുണ്ടു്. അവിടുന്നു ഉടനെതന്നെ ഇവിടെ ആഗതനാകും. അവിടത്തെ സ്വീകരിക്കുവാൻ തയ്യാറായിരിക്കാമല്ലോ" എന്നു് അവർ അവിടെ കൂടിയിരുന്നവരോടു് അറിയിച്ചു.

മർത്തായുടെ നയനങ്ങൾ എസ്രായുടെമേൽ പതിച്ചു. അവൾ അയാളുടെ പക്കലേക്കു നീങ്ങി. "താൻ, എസ്രായല്ലേ? കൂട്ടുകാരൻ......?"

എസ്രാ എണീററു. "അതെ, ഞാനാണു്. ഇവിടെ ഇങ്ങനെ കയറിവന്നതു ക്ഷമിക്കണം."

"താൻ ഗുരുവിന്റെ ശിഷ്യഗണത്തിൽ ചേർന്നിരിക്കുകയല്ലേ? സ്വാഗതം!"

എസ്രാ ദൃഷ്ടി താഴ്ത്തി അനല്പമായ പരുങ്ങലോടുകൂടി പറഞ്ഞു: "ഞാൻ ചേർന്നില്ല. ഞാൻ വഴിയിൽക്കൂടി കടന്നുപോകയിൽ വിശപ്പും ക്ഷീണവും അധികരിച്ചു് ഇവിടെ കയറിയതാണു്."

"ഒരിക്കൽ നിങ്ങൾ ഈ ഭവനത്തെ വലിയ വിപത്തിന്റെ വക്കിൽ എത്തിച്ചുതന്നിരിക്കുന്നുവോ?"

"അതു ഞാൻ അറിയാതെ സംഭവിച്ചതാണു്. എന്റെ സാന്നിദ്ധ്യം ഈ ഭവനത്തിനു വിപത്തുണ്ടാക്കുമെങ്കിൽ ഞാൻ ഉടനെ തന്നെ പൊയ്ക്കൊള്ളാം." അയാൾ പുറപ്പെടുവാൻ ഒരുങ്ങി. മർത്താ അയാളെ വിളിച്ചുപറഞ്ഞു: "പോകണ്ട. വിശക്കുന്ന യാതൊരുത്തനും ഇവിടെ സ്വീകരിക്കപ്പെടാതിരിക്കുകയില്ല. ഇന്നാകട്ടെ ഗുരുവിനു ആതിഥ്യം നൽകുകയെന്ന ഭാഗ്യം ഈ ഭവനത്തിനു് കൈവന്ന ഒരു സുദിനവുമാണു്. ഇങ്ങനെയുള്ള ഒരു ദിവസത്തിൽ ആവശ്യപ്പെടുന്നവർക്കൊക്കെ ഇവിടെ ഇടമുണ്ടു്."

"മഗ്ദലായിലെ മർത്തായേ, നിങ്ങൾക്കു നന്ദി. പക്ഷെ എനിക്കു താമസിക്കുവാൻ നിവൃത്തിയില്ല. ജറുസലേമിലെത്തുക അത്യാവശ്യമാണു്. ഓരോ ക്ഷണവും വിലകൂടിയതാകുന്നു."

"ഇവരോടൊന്നിച്ചു ഭക്ഷണം കഴിക്കുന്നതിനുള്ള സമയത്തേക്കു മാത്രം ഇവിടെ താമസിക്കുക. നിങ്ങൾക്കു സമാധാനം." ഇത്രയും പറഞ്ഞു് മർത്താ മറഞ്ഞു. ഏതാനും നിമിഷങ്ങൾകൊണ്ടു് മുററത്തു മേശകൾ തയ്യാറായി. വേലക്കാരികൾ വിവിധവിഭവങ്ങൾ, പായസം, അപ്പം തുടങ്ങിയവ, അതിഥികൾക്കാവശ്യംപോലെ കൊട്ടകളിലും കളിമൺപാത്രങ്ങളിലുമായി നിരത്തുകയുംചെയ്തു. ഓരോരുത്തനും ഇഷ്ടംപോലെ ഓരോന്നും എത്രമാത്രമെങ്കിലും ഉപയോഗിക്കുവാൻ സൗകര്യവും സ്വാതന്ത്ര്യവുമുണ്ടായിരുന്നു.

ഈ മേശയിൽ സംബന്ധിക്കുവാൻ എസ്രായ്ക്കു ഉത്സാഹമില്ലായിരുന്നുവെങ്കിലും ശിമയോൻ അയാളുടെ കൈക്കുപിടിച്ചു് അയാളെ ഭക്ഷണത്തിനിരുത്തി. "എസ്രാ, സ്നേഹപ്രമാണിച്ചു നൽകുന്നതിനെ സ്വീകരിക്കു" ഇതായിരുന്നു ശിമയോന്റെ ഉപദേശം. ഭക്ഷ്യങ്ങൾ ചുററും പരത്തിയ സൗരഭ്യമോ, പഴയ കൂട്ടുകാരെ കൂടെക്കൊണ്ടുപോകാമെന്ന പ്രതീക്ഷയോ ഏതാണു് എസ്രായുടെ വൈമുഖ്യത്തിനറുതിവരുത്തിയതെന്നറിയില്ല. ഏതായാലും അയാൾ മററുള്ളവരുടെകൂടെ ഭക്ഷണത്തിനിരുന്നു. അയാൾ ഇരുന്ന മേശയിങ്കൽ യാതൊരു സംസാരവുമുണ്ടായില്ല. തങ്ങളുടെ ഗുരുവിനെ പ്രതീക്ഷിച്ചു് ആനന്ദത്തിൽ വർത്തിച്ച സുഹൃത്തുക്കളുടെയിടയിൽ അയാൾ നിശ്ശബ്ദനായി കാണപ്പെട്ടു.

അല്പംമാത്രം ഭക്ഷിച്ചിട്ടു് എസ്രാ എണീററുപോകുവാൻ ഭാവിച്ചു. എസ്രാ കടന്നുപോയപ്പോൾ റൂബൻ ചോദിച്ചു: "താൻ ജറുസലേമിലേക്കു പോകുവാൻ തീരുമാനിച്ചുകഴിഞ്ഞോ?"

"പോകാതെ തരമില്ല" തുവാല മുഖത്തടുപ്പിച്ചുപിടിച്ചുകൊണ്ടു് എസ്രാ മറുപടിപറഞ്ഞു.

"എസ്രാ, നിങ്ങൾക്കു സമാധാനം."

"സമാധാനം" എന്നു് അനാസ്ഥയിൽ പറഞ്ഞുകൊണ്ടു് എസ്രാ തിരിഞ്ഞുപോയി.

ജോനാ പിറകെ ഓടിയെത്തി പറഞ്ഞു: "എസ്രാ, ഒട്ടും സംശയിക്കേണ്ട. ഗുരു മോചിക്കും ബറാബാസിനെ."

എസ്രായ്ക്കു അനുകമ്പതോന്നി. എന്തു കാരണവശാലെന്നറിഞ്ഞില്ല, ഈ ചെറുപ്പക്കാരനോടു കൃതജ്ഞതാപ്രകാശിപ്പിക്കേണ്ടതാവശ്യമായി എസ്രായ്ക്കുതോന്നി. അയാൾ ഇങ്ങനെ പറഞ്ഞു: "ജോനാ, നീ ഒരു നല്ല കൊച്ചനാണു് എന്നാൽ ഈ കാര്യങ്ങളെക്കുറിച്ചു് നിനക്കറിയാവുന്നതിലധികം എനിക്കറിയാം. ഈശോയോടു് നിനക്കധികം സ്നേഹമുണ്ടു്. ശരിയല്ലേ?"

"ഞാൻ എന്റെ പൂർണ്ണ ആത്മാവോടും പൂർണ്ണഹൃദയത്തോടുംകൂടി അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ടു്."

"അങ്ങനെയാണെങ്കിൽ ജറുസലേമിൽ പ്രവേശിക്കരുതെന്നദ്ദേഹത്തോടു പറയൂ. പുരോഹിതന്മാർ അദ്ദേഹത്തെ വധിക്കുവാൻ വട്ടംകൂട്ടുകയാണു്. ഈ വിവരം ശിമയോനോടും റൂബനോടും പറയണം."

തന്റെ വാക്കുകൾ ആ യുവാവിൽ വല്ല ഇളക്കവുമുണ്ടാക്കുമെന്നു എസ്രാ വിചാരിച്ചുവെങ്കിൽ അതു വെറുതെയായിപ്പോയി. ഒരു വൈരാഗിയുടെ സ്വരം അവലംബിച്ചുകൊണ്ടു് ജോനാ പറഞ്ഞു: "എന്റെ എസ്രാ, അവർക്കാർക്കും അദ്ദേഹത്തെ ഉപദ്രവിക്കുവാൻ സാധിക്കുകയില്ല. പുരോഹിതന്മാരെല്ലാവരെക്കാളുമധികം ശക്തി അദ്ദേഹത്തിനുണ്ടു്. അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി, "എനിക്കിഷ്ടം തോന്നിയാൽ മനുഷ്യകരങ്ങളാൽ നിർമ്മിതമായ ഈ ദേവാലയം നശിപ്പിച്ചിട്ടു് മൂന്നുദിവസംകൊണ്ടു് മനുഷ്യകരങ്ങൾ കൂടാതെ വേറൊന്നിനെ പണിചെയ്യുവാൻ എനിക്കു സാധിക്കും." എസ്രാ, അദ്ദേഹത്തിന്റെ ശക്തി വളരെ വലുതാണെന്നു ഗ്രഹിക്കരുതോ? ഞാൻ തന്നോടു് വീണ്ടും പറയുന്നതുകേൾക്കൂ. അദ്ദേഹം ബറാബാസിന്റെ കൈകളിൽനിന്നു ചങ്ങല പൊട്ടിച്ചുകളയുകയും എല്ലാ മനുഷ്യരോടൊപ്പം അയാളെ രക്ഷിക്കുകയുംചെയ്യും."

"ജോനാ, നിങ്ങൾക്കു സമാധാനം" എന്നാശംസിച്ചിട്ടു്, എസ്രാ മറഞ്ഞു. ജോനാ ഏകാകിയായി അവിടെത്തന്നെ കുറേനേരം നിന്നു.

എസ്രായാകട്ടെ ലായങ്ങൾ കടന്നു് ഒരു ഊടുവഴിയിൽക്കൂടി വയലുകളുടെ മദ്ധ്യേ യാത്രചെയ്യുന്നതിനിടയിൽ താൻ ചെയ്ത ആശംസയെപ്പററി ചിന്തിച്ചു. "നിങ്ങൾക്കു സമാധാനം!" ഇന്നോളം തന്റെ പ്രവർത്തനങ്ങളോടു സംബന്ധിച്ചിടത്തോളം ആ പദങ്ങൾ തീരെ അസംബന്ധമാണെന്നു് ആശ്ചര്യാതിരേകമായി എസ്രാ ആലോചിച്ചു. സമാധാനമോ! അല്ല സമരം, വീണ്ടും വീണ്ടും സമരം, അതായിരുന്നു തന്റെ ലക്ഷ്യം. അതല്ലാതെ ഒന്നും തനിക്കുവേണ്ട, തനിക്കുണ്ടായിരിക്കയുമരുതു്. (തുടരും)

പ്യാരി (REGD)
ഔഷധ സോപ്പ്
ചർമ്മരോഗങ്ങളെ മാറ്റി ത്വക്കിന് സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ " 8—12—0

Reg. No. M. 2298

# Sathya Deepam

Vol. 29 Ernakulam July 25, 1956 No. 47



## ബാലരംഗം


പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




ദൈവവിളിയെപ്പററി ജെമ്മാക്കു നേരിടേണ്ടിവന്ന വിഷമതയെ സംബന്ധിച്ചുണ്ടായതെല്ലാം കഴിഞ്ഞപ്രാവശ്യം നാം കണ്ടല്ലോ. പീഡിതനായ ക്രിസ്തുവിനെ അനുകരിക്കാനാണ് അവളുടെ ആഗ്രഹം. അതുകൊണ്ടാണ് "പാഷനിസ്റ്റ്" സഭയിൽതന്നെ ചേരണമെന്നുള്ള അവളുടെ നിർബന്ധപൂർവ്വകമായ അപേക്ഷയും. സ്നേഹത്തിന്റെ ഈ ത്യാഗബലിയെ സ്വീകരിക്കുവാൻ ത്യാഗമൂർത്തിയായി ഗാഗുൽത്തായിലെ കുരിശിൽ തൂങ്ങിമരിച്ച ഈശോയോടു കുരിശുരൂപത്തിൻമുമ്പിൽ മുട്ടുകുത്തി അവൾ ഇടവിടാതെ പ്രാർത്ഥനയായി. എന്തു സംഭവിച്ചെന്നോ?.........

ഒരു സ്വർഗ്ഗീയപ്രകാശം അവളെ വലയംചെയ്തു. കുരിശുരൂപം കതിരുകൾവീശി. മാലാഖാമാർ മുട്ടുകുത്തി ഈശോയെ ആരാധിക്കുന്നതായി കാണപ്പെട്ടു. പരിശുദ്ധ കന്യകമറിയം ജെമ്മായെ ആശ്ലേഷിച്ച് അവളെ സമാശ്വസിപ്പിക്കുകയായിരുന്നു. അവളുടെ അത്ഭുതത്തിനും പരിഭ്രമത്തിനും അതിരില്ലായിരുന്നു. പീഡനത്തിന്റെ ഏതോ വലിയ അനുഭവങ്ങൾ അവൾക്കുണ്ടായി. കുറേ ഏറെനേരം കഴിഞ്ഞ് അവൾക്കു വീണ്ടും ബോധംവന്നപ്പോൾ അവൾ കണ്ടതു് അവളുടെ കൈകളിലും കാലുകളിലും വിലാവിലും ക്രൂശിതനായ ഈശോയുടെ അഞ്ചുമുറിവുകൾപോലെ രക്തം ഒലിച്ചുകൊണ്ടിരിക്കുന്നതാണ്. വേദന ഭയങ്കരമായിരുന്നു. അതവൾക്കു സഹിക്കാൻ സന്തോഷമാണ്. പക്ഷെ ഈ മുറിവുകൾ മററുള്ളവർ കണ്ടാൽ എന്തായിരിക്കും അവർ പറയുക. അവരുടെ സ്തുതിവാക്കുകളും നിന്ദനങ്ങളും എങ്ങനെയാണു നേരിടേണ്ടതു്. ജെമ്മാക്കു പരിഭ്രമമായി. ആരും കാണാതിരിക്കുവാൻ മുറിവുകളെല്ലാം അവൾ മൂടിക്കെട്ടി. പക്ഷെ എന്തു ഫലം!

വല്യേട്ടൻ




### 78-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

| | | |
|---|---|---|
| 6 | 1 | 8 |
| 7 | 5 | 3 |
| 2 | 9 | 4 |

**കടംകഥകളുടെ മറുപടി**

1. മോതിരം 2. നാളികേരം 3. കൺപോള.

### പ്രശ്നം നമ്പ്ര് 79

(ജോണി നീലങ്കാവിൽ, മമ്മിയൂർ Reg. No. 6)

ഞാൻ നിങ്ങളുടെ ഉററമിത്രമാണ്. എന്നെ കാണുന്നതിനുള്ള നിങ്ങളുടെ ആഗ്രഹം ഞാൻ മനസ്സിലാക്കുന്നുണ്ട്. ഞാനല്ലേ നിങ്ങളുടെ ബുദ്ധിക്കു നല്ല പ്രകാശം തരുന്നതു്! എന്റെ പേർ പറയാമോ? എന്റെ പേരിനു നാലക്ഷരം. ഒന്നാമത്തെ അക്ഷരം സമ്മതത്തിലുണ്ട്, മുഖ്യവിലില്ല; രണ്ടാമത്തെ അക്ഷരം ത്യാഗധീരനിലുണ്ട്, സമരവീരനിലില്ല; മൂന്നാമത്തെ അക്ഷരം ദീനതയിലുണ്ട്, ആരോഗ്യത്തിലില്ല; അവസാന അക്ഷരം കാശുരൂപത്തിലുണ്ട്, വെന്തിങ്ങയിലില്ല.

(ഉത്തരം അടുത്തതിൽ)

## ലോകസമാധാനം

(ജോസ് അമയപ്പറമ്പിൽ, കരിമണ്ണൂർ)

സമാധാനത്തിനുവേണ്ടി മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഒരു കാലമാണിതു്. ഓരോ വ്യക്തിയും, സമുദായവും, രാഷ്ട്രവും എന്നല്ല ലോകമാകമാനം സമാധാനത്തിനുവേണ്ടി കിണഞ്ഞുപരിശ്രമിക്കുന്നു. ഇന്ന്, ലോകത്തിലെ മഹച്ഛക്തികളായ ബ്രിട്ടൻ, അമേരിക്ക, റഷ്യാ, ഫ്രാൻസ് തുടങ്ങിയ രാഷ്ട്രങ്ങൾ ഇതിനുവേണ്ടി യത്നിക്കുകയാണ്. ലോകത്തിൽ സുസ്ഥിരമായ ഒരു സമാധാനത്തിന്റെ സ്ഥാപനപൂർത്തിക്കായി മേൽപ്പറഞ്ഞ രാഷ്ട്രങ്ങളിലെ ഭരണാധികാരികൾ ജനീവാകോൺഫറൻസും മററും കൂടിയ വർത്തമാനവിവരങ്ങൾ നാം പത്രങ്ങളിൽ വായിച്ചുവല്ലോ. പക്ഷേ, എന്തുണ്ടായി? ജനീവാകോൺഫറൻസോ, ചതുശ്ശക്തിസമ്മേളനമോ, ത്രിശ്ശക്തിസമ്മേളനമോ കൂടിയതുകൊണ്ട് ലോകസമാധാനം കരഗതമായതായി അറിവില്ല.

എന്നാൽ ഇതുകൊണ്ടൊന്നു മനസ്സിലാക്കണം. സമുദായങ്ങളും രാഷ്ട്രങ്ങളും അതുവഴി ലോകവും നന്നാകണമെങ്കിൽ ഓരോ വ്യക്തിയും നന്നാകണം. ഓരോ വ്യക്തിയും നന്നാകാത്തതിന്റെ ഫലമായിട്ടാണ് ഇന്നു രാഷ്ട്രങ്ങളിലോ സമുദായങ്ങളിലോ സമാധാനമില്ലാത്തതു്.

ഓരോരുത്തർക്കും സ്വഭാവസംസ്കരണം ആദ്യമായി ലഭ്യമാകുന്നതു് തങ്ങളുടെ കുടുംബത്തിൽ നിന്നാണ്. കുടുംബങ്ങളിൽ മാതാപിതാക്കന്മാർ കുഞ്ഞുങ്ങളെ എപ്രകാരം വളർത്തുന്നുവോ അതനുസരിച്ചിരിക്കും മക്കളുടെ സ്വഭാവവും.

നമ്മുടെ പരിസരങ്ങളിലുള്ള ഓരോ വീടിനെപ്പററിയും ഒന്നു ചിന്തിക്കുക. നാം അയൽക്കാർ തമ്മിൽ സ്നേഹത്തോടും സഹകരണത്തോടുംകൂടിയാണോ വർത്തിക്കുന്നതു്? ഒരുത്തനു് കുറെ സ്വത്തുണ്ടെങ്കിൽ അവന്റെ ഭാവമെന്തായിരിക്കും? അവനെപ്പററി മററുള്ളവരുടെ മതിപ്പെന്തു്? അങ്ങേ വീട്ടിലെ ഒറോതച്ചേടത്തി നല്ലൊരു കവിണി പുതച്ചു് പള്ളിയിൽ പോകുന്നതു ഒരു ദിവസം കണ്ടാൽ മതി, അയൽവീട്ടിലെ ഏലിച്ചേടത്തിയുടെ മുഖം പത്തുകൊട്ടയാകാൻ. പിന്നീടവർ തമ്മിൽ കണ്ടാൽ മിണ്ടിയില്ലെന്നും വരും. കാരണമെന്താ? വെറും നിസ്സാരകാര്യം. ഇങ്ങനെയുള്ള സംഭവങ്ങൾ നമ്മുടെ ഇടയിൽ നടക്കുന്നില്ലേ? തീർച്ചയായുമുണ്ട്. ആരും മുഖം കറുപ്പിക്കണമെന്നില്ല.

വീടുകളിൽ മാതാപിതാക്കന്മാരും മക്കളും തമ്മിൽ പലപ്പോഴും വഴക്കുണ്ടാകാറുണ്ട്; വെറും നിസ്സാരകാര്യങ്ങൾമൂലം. ഒന്നുകിൽ ഭാര്യക്കു കിട്ടിയിരിക്കുന്ന സ്ത്രീധനത്തുകയെ സംബന്ധിച്ച്. അല്ലെങ്കിൽ അവളുടെ ആഭരണത്തെ സംബന്ധിച്ച്. ഇല്ലാത്ത കാരണമുണ്ടാക്കി ഭർത്താവിനെ ശുണ്ഠിപിടിപ്പിച്ച് കലഹങ്ങളുണ്ടാക്കാൻ ശ്രമിക്കുന്ന ഗൃഹധർമ്മിണിമാരും ഇല്ലാതില്ല.

മാതാപിതാക്കന്മാർ വീട്ടിൽ സമാധാനം സ്ഥാപിക്കാൻ പ്രത്യേകം ശ്രമിക്കണം. ഇല്ലാത്ത കാരണങ്ങൾ പറഞ്ഞ് അപ്പനും അമ്മയും തമ്മിൽ ചീത്തപറയുകയും മററു കലാപങ്ങളുണ്ടാക്കുകയും ചെയ്യുന്നതു് കുട്ടികൾ കാണുന്നില്ലേന്നോ? ഓരോ ചലനങ്ങളും അവരുടെ ദൃഷ്ടികളിലും കണ്ണുകളിലും പതിക്കുന്നുണ്ട്. "തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക" എന്നുള്ള ദിവ്യനാഥന്റെ അമൂല്യപ്രബോധനത്തെ ഏററവും ലളിതമായ ഭാഷയിൽ ഒരമ്മ തന്റെ കുഞ്ഞിനെ ചൊല്ലിപ്പഠിപ്പിക്കുമ്പോൾ, തന്റെ പിതാവ്, ഒരു കീററുപുരയിടത്തിനുവേണ്ടി അയൽക്കാരനുമായി വഴക്കുണ്ടാക്കുന്നതാണ് അവൻ കാണുന്നതെങ്കിൽ അവന്റെ ചിന്ത എപ്രകാരമായിരിക്കും. ഏതാണ് അവന്റെ മനസ്സിൽ പതിയുന്നതു്? അമ്മയുടെ വാക്കുകളോ, അപ്പന്റെ പ്രവൃത്തിയോ? ഒരുപക്ഷേ ഒന്നും അവന്റെ മനസ്സിൽ പതിയുകയില്ലായിരിക്കാം. അടിസ്ഥാനമില്ലാത്ത ഏതെങ്കിലും ഒരു സ്വതന്ത്രചിന്ത അവന്റെ മനസ്സിൽനിന്നും ഉദിക്കുന്നു. ഒരുപക്ഷേ അതു് നല്ലതോ ചീത്തയോ ആയിരിക്കാം.


മക്കൾക്കു് കുടുംബങ്ങളിൽ ശരിയായ സ്വഭാവസംസ്കരണം സിദ്ധിച്ചെങ്കിൽ മാത്രമേ അവർ നന്നാകാൻ പോകുന്നുള്ളൂ. മാതാപിതാക്കൾ നല്ല മാതൃക കാണിക്കുകയാണെങ്കിൽ മക്കൾ അതു സ്വീകരിക്കും. നേരെ മറിച്ച് കുടുംബങ്ങളിൽ അസ്വസ്ഥമായ ഒരന്തരീക്ഷമാണ് അവർ സൃഷ്ടിക്കുന്നതെങ്കിൽ ആ അശുദ്ധവായു അവർ ശ്വസിക്കുകയും അവരങ്ങനെ അധഃപതനത്തിലേക്കു അനവരതം ആണ്ടുപോകുകയും ചെയ്യുമെന്നുള്ളതിൽ സംശയമില്ല.

ഇപ്രകാരം വ്യക്തികൾക്കു് കുടുംബങ്ങളിൽ ശരിയായ പരിശീലനം ലഭിച്ചില്ലെങ്കിൽ ലോകത്തിൽ സമാധാനമുണ്ടാകാൻ പോകുന്നില്ല. അങ്ങനെ വ്യക്തി കുടുംബത്തിനും തദ്വാരാ സമുദായത്തിനും രാഷ്ട്രത്തിനുംവേണ്ടി പരിശ്രമിക്കുകയാണെങ്കിൽ നമ്മുടെ ലോകം എങ്ങനെയുള്ളതായിരിക്കും! സമാധാനപൂർണ്ണവും, മനോഹരവുമായ ഒരു ലോകം!!

## ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഒരു വളവുതിരിഞ്ഞ് ഇടവഴിയിലേക്കു കേറുമ്പോഴാണ് കൂട്ടത്തിൽ നടക്കാനൊരാളെ കിട്ടിയതു്. വളരെ വിഷാദഭാവത്തിൽ



"ശരീരത്തിലെ ദുർഗ്ഗന്ധം മറച്ചുവയ്ക്കാൻ പൗഡറും സെൻറും പററിയതല്ല."

പതുക്കെപ്പതുക്കെ അടിവെച്ചാണു മാത്തുച്ചേട്ടൻ നടന്നിരുന്നതു്. കുശലാന്വേഷണം കഴിഞ്ഞ് എവിടെപ്പോയിരുന്നെന്ന എന്റെ ചോദ്യത്തിനു് മാത്തുച്ചേട്ടൻ മറുപടിപറയാൻ തുടങ്ങി.

"എന്റെ പൊന്നേ, ഇപ്പഴത്തെ പിള്ളേരുടെ ചെലവുനടത്താൻ സാധാരണക്കാർക്കു സാധിക്കില്ല. ആഴ്ചേല് മൂന്നു ജോഡി ഡ്രസ്സുവേണം. ഷൂസുവേണം. ടാഫ്ററാസിൽക്കിന്റെ കുടവേണം. പ്ലാസ്റ്റിക്കിന്റെ സഞ്ചിവേണം. പൈലട്ട് പേനകൊണ്ടേ എഴുതാവൂ. വെയിലത്തുവെക്കാൻ കറുത്ത കണ്ണടവേണം. പിന്നെ രണ്ടുഫർലോംഗുദൂരെ എവിടേക്കിലും ഒന്നു പോവാൻപറഞ്ഞാലപ്പോ വാടകസൈക്കിളിനുള്ള കാശും കൊടുത്തയക്കണം. നമുക്കു രണ്ടു കുട്ടികളുണ്ട്. അവരിയാണ്ടു് ഹൈസ്കൂളിലാ. വീട്ടിലെ സ്വൈര്യം കെടുത്തുകൊണ്ട്, ദാ, തുണികടംമേടിക്കാൻ നമ്മുടെ അതർമാൻകാക്കാടെ കടേപ്പോയിട്ടു വരാ ഞാൻ. ഈശ്വരാ, ഈ സാറന്മാരു വിചാരിച്ചെങ്കിലിപ്പിള്ളേരിങ്ങനെ കൊള്ളരുതാത്തവരായി തീരുമായിരുന്നോ!"

മാത്തുച്ചേട്ടന്റെ പരാതികേട്ടപ്പോൾ വാസ്തവത്തിൽ എനിക്കും ചില കുട്ടികളുടെ ശീലത്തെക്കുറി

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1